www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 14 | 2017 APRIL 15 | ₹ 10




# വിലാപങ്ങളൊടുങ്ങാത്ത സിറിയ

ഹദീസ് വിജ്ഞാനശാഖ: വളർച്ചയും ക്രോഡീകരണവും

നജീബിന്റെ ഉമ്മയും ജിഷ്ണുവിന്റെ അമ്മയും | ഉദ്ബോധനങ്ങളോടുള്ള സമീപനം

വേണം നമ്മുടെ പൊലീസിനൊരു പെരുമാറ്റച്ചട്ടം

# Let our children learn to live...

ACADEMY OF EXCELLENCE



## Features:

Admission only to standard V

- Well developed system of learning
- Educational guidance and support
- Life-long learning in focus
- Special focus for islamic studies
- In-service training for teachers
- Exam centres in Kerala and GCC countries
- Residential system
- Learning friendly environment
- Schooling @ premier public school affiliated to CBSE
- Self assessment approach of evaluation





**Call: 9496 60 69 60**

GREEN VALLEY INSTITUTIONS

Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode
E-mail: greenvalleyinstitutions@gmail.com
www.greenvalleycampus.org`

നേർപഥം
വാരിക

0014 / 2017 ഏപ്രിൽ 15 / 1438 റജബ് 18 / പുസ്തകം 01 / ലക്കം 14



# വിലാപങ്ങളൊടുങ്ങാത്ത സിറിയ

ആഷിക് ഷൗക്കത്ത് നിലമ്പൂർ / 10

**മുഖമൊഴി**
വേണം നമ്മുടെ പൊലീസിനൊരു പെരുമാറ്റച്ചട്ടം / 05
എഡിറ്റർ

**ക്വുർആൻ പഠനം**
ആരോഗ്യവും ഒഴിവുസമയവും / 06
ശമീർ മദീനി

**ബാലപഥം**
നല്ല അയൽക്കാരൻ / 19
ഉസ്മാൻ പാലക്കാഴി

**ഫത്‌വ**
നബിﷺയോട് സഹായം തേടാമോ? / 20
ലജ്നത്തുദ്ദാഇമ

**ഹദീസ് പാഠം**
വാർധക്യം ശാപമല്ല / 33
അബൂഫായിദ

**പാരന്റിംഗ്**
വൈവിധ്യം: വളർച്ചയിലും പങ്കാളിത്തത്തിലും / 28
അശ്റഫ് എകരൂൽ

**ലേഖനങ്ങൾ**
ഹദീസ് വിജ്ഞാനശാഖ / 07
അൻവർ ഹുസൈൻ

പ്രവാചകന്മാർ സത്യസന്ധർ / 14
ഹുസൈൻ സലഫി, ഷാർജ

അറിവുണ്ടായാൽ പോരാ...! / 18
പി.മുഹമ്മദ് ഇസ്ഹാക്വ്, മണ്ണാർക്കാട്

സ്രഷ്ടാവിന്റെ അനിഷ്ടം സമ്പാദിക്കുന്നവർ / 24
ശമീർ മുണ്ടേരി

നന്ദി കാണിക്കാതിരുന്നാൽ /26
മെഹബൂബ് മദനി

ഉദ്ബോധനങ്ങളോടുള്ള സമീപനം / 30
ത്വൽഹത്ത് സ്വലാഹി

കാപട്യത്തെ സൂക്ഷിക്കുക / 32
സി.പി. സ്വലാഹുദ്ദീൻ സ്വലാഹി

**നമുക്ക് ചുറ്റും**
നജീബിന്റെ ഉമ്മയും ജിഷ്ണുവിന്റെ അമ്മയും / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### സമ്പത്തും ദാനധർമങ്ങളും

സമ്പത്ത് എന്നത് കുമിഞ്ഞുകൂടാനുള്ളതല്ല. അത് സമ്പന്നതയുടെ ഉയർന്ന തലത്തിൽ നിന്ന് താഴ്ന്ന ദരിദ്രവിഭാഗങ്ങളിലേക്ക് ഒഴുകേണ്ട ഒന്നാണ്. ആ ഒഴുക്കിനെ തടയിടുന്ന ഘടകങ്ങളാണ് ധാരാളിത്തവും പിശുക്കും. ഇന്ന് കാണുന്ന മിക്ക സാമൂഹിക തിന്മകളുടെയും പിന്നിൽ സമ്പത്ത് മുഖ്യ പങ്കു വഹിക്കുന്നതായി നമുക്ക് കാണാൻ കഴിയും. ഉയർന്ന ജീവിതനിലവാരം പുലർത്തുന്നതിലുള്ള മാത്സര്യവും പലിശാധിഷ്ഠിത സമ്പദ്വ്യവസ്ഥയുടെ വിളയാട്ടവും സാമ്പത്തികരംഗത്തെ അടിമുടി നശിപ്പിച്ചു കൊണ്ടിരിക്കുന്നു. സമ്പത്ത് മനുഷ്യനെ അഹങ്കാരിയും ധിക്കാരിയുമാക്കിത്തീർക്കുന്നു.

ഇത്തരം ജീർണതകളിൽ നിന്നുള്ള മോചനമാണ് ദാനധർമങ്ങളിലുടെയും സകാത്ത് സംഭരണ വിതരണ സംവിധാനങ്ങളിലുടെയും കൈവരുന്നത്. ദാനധർമങ്ങൾക്ക് വളരെയേറെ പ്രാധാന്യമാണ് ഇസ്‌ലാം കൽപിക്കുന്നത്. ഇത്തരം അനുഷ്ഠാന കർമങ്ങളിലൂടെ മനുഷ്യന്റെ ആത്മീയ ജീവിതത്തിൽ മാത്രമല്ല സാമൂഹിക ജീവിതത്തിൽ വരെ മാറ്റങ്ങൾ പ്രകടമാക്കുന്നു.

ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി പറഞ്ഞു: "ഒരു കാരക്കയുടെ കഷ്ണമെങ്കിലും ദാനം ചെയ്തു നിങ്ങൾ നരകത്തെ സൂക്ഷിക്കുവിൻ." (ബുഖാരി)

മറ്റൊരു ഹദീസ് ഇപ്രകാരമാണ്. "ധർമ്മം ചെയ്തത് കാരണമായി ഒരു സ്വത്തിലും കുറവ് വന്നിട്ടില്ല. വിട്ടുവീഴ്ച കാരണമായി അല്ലാഹു ഒരാൾക്കും പ്രതാപം വർധിപ്പിക്കാതിരുന്നിട്ടില്ല. അല്ലാഹുവിനു ആരെങ്കിലും കീഴൊതുങ്ങിയാൽ അയാളെ അല്ലാഹു ഉയർത്തുക തന്നെ ചെയ്യും." (സ്വഹീഹ് മുസ്‌ലിം )

ഒരാൾ ദാനധർമങ്ങൾ ചെയ്യുന്നത മൂലം അയാളുടെ സമ്പത്തിൽ അത് ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുന്നില്ല മറിച്ച് അത് ഏതെങ്കിലും മാർഗത്തിലൂടെ അത്രതന്നെയോ അതിൽ കൂടുതലോ അയാളിലേക്ക് വന്നു ചേരുമെന്ന് സാരം.

ദാനധർമങ്ങൾക്ക് ഊന്നൽ നൽകുന്ന നിരവധി വചനങ്ങൾ ഖുർആനിൽ നമുക്ക് കാണാൻ കഴിയും.

"എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന്നു നാം ഏറ്റവും എളുപ്പമായതിലെക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്" (92:5-7).

മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു . "അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവു ചെയ്യുക.(പിശുക്കും ഉദാസീനതയും മൂലം) നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്. നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നന്മ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെ ചെയ്യും." (അൽ ബഖറ: 195 )

ഇത് പോലുള്ള നിരവധി വചനങ്ങൾ ഖുർആനിലുടനീളം കാണാൻ കഴിയും.ഇവയെല്ലാം തെളിയിക്കുന്നത് സാമ്പത്തിക അച്ചടക്കം പാലിക്കാതെ ഒരു മുസ്‌ലിമിന് തന്റെ ജീവിതം മുന്നോട്ട് നീക്കൽ അസാധ്യം തന്നെയാണ്.

## MSM സംസ്ഥാനതല അവധിക്കാല ക്യാമ്പുകൾ

**1) റിലീജിയസ് സ്കൂൾ**

SSLC പഠനം പൂർത്തിയാക്കിയ ആൺകുട്ടികൾക്ക് സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന സഹവാസ ക്യാമ്പ് റിലീജിയസ് സ്കൂൾ ഏപ്രിൽ 13 മുതൽ 20 എടത്തനാട്ടുകര ദാറുൽ ഖുർആനിൽ.

For Registration : 9747600123

**2) വിഷൻ ഫോർ ബോയ്സ്**

+2 പഠനം പൂർത്തിയാക്കിയ ആൺകുട്ടികൾക്ക് സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന സപ്തദിന സഹവാസ ക്യാമ്പ് വിഷൻ മെയ് 11 മുതൽ 17 വരെ തിരൂർ ആലത്തിയൂർ ദാറുൽ ഖുർആനിൽ.

For Registration : 9961957028

**2) വിഷൻ ഫോർ ഗേൾസ്**

SSLC/+2 പഠനം പൂർത്തിയാക്കിയ പെൺകുട്ടികൾക്ക് സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന സഹവാസ ക്യാമ്പ് വിഷൻ. മെയ് 2 മുതൽ 6 വരെ പെരിന്തൽമണ്ണയിൽ.

For Registration : 9544996116

MSM State School Wing

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, Kozhikod
mail@nerpatham.com,www.nerpatham.com

മുഖമൊഴി

# വേണം നമ്മുടെ പൊലീസിനൊരു പെരുമാറ്റച്ചട്ടം

**മാ**ടമ്പിമാരും നാട്ടുപ്രമാണിമാരുമായിരുന്നു, രണ്ട് ശതാബ്ദങ്ങൾക്ക് മുമ്പ് വരെ നാട്ടിലെ പൊലീസ് അധികാരം കയ്യാളിയിരുന്നത്. ദേശകാവൽക്കാർ, പാർവത്യക്കാർ, തഹസിൽദാർമാർ എന്നിങ്ങനെയായിരുന്നു അന്നത്തെ തിരുവിതാംകൂറിലെ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള കൃത്യനിർവഹണക്കാർ. പൊതുവെ ജൻമി-കുടിയാൻ മനോഭാവത്തിൽ നിന്ന് മുക്തമല്ലാത്ത ഒരു നാട്ടിൽ സ്വജന പക്ഷപാതം, പരപീഡനം, ഗുണ്ടായിസം എന്നിവക്കൊന്നും മറ്റു വഴികൾ തേടേണ്ടതില്ലായിരുന്നു. ഭരണാധികാരികൾ തങ്ങളുടെ ഇംഗിതങ്ങൾ പ്രയാസരഹിതമായി നടപ്പാക്കാനുള്ള വേട്ടപ്പട്ടികളായിട്ടായിരുന്നു ഒരു പരിധി വരെ ഈ മൂന്ന് വിഭാഗക്കാരെയും ഉപയോഗിച്ചിരുന്നത്.

കാലം മാറി. പൊലീസിന്റെ ഘടനയിലും ഡ്രസ്സിംഗ് കോഡിലും സാരമായ മാറ്റങ്ങൾ സംഭവിച്ചു. പക്ഷേ, മട്ടും ഭാവവും കണ്ടാൽ പഴയ നാടുവാഴി പാർവത്യക്കാരിൽ നിന്ന് ഏറെയൊന്നും പുരോഗമിച്ചിട്ടില്ല നമ്മുടെ പൊലീസും എന്ന് ബോധ്യമാവുന്ന തരത്തിലാണ് കേരളത്തിലെ ഏറ്റവും പുതിയ ആഭ്യന്തര നടപടികളെ കുറിച്ചുള്ള വാർത്തകളെല്ലാം നമ്മെ കൊണ്ടെത്തിക്കുന്നത്.

ഫീസ് നൽകി പഠിക്കുന്ന സ്ഥാപനത്തിലെ ദുഃസ്സഹമായ പീഡനത്തിൽ മനംനൊന്ത് ഒരു കൗമാരക്കാരൻ ആത്മഹത്യ ചെയ്യുക, കുറ്റക്കാരൻ സ്വൈര്യവിഹാരം നടത്തുക, പ്രതിഷേധിച്ച ഇരയുടെ അമ്മയെ നടുറോഡിലൂടെ വലിച്ചിഴച്ച് കൊണ്ടുപോയി അറസ്റ്റ് ചെയ്യുക, അതിനെ ചോദ്യം ചെയ്തവരെ മൃഗീയമായി തല്ലിച്ചതയ്ക്കുക... കേട്ടുകേൾവിയില്ലാത്ത കിരാത നടപടികളാണ് ഏതാനും ദിവസങ്ങൾക്കുള്ളിൽ കേരളത്തിൽ അരങ്ങേറിയത്.

പക്ഷപാതപരമായി യു.എ.പി.എ ചുമത്തലും അന്യായമായ അറസ്റ്റുകളും പേടിപ്പെടുത്തുന്ന റെയ്ഡ് മഹാമഹങ്ങളും നടത്തി രാജ്യത്തെ ഭീതിയുടെ മുൾമുനയിൽ നിർത്തിയതും ഇതേ പൊലീസ് സേന തന്നെയായിരുന്നു.

1809ൽ കാവൽക്കാർ എന്ന പേരിൽ ദിവാൻ ഉമ്മിണിത്തമ്പിയുടെ നേതൃത്വത്തിൽ പൊലീസ് സേന രൂപീകരിച്ചപ്പോഴും 1814ൽ റാണി പാർവതീ ഭായിയുടെ കാലത്ത് റസിഡന്റായിരുന്ന കേണൽ മൺറോ പൊലീസ് വകുപ്പ് പരിഷ്കരിച്ചപ്പോഴും 1847ലെ ഒന്നാം റെഗുലേഷനിലും 1854ലെ രണ്ടാം റെഗുലേഷനിലും 1861ലെ ശാസ്ത്രീയമായ പൊലീസ് സേനയുടെ രൂപീകരണത്തിലും ദിവാൻ രാമയ്യങ്കാരുടെ റിപ്പോർട്ട് പ്രകാരം 1881ൽ നിലവിൽ വന്ന പരിഷ്കരണത്തിലും തുടർന്നങ്ങോട്ട് 1960ലെ പ്രഥമ ഇ.എം.എസ് ഗവൺമെന്റിന്റെ പൊലീസ് ചട്ടത്തിലും ഈയിടെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പുറത്ത് വന്ന ജനകീയ പൊലീസ് രൂപീകരണത്തിലുമെല്ലാം ആവർത്തിച്ച് പറഞ്ഞ പൊലീസ് നയമെന്നത് ജനസേവനവും വ്യക്തി, ശക്തികൾ പരിഗണിക്കാതെയുള്ള നീതി നിർവഹണവുമായിരുന്നു.

എന്നാൽ ഭരിക്കുന്ന പാർട്ടിയുടെ കിങ്കരൻമാരാണ് പൊലീസ് എന്ന പഴയ നാടുവാഴിബോധത്തിൽ നിന്ന് അരയിഞ്ച് മുന്നോട്ട് നീങ്ങിയിട്ടില്ല ഇന്നും നമ്മുടെ പൊലീസ് സേന എന്നതിന് വർത്തമാന സംഭവവികാസങ്ങൾ സാക്ഷിയാണ്.

രാജ്യത്തിന്റെ സാമൂഹികഭദ്രതക്കും പരസ്പര ഐക്യത്തിനും കെട്ടുറപ്പുള്ള നിയമ സംവിധാനങ്ങൾക്കുമെല്ലാം പൊലീസിന്റെ ക്രിയാത്മകവും നിഷ്പക്ഷവുമായ കൃത്യനിർവഹണം അനിവാര്യമാണ്. എവിടെ അത് കൈമോശം വരുന്നുവോ അവിടെ പൗരൻമാർ നിയമം കയ്യിലെടുക്കുകയും രാജ്യത്ത് അരാജകത്വം നടമാടുകയും ചെയ്യും. അത്തരമൊരു സ്ഥിതിവിശേഷത്തിലേക്ക് നാട് നടന്നടുക്കേണ്ടതില്ല എങ്കിൽ ഉത്തരവാദപ്പെട്ടവർ ക്രാന്തദർശിത്വത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്.

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# ആരോഗ്യവും ഒഴിവുസമയവും നഷ്ടപ്പെടുത്താതിരിക്കുക

**"പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും"**
**(ക്വുർആൻ 102:8)**

ആരോഗ്യം ഒരു മഹത്തായ അനുഗ്രഹമാണ്. രോഗാവസ്ഥയിൽ കഷ്ടപ്പെടുന്നവരെ കാണുന്ന ഓരോരുത്തർക്കും ഇത് തിരിച്ചറിയാൻ സാധിക്കും. പ്രാഥമിക കൃത്യങ്ങൾ പോലും സ്വന്തമായി നിർവഹിക്കുവാൻ സാധിക്കാതെ മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരിക എന്നത് എന്തുമാത്രം പ്രയാസകരമാണ്! രോഗികളെ സന്ദർശിക്കൽ പുണ്യമാണെന്ന് പഠിപ്പിച്ച പ്രവാചകന്റെ ചര്യ പ്രാവർത്തികമാക്കുന്നവരെ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ആരോഗ്യമെന്ന അനുഗ്രഹത്തെക്കുറിച്ച് പ്രത്യേകം പറഞ്ഞറിയിക്കേണ്ടി വരില്ല. പക്ഷേ, ഈ അനുഗ്രഹം യഥേഷ്ടം അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന നമ്മൾ ഈ അനുഗ്രഹങ്ങളുടെ ദാതാവിനെക്കുറിച്ച് ഓർക്കുവാനോ നന്ദി കാണിക്കുവാനോ പലപ്പോഴും തയാറാകുന്നില്ല എന്നതാണ് വാസ്തവം. ഇതെല്ലാം നൽകിയ അല്ലാഹു നമ്മെ എൽപിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റുക എന്നതാണ് നമ്മൾ ചെയ്യുന്ന നന്ദി.

തൻെറ യുവത്വവും ആരോഗ്യവും ഏതു മാർഗത്തിൽ ചെലവഴിച്ചു എന്ന് ചോദ്യം ചെയ്യപ്പെടാതെ ഒരാൾക്കും പരലോകത്ത് തൻെറ പാദങ്ങൾ മുന്നോട്ടു വെക്കാൻ കഴിയില്ല എന്ന പ്രവാചക വചനം നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്.

ആരോഗ്യത്തിൻെറ ധർമം, അത് നൽകിയ സ്രഷ്ടാവിൻെറ നിർദേശാനുസരണം അത് വിനിയോഗിക്കുക എന്നതാണ്. ദൈവമാർഗത്തിൽ തൻെറ ആരോഗ്യം ചെലവഴിക്കൽ പ്രധാനമാണ്. നമ്മുടെ കായികമായ സഹായം വേണ്ടവർക്ക് അതു ചെയ്തു കൊടുക്കണം. നല്ല ഏതു കാര്യത്തിലും നമ്മളാൽ കഴിയുന്ന സഹായം മറ്റുള്ള മനുഷ്യർക്ക് ചെയ്തുകൊടുക്കണം. നന്മ കൽപിക്കുന്നതിലും തിന്മയെ തടയുന്നതിലുമെല്ലാം നമ്മുടേതായ പങ്ക് നമ്മൾ വഹിക്കണം.

ഇതിനൊന്നും സന്നദ്ധതയില്ലാത്തവർ തിരിച്ചറിയുക; ആരോഗ്യവും യൗവനവുമൊന്നും നിത്യമല്ല. രോഗവും വാർധക്യവുമെല്ലാം ചിലർക്കു മാത്രം വരുന്നതല്ല. ദുരിതപൂർണമായ രോഗവാവസ്ഥ തനിക്കു വന്നാലുള്ള അവസ്ഥയെക്കുറിച്ചോർക്കുക.

പലരും ശ്രദ്ധിക്കാതെ, പരിഗണിക്കാതെ പോകുന്ന മറ്റൊരു അനുഗ്രഹമാണ് ഒഴിവുസമയം. നബിﷺ പറഞ്ഞു: "രണ്ട് അനുഗ്രഹങ്ങളുടെ കാര്യത്തിൽ മനുഷ്യരിൽ അധികപേരും പരാജിതരാണ്. ആരോഗ്യവും ഒഴിവുസമയവുമത്രെ അവ" (ബുഖാരി).

അവധിക്കാല ദിവസങ്ങൾ എങ്ങനെ വിനിയോഗിച്ചു എന്ന് വിലയിരുത്തുക. അതല്ലാത്ത കാലങ്ങളിൽ ഒഴിവുസമയം കിട്ടുമ്പോൾ താൻ ആ സമയം എങ്ങനെ ചെലവഴിച്ചു എന്ന് ചിന്തിക്കുക. പറയത്തക്കതായ നല്ല കാര്യങ്ങളൊന്നും ചെയ്യാതെ സമയം തുലച്ചുകളഞ്ഞു എന്നായിരിക്കും പലർക്കും കണ്ടെത്താൻ കഴിയുക. സമയമാണ് ജീവിതം. അതിനാൽ അമൂല്യമായ സമയത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. വിശ്രമത്തിനിടയില്ലാത്ത ജോലിത്തിരക്കുകളുണ്ടാകുമ്പോഴാണ് ഒഴിവുസമയത്തിൻെറ വിലയറിയുക.

നബിﷺ പറഞ്ഞു: അഞ്ചുകാര്യങ്ങൾക്ക് മുമ്പായി അഞ്ചു കാര്യങ്ങൾ നന്മയിൽ ഉപയോഗപ്പെടുത്തുക; മരണത്തിനു മുമ്പ് ജീവിതത്തെ, രോഗത്തിനുമുമ്പ് ആരോഗ്യത്തെ, തിരക്കിനുമുമ്പ് ഒഴിവുസമയത്തെ, വാർധക്യത്തിനു മുമ്പ് യുവത്വത്തെ, ദാരിദ്ര്യത്തിനു മുമ്പ് സമ്പന്നതയെ" (അഹ്മദ്, ഹാകിം).

"പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും" എന്ന ക്വുർആൻ സൂക്തം വിശ്വാസികളെ ചിന്തിപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് ഓരോ നിമിഷവും നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. ഈ അനുഗ്രഹങ്ങളോട് നാം എങ്ങനെ പ്രതികരിച്ചുവെന്നതിനെപ്പറ്റി അല്ലാഹു നാളെ നമ്മെ ചോദ്യം ചെയ്യും. അതിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ആർക്കും കഴിയില്ല. അല്ലാഹു അനുഗ്രഹിക്കട്ടെ.

അൻവർ ഹുസൈൻ
mail@nerpatham.com

ലേഖനം



# ഹദീസ് വിജ്ഞാനശാഖ വളർച്ചയും ക്രോഡീകരണവും

അല്ലാഹുവിന്റെ ക്വുർആൻ കഴിഞ്ഞാൽ ഇസ്‌ലാമിക ശരീഅത്തിന്റെ രണ്ടാമത്തെ അടിസ്ഥാനമാണ് ഹദീഥ്. അത് ക്വുർആനിന്റെ വിശദീകരണം കൂടിയാണ്. അല്ലാഹു പറയുന്നു: "വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു). നിനക്ക് നാം ഉദ്ബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും. അവർ ചിന്തിക്കാൻ വേണ്ടിയും" (സൂറഃ അന്നഹ്ൽ: 44).

ക്വുർആനിലെ അധിക വചനങ്ങളും അതിന്റെ ഉദ്ദേശം വ്യക്തമാക്കുന്ന തരത്തിൽ വിശദീകരണത്തിന് ആവശ്യമായ നിലക്കാണ് അവതരിച്ചിട്ടുള്ളത്. പ്രവാചകൻﷺ അതിന്റെ വിശദീകരണം വഹ്‌യിന്റെ അടിസ്ഥാനത്തിൽ തന്നെ നൽകുകയും ചെയ്തു. ഉദാഹരണത്തിന്, നമസ്‌കാരം നിർവഹിക്കണം എന്ന് ക്വുർആനിൽ പല തവണ വന്നിട്ടുണ്ട്. എന്നാൽ അതിന്റെ രൂപം, അതിന്റെ റക്അത്തിന്റെ എണ്ണം എന്നിവ ക്വുർആനിലില്ല. പ്രവാചകന്റെ ഹദീഥുകളിലാണ് അത് വിവരിക്കുന്നത്. സകാത്ത് കൊടുക്കാനുള്ള കൽപന ക്വുർആനിൽ കാണാം. എന്നാൽ അതിന്റെ കണക്കും തോതുമൊന്നും ക്വുർആൻ വിശദീകരിക്കുന്നില്ല. അത് പ്രവാചകൻﷺ ഹദീഥിലൂടെയാണ് വ്യക്തമാക്കിത്തന്നത്.

#### ഹദീഥിനെ പരിഗണിക്കേണ്ട നിബന്ധന

ക്വുർആൻ അംഗീകരിക്കുന്നുവെങ്കിൽ പ്രവാചകനെ അനുസരിക്കൽ മുസ്‌ലിമിന് നിർബന്ധമാണ്. മാത്രമല്ല, പ്രവാചകനെ പിൻപറ്റൽ അല്ലാഹുവിനെ സ്‌നേഹിക്കുന്നതിന്റെ അടയാളമാണ്. അല്ലാഹു പറയുന്നു: "(നബിയേ) പറയുക: നിങ്ങൾ അല്ലാഹുവെ സ്‌നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്‌നേഹിക്കുകയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും, കരുണാനിധിയുമത്രെ" (സൂറഃ ആലുഇംറാൻ:31).

പ്രവാചകൻﷺ അനുചരന്മാർക്ക് ക്വുർആനിന്റെ വിധികൾ വിവരിച്ചുകൊടുക്കുകയും അവർക്കിടയിലുള്ള തർക്കവിഷയങ്ങളിൽ വിധികൽപിക്കുകയും അവരെ നന്മകൊണ്ട് കൽപിക്കുകയും തിന്മകൊണ്ട് വിരോധിക്കുകയും നല്ലതിനെ അനുവദനീയമാക്കുകയും മ്ലേഛമായതിനെ നിഷിദ്ധമാക്കുകയും അത് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുമായിരുന്നു. റസൂലിന് പ്രത്യേകമല്ലാത്ത എല്ലാ കാര്യങ്ങളിലും അവർ അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യും. നബി(സ)യുടെ വാക്കും പ്രവർത്തിയും മൗനാനുവാദവും അവർ മതത്തിന്റെ നിയമങ്ങളായി പരിഗണിച്ചു. പ്രവാചകന്റെ ജീവിതകാലത്തോ അതിന് ശേഷമോ അവരിൽ ആരും അതിൽ ഭിന്നിപ്പ് പ്രകടിപ്പിച്ചിരുന്നില്ല. പ്രവാചകന്റെ സുന്നത്തിനോട് എതിർപ്പ് കാണിക്കുന്നവർക്ക് അദ്ദേഹം കടുത്ത ഭാഷയിൽ തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു.

**സ്വഹാബികൾ**

നബിﷺയുടെ കാലത്ത് വ്യാപകമായ രീതിയിൽ ഹദീഥുകൾ എവിടെയും എഴുതിവെക്കപ്പെട്ടിട്ടില്ല; ചില പ്രമുഖ സ്വഹാബിമാർ മാത്രമാണ് എഴുതി വെച്ചത്. അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്ؓ ന്റെ അടുക്കൽ ഹദീഥുകൾ എഴുതിവെക്കപ്പെട്ടതായിട്ട് സ്ഥിരപ്പെട്ടിട്ടുണ്ട്.


“അബൂഹുറയ്റؓയിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു:“എന്നെക്കാൾ കൂടുതലായി റസൂലിന്റെ ഹദീഥുകൾ അറിയുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല; അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ് ഒഴികെ. അദ്ദേഹം റസൂലിന്റെ ഹദീഥുകൾ എഴുതിവെക്കാറുണ്ടായിരുന്നു. ഞാൻ എഴുതിവെക്കാറില്ലായിരുന്നു.”

റസൂലിൽ നിന്ന് കേൾക്കുന്ന ഹദീഥുകൾ സ്വന്തമായി കുറിച്ചിടുന്ന ചില സ്വഹാബിമാർ ഉണ്ടായിരുന്നു. അവർ വളരെ വിരളമായിരുന്നു. അലിؓവിന്റെ അടുക്കലും ഹദീഥുകൾ എഴുതിയ ഏടുകൾ ഉണ്ടായിരുന്നതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

നബിﷺ ചില ഗവർണർമാരിലേക്ക് ആട്, മാട്, ഒട്ടകങ്ങൾക്കുള്ള സകാത്തിന്റെ കണക്ക് രേഖപ്പെടുത്തി എഴുതി കൊടുത്തയച്ചു എന്നും സ്ഥിരപ്പെട്ടതായി കാണുവാൻ സാധിക്കും. എങ്കിലും ഇതെല്ലാം അപ്പോഴുള്ള ഒരു ആവശ്യത്തിന് മാത്രമായിരുന്നു. വാമൊഴിയായി പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനുമാണ് സ്വഹാബിമാർ പ്രാധാന്യം നൽകിയത്.

വളരെ ക്ഷമയോട് കൂടി ഹദീഥുകൾ സ്വീകരിക്കുവാനും അതേപോലെ മനഃപാഠമാക്കി സൂക്ഷിക്കുവാനും അതിൽ അടങ്ങിയ വിജ്ഞാനങ്ങൾ മനസ്സിലാക്കുവാനും അല്ലാഹു സ്വഹാബിമാർക്ക് കഴിവ് നൽകി അനുഗ്രഹിച്ചു. അവരായിരുന്നല്ലോ ഈ ദീനിന്റെ വജ്രായുധങ്ങൾ. ഹദീഥുകൾ ക്രോഡീകരിച്ച് ഒരു ഗ്രന്ഥരൂപത്തിൽ ആക്കുന്നതിൽനിന്ന് അവരെ തടഞ്ഞ ചില കാരണങ്ങൾ വിവരിക്കാം:

1. ജിബ്രീൽ മുഖേന റസൂലിനു ലഭിക്കുന്ന ക്വുർആൻ വചനങ്ങൾ പഠിക്കുന്നതിലും മനസ്സിലാക്കുന്നതിലും മനഃപാഠമാക്കുന്നതിലും അതിന്റെ വിധിവിലക്കുകൾ മനസ്സിലാക്കി ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലും അത് പാരായണം ചെയ്യുന്നതിലും അത് പരസ്പരം കൈമാറുന്നതിലുമായിരുന്നു സ്വഹാബിമാരുടെ ഏറ്റവും വലിയ ശ്രദ്ധ.




2. ആദ്യകാലത്ത് ഹദീഥുകൾ എഴുതിവെക്കുന്നത് വിലക്കപ്പെട്ടിരുന്നു. എഴുതിവെക്കപ്പെട്ടതിന് ശേഷം അത് ക്വുർആനുമായി കൂടിക്കലരുമോ എന്ന ഭയം കാരണമായിരുന്നു അത്.

3. അറബികൾ ഭൂരിപക്ഷവും നിരക്ഷരായത് കൊണ്ട് തന്നെ അവർ ഒരു അറിവ് സൂക്ഷിക്കാൻ ഉദ്ദേശിച്ചാൽ അവരുടെ ബുദ്ധിയെയാണ് ആസ്പദിച്ചിരുന്നത്. അത് കൊണ്ട് തന്നെ അവർ അത് മനഃപാഠമാക്കുമായിരുന്നു. ഇതിനാൽ തന്നെ ഹദീഥ് ക്രോഡീകരണം അവർക്ക് ആവശ്യമായിരുന്നില്ല.

4. ക്വുർആനിനെ പറ്റി പഠിക്കുന്നതും അത് മനസ്സിലാക്കുന്നതും അത് പഠിപ്പിക്കുന്നതിലും ഉള്ള സ്വഹാബിമാരുടെ ഉത്സാഹവും പ്രയത്നവും ഹദീഥിലേക്ക് തിരിയും എന്നൊരു ഭയവും നിലനിന്നിരുന്നു. ഉമർؓവിൽ നിന്നും നിവേദനം: ഉമർؓ റസൂലിന്റെ ഹദീഥ് എഴുതാൻ ഉദ്ദേശിക്കുകയും പ്രമുഖ സ്വഹാബിമാരുമായി ചർച്ച നടത്തുകയും ചെയ്തു.

റസൂലിന്റെ കാലത്ത് സ്വഹാബിമാർ ഹദീഥ് മനഃപാഠമാക്കുന്നതിൽ സംതൃപ്തി കണ്ടെത്തുകയും അത് വാമൊഴിയായി പകർന്ന്കൊടുക്കുകയും ചെയ്ത്കൊണ്ടിരുന്നു. അവരിൽ ചിലർ ഹദീഥ് പഠിക്കാനായി തന്നെ മാറിയിരുന്നു. റസൂലിന്റെ സന്തത സഹചാരികളായി വർത്തിക്കുകയും അദ്ദേഹത്തിന്റെ ഓരോ വാക്കും പ്രവൃത്തിയും ചലനങ്ങളും സൂക്ഷ്മമായി വീക്ഷിച്ച് ഹൃദിസ്ഥമാക്കി പിൻഗാമികൾക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു.

**താബിഉകളുടെ കാലഘട്ടം**

അറിവിന്റെ നാശത്തെക്കുറിച്ചും ജ്ഞാനികളുടെ മരണത്തെക്കുറിച്ചും വിവേകമതികളിൽ ഭയപ്പാട് തുടങ്ങി. മുൻപന്തിയിൽ തന്നെ ഉമർ ബിൻ അബ്ദിൽ അസീസ്ؓ ഉണ്ടായിരുന്നു. അദ്ദേഹം അബൂബക്കർ ഇബ്നു ഹസ്മിന് ഒരു കത്തെഴുതി. അതിൽ ഇങ്ങനെ

കുറിച്ചിരുന്നു: "റസൂലിന്റെ ഹദീഥിനെ കണ്ടെത്തി എനിക്ക് എഴുതിത്തരണം. തീർച്ചയായും ഞാൻ വിജ്ഞാനത്തിന്റെ നാശത്തെയും ജ്ഞാനികളുടെ മരണത്തെയും ഭയപ്പെടുന്നു" (ബുഖാരി: 1/194).

ഉമറുബ്നു അബ്ദിൽ അസീസ് ഹദീഥ് ക്രോഡീകരിക്കാൻ ഉലമാക്കളോട് ആവശ്യപ്പെട്ടു. ഹദീഥ് ക്രോഡീകരിക്കുന്നതിൽ സ്വഹാബത്തിന്റെ കാലത്തുണ്ടായ ഭയം അത് ക്വുർആനുമായി കൂടിച്ചേരുമോ എന്നതായിരുന്നല്ലോ. എന്നാൽ ആ ഭയത്തിൽ നിന്നും അദ്ദേഹം ഒഴിവായിരുന്നു. കാരണം, അന്ന് ക്വുർആൻ ക്രോഡീകരിക്കപ്പെട്ടിരുന്നു. ഹദീഥ് ക്രോഡീകരണം എന്ന ആവശ്യത്തിന് ആദ്യമായി മറുപടി നൽകിയത് ഇമാം മുഹമ്മദ്ബ്നു മുസ്‌ലിമുബ്നു ഷിഹാബുസ്സുഹ്‌രിയായിരുന്നു. അങ്ങനെ ലോകത്ത് ആദ്യമായി ഔദ്യോഗിക രീതിയിൽ റസൂലിന്റെ മുത്തുമൊഴികൾ ക്രോഡീകരിക്കപ്പെട്ടു. അതിന്റെ ഓരോ കോപ്പി വീതം ഉമറുബ്നു അബ്ദിൽ അസീസ് നാടിന്റെ പല ഭാഗങ്ങളിലേക്കും അയച്ച് കൊടുത്തു.

**തബഉത്താബിഉകളുടെ കാലത്ത്**

ഇമാം സുഹ്‌രിക്ക് ശേഷമുള്ള തലമുറയിൽ ഹദീഥ് ക്രോഡീകരണം വ്യാപകമായി വളർന്നു. ഇസ്‌ലാമിന്റെ നെടുംതൂണുകളായ രണ്ടാം നൂറ്റാണ്ടിലെ പണ്ഡിതന്മാർ ഹദീഥ് ക്രോഡീകരണത്തിൽ തങ്ങളുടേതായ മുദ്ര പതിപ്പിച്ചു. റസൂലിന്റെ ഹദീഥിനോടൊപ്പം സ്വഹാബികളുടെ വാക്കുകളും താബിഉകളുടെ ഫത്‌വകളും അവർ സമാഹരിച്ചു. അവരിൽ പ്രമുഖർ ഇമാം മാലിക് മദീന, ഇബ്നു ദുറൈജ് മക്ക തുടങ്ങിയവരായിരുന്നു.

അടുത്ത തലമുറയിൽ ഹദീഥിന്റെ ക്രോഡീകരണം അതിന്റെ ഉന്നതിയിലെത്തി. സ്വഹാബാക്കളുടെ വാക്കുകളും താബിഉകളുടെ ഫത്‌വകളും പൂർണമായും മാറ്റിനിറുത്തി റസൂലിന്റെ ഹദീഥ് മാത്രം ക്രോഡീകരിക്കപ്പെട്ടു. രണ്ടു രീതിയിലാണ് ഈ കാലഘട്ടത്തിൽ ഹദീഥ് ക്രോഡീകരിക്കപ്പെട്ടത്.

**1. ബാബുകളുടെ (അധ്യായം) അടിസ്ഥാനത്തിൽ.**

കർമശാസ്ത്ര വിധികളുടെ അടിസ്ഥാനത്തിൽ ഹദീഥുകളെ ക്രോഡീകരിക്കുകയും ഓരോന്നിനും പ്രത്യേക തലക്കെട്ട് നൽകി വിഭാഗങ്ങളായി തിരിക്കുകയും ചെയ്യുന്ന രീതി.

ഈ രീതിയിലുള്ള ക്രോഡീകരണത്തിൽ പ്രസിദ്ധമായിട്ടുള്ള കിതാബുകളാണ് ബുഖാരി, മുസ്‌ലിം, തിർമിദി, നസാഇ, അഹ്മദ് തുടങ്ങിയവ.

**2. നിവേദകരുടെ അടിസ്ഥാനത്തിൽ.**

ഹദീഥിന്റെ ഉള്ളടക്കത്തിലേക്ക് നോക്കാതെ റിപ്പോർട്ട് ചെയ്യുന്ന സ്വഹാബിയെ മാത്രം നോക്കി ഓരോ സ്വഹാബിയുടെയും ഹദീസുകൾ ക്രോഡീകരിക്കുക. ഈ രീതിയിൽ ക്രോഡീകരിക്കപ്പെട്ടതിൽ പ്രസിദ്ധമായ ഹദീഥ് ഗ്രന്ഥങ്ങൾ മുസ്നദ് ഇമാം അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് അബീദാവൂദ് അത്ത്വയാലിസി, മുസ്നദ് ഇസ്ഹാഖ് ബിൻ റാഹവൈഹി, മുസ്നദ് അബ്ദി ബിൻ ഹുമൈദ് എന്നിവയാണ്.




ഈ ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥങ്ങളെല്ലാം (ബുഖാരി, മുസ്‌ലിം ഒഴികെ) സ്വഹീഹായ ഹദീഥുകളുടെയും ദുർബലമായ ഹദീഥുകളുടെയും ഇടയിൽ വേർതിരിവ് കാണിച്ചില്ല. രണ്ടും അവർ ഗ്രന്ഥങ്ങളിൽ ചേർത്തു.

ഇമാം ബുഖാരിയും ശിഷ്യൻ മുസ്‌ലിമും തങ്ങളുടെ കിതാബിൽ സ്വഹീഹായ ഹദീഥുകൾ മാത്രമെ ക്രോഡീകരിക്കുകയുള്ളൂ എന്ന് ദൃഢനിശ്ചയം ചെയ്യുകയും അതിനോട് നീതിപാലിക്കുകയും ചെയ്തു. അവർക്ക് ശേഷമുള്ള ഇമാമുമാർ ഇവരുടെ പാത പിന്തുടർന്നു. തങ്ങളുടെ ഗ്രന്ഥങ്ങളിൽ സ്വഹീഹായ ഹദീഥ് മാത്രം ക്രോഡീകരിച്ചു. അവരിൽ പ്രമുഖർ ഇമാം ഇബ്നു ഖുസൈമ, ഇമാം ഇബ്നു ഹിബ്ബാൻ, ഇമാം ഹാകിം അന്നയ്സാബൂരി എന്നിവരാണ്. പക്ഷേ, ഇവരിൽ ഹദീഥ് സ്വഹീഹാണെന്ന് വിശേഷിപ്പിക്കുന്നതിൽ അലംഭാവം (തസാഹുൽ) സംഭവിച്ചിട്ടുണ്ടെന്ന് ഇമാമീങ്ങൾ രേഖപ്പെടുത്തുന്നു. ഹാകിം അന്നയ്സാബൂരിക്കാണ് ഏറ്റവും കൂടുതൽ തസാഹുൽ സംഭവിച്ചത്. ഇബ്നുഹിബ്ബാനും ഇബ്നുഖുസൈമക്കും താരതമ്യേന കുറവും.

രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ ഏറ്റവും ബൃഹത്തായത് ഇമാം മാലികിന്റെ മുവത്വയാണ്.

**അൽ കുതുബുൽ മസാനീദ്**


മസാനീദുകൾ: ഹദീഥ് ഗ്രന്ഥങ്ങളിൽ മുസ്നദുകൾ എന്ന് പറയപ്പെടുന്ന ഗ്രന്ഥങ്ങളെ നമുക്ക് കാണാൻ സാധിക്കും. രണ്ടർഥത്തിൽ മുസ്നദ് എന്ന് വിളിക്കപ്പെടുന്നു:

ഒന്ന്. പരമ്പര സ്വഹാബി റസൂലിലേക്ക് ചേർത്ത് പറഞ്ഞ ഹദീഥുകളെ പണ്ഡിതന്മാർ മുസ്നദ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ബുഖാരിയുടെ അൽ ജാമിഉ സ്സ്വഹീഹ് മുസ്നദ്, മുസ്നദ് ദാരിമി, സ്വഹീഹു ഇബ്നു ഖുസൈമ, സ്വഹീഹു ഇബ്നു ഹിബ്ബാൻ തുടങ്ങിയവ ഉദാഹരണം.

രണ്ട്. സ്വഹാബിമാരുടെ പേരുകളുടെ അടിസ്ഥാനത്തിൽ ഹദീഥ് ക്രോഡീകരിച്ച ഗ്രന്ഥങ്ങൾ. മുസ്നദ് ഇമാം അഹ്മദ്, മുസ്നദ് അബീ യഅ്ലാ എന്നിവ പോലുള്ളത്. ●

ആഷിക് ഷൗക്കത്ത് നിലമ്പൂർ
toashiq@gmail.com

കവർ സ്റ്റോറി



# വിലാപങ്ങളൊടുങ്ങാത്ത സിറിയ

**സി**റിയയുടെ മണ്ണിന് ചോരയുടെ നിറമുണ്ട്. സിറിയയിൽ നിന്ന് വീശുന്ന കാറ്റിന് ഗന്ധകത്തിന്റെ മണമുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും നിലവിളി നിലയ്ക്കാത്ത, കണ്ണീരുണങ്ങാത്ത സിറിയയിൽ ഒരിക്കൽ കൂടി ഭരണകൂടം കിരാതമായ സായുധ നടപടി കൈകൊണ്ടിരിക്കുകയാണ്. സിറിയയുടെ വടക്കു ഭാഗമായ ഇദ്‌ലിബ് ആണ് പുതിയ 'അല്ലപ്പോ'. രാജ്യത്തിന്റെ ആറു വർഷത്തെ യുദ്ധനയത്തെ പരിഗണിക്കുമ്പോൾ ഇതുവരെ നടന്നതിൽ വെച്ച് ഏറ്റവും നിന്ദ്യമായ പ്രവർത്തനമായി വിലയിരുത്തപ്പെടേണ്ടതാണ് ഇപ്പോഴത്തെ ആക്രമണം. വിമതപക്ഷത്തിന് ആധിപത്യമുള്ള ഇദ്‌ലിബ് പ്രവിശ്യയിലെ ഖാൻ ഷെയ്ഖൗനിൽ നടത്തിയ വ്യോമാക്രമണത്തിലും വിഷവാതക പ്രയോഗത്തിലും മരണമടഞ്ഞത് കുട്ടികളുൾപ്പെടെയുള്ള നൂറോളം സിവിലിയന്മാരാണ്. അനേകം പേർ മാരക പരിക്കുകളുമായി ആശുപത്രികളിലാണ്. സിറിയൻ ഭരണകൂടത്തിനെതിരെ വ്യത്യസ്ത രാജ്യങ്ങൾ ശക്തമായ നിലപാടുമായി വന്ന സാഹചര്യത്തിൽ ഭരണകൂടം ഈ ആക്രമണത്തിന്റെ ഉത്തരവാദിത്വം നിരുപാധികമായി നിഷേധിക്കുകയാണുണ്ടായതെങ്കിലും ചരിത്രബോധമുള്ളവർക്ക് ഭരണകൂടത്തിന്റെ പങ്കിനെ ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല. 2013 ഓഗസ്റ്റിൽ നടന്ന ഗൗത കൂട്ടക്കൊലക്കു ശേഷം സിറിയയിൽ ഉള്ള സരിൻ സംഭരണം ഒഴിവാക്കാനുള്ള നീക്കം യു.എന്നിന്റെ നേതൃത്വത്തിൽ നടന്നിരുന്നെങ്കിലും അവ പൂർണമായി ഒഴിവാക്കിയിട്ടില്ല എന്നത് ഈ ആക്രമണത്തോടു കൂടി ഉറപ്പായി.

ഇദ്‌ലിബിലെ ഖാൻ ഷെയ്ഖൗൻ എന്ന സ്ഥലം സിറിയൻ പ്രദേശമായ ഹമായിൽ നിന്നുള്ള അഭയാർഥികളെ കൊണ്ട് നിറഞ്ഞതാണ്. ഇദ്‌ലിബിനെയും ഹമാ പ്രദേശത്തെയും ബന്ധപ്പെടുത്തുന്ന പ്രദേശം എന്ന നിലക്ക് എല്ലാ കക്ഷികൾക്കും നിർണായകമായ സ്ഥലമാണ് ഖാൻ ഷെയ്ഖൗൻ. നേരെത്തെ അല്ലെപ്പോയിലെ വിജയത്തിന് ശേഷം കാര്യമായ ഭീഷണികളൊന്നുമില്ലാത്ത അസദ് ഭരണകൂടവും അവരുടെ സഖ്യകക്ഷികളായ റഷ്യയുടെയും ഇറാനിന്റെയും പിന്തുണയോട് കുടി യുദ്ധകുറ്റകൃത്യങ്ങളടക്കം എന്തും ചെയ്യാമെന്ന ധാർഷ്ട്യത്തിലാണ്.

**ആഭ്യന്തരയുദ്ധത്തിന്റെ തുടക്കം**

അറബ് വസന്തത്തെ അനുകൂലിച്ച്, ഭരണകൂട വിരുദ്ധ ഗ്രാഫിറ്റി വരച്ചതിന്റെ പേരിൽ പതിനഞ്ച് വയസ്സു പ്രായമുള്ള ഏതാനും വിദ്യാർഥികളെ അറസ്റ്റ് ചെയ്ത് മർദിക്കുകയും പതിമൂന്ന് വയസുകാരൻ ഹംയ മൽ കാതിബ് കൊല്ലപ്പെടുകയും ചെയ്തതോടെയാണ് സിറിയയിൽ ആഭ്യന്തരയുദ്ധത്തിന് കളമൊരുങ്ങുന്നത്. രാജ്യത്ത് നിലനിന്നിരുന്ന രൂക്ഷമായ തൊഴിലില്ലായ്മയും അഴിമതിയും പൗരവിരുദ്ധ നടപടികളുമൊക്കെ ജനമനസ്സുകളെ മുൻപേ നിരാശരാക്കിയിരുന്നു. മാത്രമല്ല, അയൽരാജ്യങ്ങളിൽ അങ്ങിങ്ങായി നടന്നുകൊണ്ടിരിക്കുന്ന ജനാധിപത്യാനുകൂല വിപ്ലവങ്ങൾ സിറിയൻ ജനതയുടെ സിരകളിൽ ജ്വരം കൊള്ളിച്ചു കൊണ്ടിരിക്കുന്ന സമയം കൂടിയായിരുന്നു അത്. ഈ രണ്ട് ഘടകങ്ങളാണ് യുദ്ധത്തിന്റെ പരോക്ഷ കാരണങ്ങൾ. അറസ്റ്റ് ചെയ്തുകൊണ്ടുപോയവരെ വിട്ടു കിട്ടണമെന്നും നിയമം ദുരുപയോഗം ചെയ്ത അധികാരികളെ ന്യായമായ ശിക്ഷക്ക് വിധേയമാക്കണമെന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ച് 2011ൽ സിറിയൻ നഗരമായ ദേരയിൽ തദ്ദേശവാസികൾ സമാധാനപരമായ പ്രകടനം ആരംഭിച്ചു. പ്രകടനം നടത്തിയവർക്കെതിരെ 2011 മാർച്ച് 18ാം തിയ്യതി നാലു പേരെ നിറയൊഴിച്ച് കൊന്നുകൊണ്ടാണ് ഗവൺമെന്റ് പ്രതികരിച്ചത്. അടുത്ത ദിവസം മയ്യിത്ത് സംസ്കരണ യാത്രക്ക് നേരെ വെടിയുതിർത്ത് ഒരാളെ കൂടി കൊന്ന് ഭരണകൂട വിരുദ്ധയുടെ മറുപടി ക്രൂരതയാണെന്ന സന്ദേശം ബശ്ശാർ അസദ് അടിവരയിട്ടു. അതൊരു തുടക്കമായിരുന്നു. തുടർന്നങ്ങോട്ട് കലാപഭൂമിയായി മാറുകയായിരുന്നു സിറിയ. സർക്കാർ പക്ഷവും സർക്കാർ വിരുദ്ധ വിമതകക്ഷികളും സിറിയയെ രക്ത കലുഷിതമാക്കി. മധ്യപൗരസ്ത്യദേശമെന്നാൽ സിറിയയാണെന്നറിയാവുന്ന ആഗോള രാഷ്ട്രങ്ങൾ സിറിയയിലെത്തി. രണ്ട് വിഭാഗങ്ങളിൽ നിന്ന് വേറിട്ടു യുദ്ധം ചെയ്യുന്ന ഐ.എസും ജബാക്ക് ഫത്തഹ് അൽ റാമും പോലെയുള്ള സംഘങ്ങൾ സിറിയയെ ലക്ഷ്യം വെച്ചു. മധ്യ പൗരസ്ത്യരാജ്യങ്ങളിൽ ശിഈ അധികാരം തീർക്കാൻ ഇറാനും അതിന് തടയിടാൻ സൗദിയും ഖത്തറും രംഗത്ത് വന്നു. അങ്ങനെ സമീപ ചരിത്രത്തിൽ ഏറ്റവും കൂടുതൽ മനുഷ്യക്കുരുതികൾക്ക് സിറിയ സാക്ഷിയായി. ഏറ്റവും വലിയ അഭയാർഥി മൂവ്മെന്റിന് സിറിയ വിളനിലമായി. കഴിഞ്ഞ അഞ്ച് വർഷങ്ങൾ സർക്കാരും വിമതപക്ഷവും മാറി മാറി ജയപരാജയം അനുഭവിച്ചു.



475000 ആളുകൾ ഇതിനകം കൊല്ലപ്പെട്ടു. 5 ദശലക്ഷം പേർ സിറിയ വിട്ടു. 6.4 ദശലക്ഷം അഭയാർഥികളായി സിറിയയിൽ തന്നെ മാറ്റി പാർപ്പിക്കപ്പെട്ടു. 8.2 ദശലക്ഷം കുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. 4.7 ദശലക്ഷം ആളുകൾ ഉപരോധമേഖലകളിൽ ദുരിതമനുഭവിച്ച് കഴിഞ്ഞുകൂടുന്നു. ഈയിടെ നടന്ന രാസായുധപ്രയോഗമടക്കം, അന്താരാഷ്ട്രനിയമങ്ങൾ പലതും വ്യാപകാർഥത്തിൽ ലംഘിക്കപ്പെട്ടു.

**അല്ലപ്പോ**

മാർച്ച് 2011 സിറിയയിൽ ഭരണകൂട വിരുദ്ധ വിപ്ലവം ആരംഭിച്ചപ്പോൾ രാജ്യത്തിന്റെ രണ്ടാമത്തെ പ്രധാന നഗരമായ അല്ലപ്പോ ഇന്നത്തെ പരിതാപാവസ്ഥയിലേക്ക് എത്തുമെന്ന് ആരും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. 2012 ആയപ്പോഴേക്ക് അല്ലപ്പോയുടെ മണ്ണും ചോര നുണഞ്ഞു. നഗരത്തിൽ നിന്ന് ഭരണകൂട ശക്തികളെ തുരത്തുന്നതിൽ വിമതർ സജീവമായി ഇറങ്ങി. ഏതൊരു സ്വേഛാധിപതിയേയും പോലെ ബശ്ശാർ വിപ്ലവത്തെ അടിച്ചമർത്താൻ ക്രൂരമായ മാർഗങ്ങൾ തന്നെ അവലംബിച്ചു. അറബ് വസന്തത്തിന്റെ ആവേശത്തിനപ്പുറത്ത് സൂക്ഷമവും സുവ്യക്തവുമായ സമരതന്ത്രമോ പദ്ധതികളോ സിറിയൻ വിപ്ലവത്തിലും ദർശിക്കാനായില്ല. ആക്രമണ പ്രത്യാക്രമണങ്ങൾ നിർവചനാധീതമായതു കൊണ്ട് തന്നെ സിറിയയിലെ വിശിഷ്യാ, അല്ലപ്പോയിലെ ഭരണം വിഘടിക്കപ്പെട്ടു. അല്ലപ്പോയുടെ പശ്ചിമ ദിക്കുകൾ ഭരണകൂട ശക്തികളാണെങ്കിൽ കിഴക്കൻ പ്രവിശ്യകൾ വിമതർ പിടിച്ചെടുത്തു. 2012 ജൂലൈയിലാണ് അല്ലപ്പോയുടെ അധികാരം ബശ്ശാറിന്റെ ഗവൺമെന്റിന് നഷ്ടപ്പെടുന്നത്. തുടർന്നങ്ങോട്ട് ഭരണം തിരിച്ച് പിടിക്കാനുള്ള യത്നം

തുടർന്നുകൊണ്ടേയിരുന്നു. സിറിയൻ ആഭ്യന്തരയുദ്ധത്തിന്റെ 'മൈക്രസ്കോമ' എന്നു വിളിക്കപ്പെടുന്ന അല്ലപ്പോ കേവലം സിറിയയുടെ സാമ്പത്തിക കേന്ദ്രം എന്ന നിലക്ക് മാത്രമല്ല പ്രാധാന്യമർഹിക്കുന്നത്. മറിച്ച് ജനഹിതത്തോട് ഏറ്റവും കൂടുതൽ യോജിച്ച് നിൽക്കുന്ന ഭരണപ്രദേശം എന്ന നിലക്ക് കൂടിയാണ്.

2012 ആഗസ്റ്റ് മാസാവസാനത്തോട് കൂടി തന്നെ സിറിയയിൽ വ്യോമാക്രമണം തുടങ്ങിയിരുന്നു. അല്ലപ്പോയുടെ ഭരണം തിരിച്ചുപിടിച്ചുകൊണ്ട് നാല് പ്രധാന നഗരങ്ങളും സർക്കാർ ഭരണത്തിന് കീഴിൽ കൊണ്ടു വരികയും വിമത പക്ഷത്തിന്റെ ശക്തിയെ കുറച്ചുകൊണ്ടുവരികയും ചെയ്യുകയായിരുന്നു ഈ സൈനിക നടപടികളിലൂടെ ഭരണകൂടം ലക്ഷ്യമിട്ടിരുന്നത്. നേരത്തെ തന്നെ വിഘടിച്ചു നിൽക്കുന്ന വിമതപക്ഷത്തെ കൂടുതൽ ധ്രുവീകരിക്കുക, വിമത ഭരണ പ്രദേശങ്ങൾ കുറച്ചു കൊണ്ട് വന്ന് പരിപൂർണ അധികാരം സ്ഥാപിക്കുക, വിമത ഭരണപ്രദേശങ്ങളെ വളഞ്ഞു കൊണ്ട് സർക്കാർ ഭരണ പ്രദേശങ്ങൾ രൂപീകരിക്കുക തുടങ്ങിയവയാണ് ഇതിലൂടെ ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. ഈ അവസ്ഥ തുടർന്നാൽ നേരത്തെ വിമതപക്ഷങ്ങളെ അനകൂലിച്ച ജനങ്ങൾ തന്നെ സമാധാനത്തിന് വേണ്ടി നിർബന്ധിതരാവും. ഇത് അത്യന്തമായി ബശ്ശാറിനാണ് ഗുണകരമാവുക. മാത്രമല്ല, സർക്കാർ പക്ഷത്തെയും വിതപക്ഷത്തെയും എതിർക്കുന്ന ഐസിസിന്റെയും ജബാത്തിന്റെയും സാന്നിധ്യം അവരെ ഇല്ലാതാക്കാൻ കഴിവുള്ള ബശ്ശാർ അസദിലേക്ക് അധികാരം വെച്ചുകൊടുക്കുക എന്ന പരിഹാരത്തിലേക്ക് മാത്രമായിരിക്കും എത്തിക്കുക. അതുകൊണ്ട് തന്നെ അല്ലപ്പോയുടെ വിജയം കേവലം അസദിന്റെ മാത്രം വിജയമല്ല എന്ന് വ്യക്തമാണ്. റഷ്യ ഇടപെടുന്നതിനുമുമ്പ് ബശ്ശാർ അസദിന്റെ സൈന്യം തകർന്ന് നിൽക്കുകയായിരുന്നു. റഷ്യയും ഇറാനും യുദ്ധത്തിൽ സജീവമാകുന്നതോട് കൂടിയാണ് ബശ്ശാറിന് തിരിച്ചുവരവുണ്ടാകുന്നത്. ചുരുക്കത്തിൽ, റഷ്യക്കും ഇറാനും ഈ വിജയം നന്നായി ആഘോഷിക്കാം എന്നർഥം.

**ഇനിയെന്ത്?**

സിറിയയുടെ ഭാവിയെന്ത് എന്ന ചോദ്യം ഏറെ സങ്കീർണമാണ്. ഇന്റർനാഷണൽ സിറിയ സപ്പോർട്ട് ഗ്രൂപ്പിന് (ഐ.എസ്.എസ്.ജി) കീഴിൽ നടന്ന ജനീവ 2 മിഡിൽ ഈസ്റ്റ് പീസ് കോൺഫറൻസ്(ജനീവ 2) മുന്നോട്ട് വെച്ച താൽക്കാലിക സമ്പൂർണ ഭരണകൂടത്തിന് രൂപം നൽകുക എന്ന നിർദേശം ജനീവ 3 വിളിച്ചു ചേർത്ത് രണ്ടാം നാൾ പിൻവലിച്ച സ്ഥിതിക്ക് ഒരു സമാധാന ഉടമ്പടി ഉടനുണ്ടാകില്ല എന്ന സൂചനയാണ് നൽകുന്നത്. ഇതിനു പുറമെ ഫെബ്രുവരിക്ക് ശേഷം റഷ്യയുടെയും ഇറാനിന്റെയും സഹായം സർക്കാർ സൈന്യത്തിനു ലഭിച്ചു. വിജയങ്ങൾ ഒരു ഉടമ്പടിയോടു കൂടി ഇല്ലാതാക്കാൻ ഒരു കാരണവശാലും ബശ്ശാർ സമ്മതം മൂളില്ല എന്നുറപ്പാണ്. വിമതരിൽ നിന്ന് അവസാന പിടി മണ്ണും തിരിച്ചുപിടിക്കുമെന്ന ബശ്ശാറുൽ അസദിന്റെ പ്രഖ്യാപനത്തിന് കൂടെ നിൽക്കുക എന്നത് തന്നെയായിരിക്കും മോസ്കോക്കും തെഹ്റാനും താൽപര്യം. ഇറാനും റഷ്യക്കും പുറമെ തുർക്കി, സൗദി അറേബ്യ, ഖത്തർ, അമേരിക്ക പോലുള്ള രാജ്യാന്തര പ്രാദേശിക ശക്തികളുടെ സാമ്പത്തിക-സൈനിക-രാഷ്ട്രീയ പിന്തുണ, ഇപ്പോഴുള്ള യുദ്ധം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തിന് വലിയ തടസ്സമാണ്. മാത്രമല്ല ഐസ്, ജബാത്ത് അൽ നുസ്റ പോലുള്ള സംഘങ്ങൾ സിറിയൻ യുദ്ധമുഖത്തുണ്ട് എന്നത് പരിപൂർണ യുദ്ധ വിരാമം നടപ്പിലാക്കാൻ സാധിക്കില്ല എന്നതിലേക്ക് വിരൽചൂണ്ടുന്ന വസ്തുതകളാണ്.

ഐ.എസ്.എസ്.ജി നിർദേശിച്ച യുദ്ധം അവസാനിപ്പിച്ച് ഒരു താൽകാലിക ഭരണകൂടരൂപീകരണം എന്ന ഭാവി സിറിയക്കുമേൽ അസ്തമിച്ച സ്ഥിതിക്ക് പിന്നീടുള്ള സാധ്യത അസദ് അധികാരത്തിൽ തുടർന്ന് യുദ്ധം അവസാനിപ്പിക്കുക എന്നതാണ്. ഐസിസിന്റെയും നുസ്റയുടേയും പേര് പറഞ്ഞ് അന്താരാഷ്ട്ര ശക്തികളും ഈയൊരു നിലപാടിനെ പിന്തുണക്കാൻ സാധ്യത കൂടുതലാണ്.

റഷ്യക്ക് സിറിയൻ തുറമുഖത്ത് നിലനിൽക്കുന്ന നാവികബേസും സിറിയയിൽ റഷ്യക്കുള്ള താൽപര്യവുമൊക്കെ സംരക്ഷിക്കാൻ ബശ്ശാർ അധികാരം നിലനിർത്തേണ്ടത് അനിവാര്യമായതിനാൽ റഷ്യ ഒരു നിലക്കും ബശ്ശാറിനെ അധികാരത്തിൽ നിന്നും മാറ്റാൻ താൽപര്യം കാണിക്കില്ല. ഏത് വൻകിട രാജ്യത്തെയും പോലെ മധ്യ പൗരസ്ത്യ രാജ്യങ്ങളിലുള്ള സ്വാധീനവും അധികാരവും ആഗോള രാഷ്ട്ര മൽസരത്തിൽ റഷ്യക്കും ആവശ്യമാണ്. അവിടെയാണ് അമേരിക്ക ചില വിമത ഗ്രൂപ്പുകൾക്ക് സഹായവുമായി രംഗത്തു വരുന്നത്. എന്നാൽ സിറിയയിൽ അമേരിക്ക 'മിതവാദികൾക്ക്' മാത്രമേ സഹായം നൽകുന്നുള്ളൂവെന്ന അവകാശവാദം തുടക്കം മുതൽക്കേ ഉന്നയിച്ചിട്ടുണ്ട്. ഒബാമയിൽ നിന്ന് ട്രംപിലേക്കുള്ള അമേരിക്കൻ ഭരണമാറ്റം സിറിയൻ വിഷയത്തിൽ കാര്യമായ മാറ്റം ഉണ്ടാവാൻ ഇടയുണ്ട്. ബശ്ശാർ അസദിന്റെ ഭരണം അംഗീകരിക്കുമെന്ന സൂചന ഡോണാൾഡ് ട്രംപ് തെരഞ്ഞെടുപ്പിന് മുമ്പെ തന്നെ സൂചന നൽകിയതാണ്. യു.എൻ മുന്നോട്ടു വെച്ച സമാധാനപദ്ധതികൾ പരിപൂർണമായി നിരസിക്കാതെ നീട്ടിക്കൊണ്ടുപോയ ബശ്ശാർ-പുടിൻ നിലപാട് അമേരിക്കയുടെ ട്രംപിലേക്കുള്ള മാറ്റം മുൻകൂട്ടി കണ്ടതുകൊണ്ടാവാം. ഐസിസിനെതിരെ ആക്രമണം ശക്തിപ്പെടുത്താൻ തീരുമാനിച്ച ബശ്ശാറിന്റെ നിലപാടിൽ തൃപ്തനായിരിക്കും ട്രംപ്. ഇവിടെ പ്രശ്നം ബശ്ശാറിന് തെഹ്റാനോടുള്ള ബന്ധമായിരിക്കും. ഈ പ്രശ്നത്തെ റഷ്യ എങ്ങനെ സമീപിക്കുന്നുവെന്നത് കണ്ടറിയേണ്ടത് തന്നെയാണ്.

ബശ്ശാർ അസദിനെ അധികാരക്കസേരയിൽ ഉറപ്പിച്ചിരുത്താൻ നയങ്ങൾ രൂപീകരിക്കുന്ന മറ്റൊരു രാജ്യം ഇറാൻ ആണ്. അഫ്ഗാനിസ്ഥാൻ മുതൽ ഇറാഖും യമനും വഴി മെഡിറ്ററേനിയൻ വരെ എത്തി നിൽക്കുന്ന ശിഈ സ്വാധീനം സിറിയയിൽ നിലനിൽക്കുക എന്ന സുന്നീ ശിഈ വിഭാഗീയ അജണ്ടയോട് കൂടിയാണ് ഇറാൻ അണിയറയിൽ നിൽക്കുന്നത്. ലബനീസ് ഹിസ്ബുല്ലയും അഫ്ഗാനിലെ ലീവ ഫാത്തിമി

യ്യൂനും ഇറാഖിലെ ഹറഖത്ത് ഹിസ്ബുല്ല അൽ നുജിഹ് പോരാളികളുമാണ് കരയുദ്ധത്തിൽ പ്രധാന സാന്നിധ്യം. ലക്ഷക്കണക്കിന് ഡോളറാണ് ശിഈ അലവിയ്യ സിറിയൻ സർക്കാറിന് ഇറാൻ നൽകുന്നത്.

സൗദി അറേബ്യയാണ് യുദ്ധത്തിലെ മറ്റൊരു പ്രാദേശിക സാന്നിധ്യം. സിറിയൻ ഗവൺമെന്റിനുള്ള ഇറാന്റെ സേവനം സൗദിയുടെ സിറിയൻ ഇടപെടലിന് വലിയ കാരണമാണ്. ഇതേകാരണം തന്നെയാകണം ഖത്തറിനെയും യുദ്ധത്തിൽ പങ്കാളികളാവാൻ പ്രേരിപ്പിച്ചത്. സൗദിയും ഖത്തറും വിമത കക്ഷികളിലെ ഇസ്‌ലാമിസ്റ്റ് കക്ഷികളെയാണ് പ്രധാനമായും സഹായിക്കുന്നത്.

ഇദ്‌ലിബിൽ സർക്കാർ പ്രതികൂല കക്ഷികളിൽ ശക്തമായ സാന്നിധ്യം ഹറക്കത്ത് അഹ്‌റാർ അൽ ശാം അൽ ഇസ്‌ലാമിയയാണ്. (അഹ്‌റാർ അൽ ശാം) ബശ്ശാർ സർക്കാറിനെതിരെയുള്ള വിമതപക്ഷത്തെ ഏറ്റവും ശക്തമായ രണ്ടാമത്തെ കക്ഷിയും അഹ്‌റാർ അൽശാം ആണ്. ജബാകത്ത് ഫതാഫ് അൽ ശാമു (ജെ.എഫ്.എസ്)മായി കൂടിയോജിച്ച് പ്രവർത്തിക്കുന്നതിനോടനുബന്ധിച്ച് നടന്ന തർക്കത്തിൽ യോജിപ്പിനെ അനുകൂലിക്കുന്നവർ ജയ്ഷ് ദൽ മഹ്‌റാർ എന്ന കക്ഷിയായി വേറിട്ട് പോയി. ഇത് ജെ.എഫ്.എസിനെ ഇദ്‌ലിബിലെ പ്രമുഖശക്തികേന്ദ്രമാക്കും. തുർക്കിക്ക് ഇത് യഥാർഥത്തിൽ തിരിച്ചടിയാണ്. തുർക്കിയെ തുടക്കം മുതൽ എതിർത്ത് പോന്നിരുന്ന കക്ഷിയാണ് ജെ.എഫ്.എസ്. ഇദ്‌ലിബിൽ ചുറ്റുമുള്ള വിമത സംഘങ്ങളെ ജെ.എഫ്.എസിലേക്ക് കൂടുതൽ അടുക്കാതെ നിർത്താൻ തുർക്കിക്ക് സാധിക്കാതെ വന്നാൽ ഇദ്‌ലിബിൽ ഇപ്പോഴുള്ള സ്വാധീനം തുർക്കിക്ക് നഷ്ടപ്പെടും. ഇത് സംഭവിക്കാതിരിക്കാൻ തുർക്കി ഇദ്‌ലിബ് കേന്ദ്രീകരിച്ച് മുന്നോട്ടുപോകാനായിരിക്കും ശ്രമിക്കുക. അങ്ങനെ വന്നാൽ അല്ലപ്പോയിലെ സർക്കാർ സൈന്യവുമായി ഒരു ഏറ്റുമുട്ടൽ ഉണ്ടായേക്കാൻ ഇടയുണ്ട്. തുർക്കിയിൽ ആഭ്യന്തരമായ പ്രക്ഷോഭങ്ങൾ, നടക്കുന്ന സാഹചര്യവും രാജ്യത്തിന്റെ ഉത്തരദിക്കിൽ കുറദ് വൈ.പി.ജിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സ്വാധീനവും പരിഗണിച്ച് റഷ്യൻസേനയുമായി നേരിട്ടൊരു യുദ്ധത്തിന് മുതിരുമോ എന്ന് സംശയമാണ്. 1980 മുതൽ സ്വയം ഭരണാവകാശത്തിന് വേണ്ടി വാദിക്കുന്ന തുർക്കിയിലെ കുർദ് വിമത കക്ഷിയായ കുർദിസ്താൻ വർക്കേഴ്സ് പാർട്ടി(പി.കെ.ജി)യുടെയാണ് തുർക്കി വൈ.പി.ജി.യെ കാണുന്നത്. വൈ.പി.ജിയെ സിറിയയിൽ എങ്ങനെ എവിടെ വെച്ച് തുർക്കി സൈന്യം എതിരിടുമെന്നും അങ്ങനെയൊരവസരത്തിൽ റഷ്യ എന്ത് നിലപാട് സ്വീകരിക്കുമെന്നും ഏറെ പ്രധാനപ്പെട്ട കാര്യങ്ങളാണ്.


**പരിഹാരത്തെക്കുറിച്ചാലോചിക്കുമ്പോൾ...**

സിറിയയുടെ പ്രതിസന്ധിക്ക് ശാശ്വതപരിഹാരം ഉണ്ടാവേണ്ടതുണ്ട്. എന്നാൽ അടിയന്തിരമായി നാമെല്ലാം ഭാഗഭാക്കായി നിർവഹിക്കേണ്ട ചില കാര്യങ്ങൾ കാണാതെ പോകരുത്. സിറിയയിലെ വിശിഷ്യാ, അല്ലപ്പോയിലെ ആഭ്യന്തരയുദ്ധത്തിന്റെ ഇരകളായ അഭയാർഥികൾക്കും ഉപരോധക്കുടുക്കിൽ പെട്ടുപോയവർക്കും ഹ്യൂമനിറ്റേറിയൻ സഹായം തന്നെയാണ് അടിയന്തിരമായി നിർവഹിക്കാനുള്ളത്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്നതാണ് നമുക്ക് ചെയ്യാനുള്ളത്. അതോടൊപ്പം എല്ലാ സായുധസേനകളും അംഗീകരിക്കുന്ന താൽക്കാലിക യുദ്ധവിരാമത്തിന് വേണ്ടി സമ്മർദം ചെലുത്തുക എന്നതാണ് രാഷ്ട്രീയപരമായി ചെയ്യാനുള്ളത്. തുർക്കിയും റഷ്യയും വെടിനിർത്തൽ പ്രഖ്യാപിച്ചുവെങ്കിലും ഒറ്റപ്പെട്ട ആക്രമണങ്ങൾക്ക് മുൻകയ്യെടുക്കുന്നതായി ആക്ഷേപമുയർന്നിട്ടുണ്ട്. താൽക്കാലിക യുദ്ധവിരാമം സാധ്യമായാൽ സിറിയൻ സിവിലിയൻസിന് സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറാനുള്ള സാവകാശമെങ്കിലും ലഭ്യമാകും. സിറിയയുടെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ച് ബഹുജനങ്ങളിലും രാഷ്ട്രീയ പ്രവർത്തകരിലും ഭരണകർത്താക്കൾക്കിടയിലും അവബോധം സൃഷ്ടിക്കുക എന്ന ദൗത്യവും നിർവഹിക്കപ്പെടേണ്ടതുണ്ട്. പാശ്ചാത്യ നവ പാശ്ചാത്യ നാടുകളിൽ നടക്കുന്ന പ്രശ്നങ്ങൾ അതിശയോക്തി കലർത്തി അവതരിപ്പിക്കുകയും അതുവഴി പൊതുവികാരമിളക്കി വിടുകയും ചെയ്യുന്ന സാഹചര്യം ലോകത്തെല്ലായിടത്തും നിലനിൽക്കുന്നത് പോലെ കേരളത്തിലുമുണ്ട്. അറബികളെയും മുസ്‌ലിംകളെയും സംബന്ധിച്ച് മീഡിയ നിർമിച്ചെടുത്ത സ്റ്റീരിയോ ടൈപ്പുകൾ, കേരളത്തിന്റെ പൊതുബോധ മറവികളോടുള്ള പ്രത്യേകഭയ(Xenophobic)ത്തിലേക്ക് എത്തിച്ചിട്ടുണ്ട് എന്നത് വാസ്തവമാണ്. സിറിയൻ ജനതയെ അഭയാർഥികളായി സ്വീകരിക്കുന്ന പശ്ചാത്യനാടുകളിൽ ഇത്തരത്തിലുള്ള 'ഭയ'ങ്ങൾ ബാധിച്ചാൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളൊന്നും കേരളത്തിൽ ഉണ്ടാവാനിടയില്ലെങ്കിൽ പോലും പൊതുബോധമാണ് രാഷ്ട്രീയ നയം രൂപീകരിക്കുന്നത് എന്ന സത്യം നാം ഗൗരവപൂർവം കണക്കിലെടുക്കേണ്ടതുണ്ട്.

ഈ പ്രവർത്തനങ്ങളിലൊക്കെ വ്യാപൃതനാവുന്നതിനിടക്ക് തന്നെ കാര്യങ്ങൾ നിശ്ചയിക്കുന്ന അല്ലാഹുവിൽ വിശ്വസിക്കുകയും അവനോടുള്ള പ്രാർഥനയിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്ന മുസ്‌ലിം, മർദിതസമൂഹത്തിന് വേണ്ടി തന്റെ കരങ്ങൾ സദാ അല്ലാഹുവിലേക്കുയർത്തണം. 'അക്രമികളായ ജനങ്ങളിൽ നിന്ന് മോചനം നൽകണമേ'(ക്വുർആൻ 4:75) എന്ന പ്രാർഥന മർദിതരായ വ്യക്തികൾ നടത്തിയത് പ്രത്യേകമായി ഖുർആൻ എടുത്തുദ്ധരിച്ചതായി കാണാം. മദീനയിലേക്ക് ഹിജ്റ പോകാൻ ആഗ്രഹിക്കുകയും എന്നാൽ ഖുറൈശികളായ അക്രമികളുടെ ഉപരോധത്താൽ രാജ്യം ത്യജിച്ച് പോകുവാൻ സാധിക്കാതെ വരികയും ചെയ്ത ദുർബലരും മർദിതരുമായ ജനതയുടെ പ്രാർഥനയായിരുന്നു അത്. സിറിയയിലെ സാധാരണ ജനങ്ങൾ തങ്ങളുടെ ദുരിതങ്ങളുടെ നടുവിൽ നിന്ന് അതേ പ്രാർഥന ഉരുവിടുമ്പോൾ സുഖലോലുപതയുടെ നടുവിൽ നിൽക്കുന്ന നമുക്ക് കൂടെ പ്രാർഥിക്കാൻ സാധ്യമാകണം. പ്രാർഥനയേക്കാൾ വലിയ പരിഹാരമില്ല എന്ന ചിന്തയാണ് വിശ്വാസികളുടെ ഊർജം. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം




# പ്രവാചകന്മാർ സത്യസന്ധർ

**പ്ര**വാചകന്മാർ ഒരിക്കലും കള്ളം പറയില്ലായിരുന്നു. പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പോ ശേഷമോ അവരിൽനിന്ന് മറ്റുള്ളവർ കളവ് കേട്ടിരുന്നില്ല. അവർ കളവ് പറയുന്നവരായിരുന്നെങ്കിൽ ജനങ്ങൾ അവരെ സ്വീകരിക്കില്ലായിരുന്നു. 'കളവ് പറയുന്നവരെ എങ്ങനെ വിശ്വസിക്കും?' എന്ന് അവർ സ്വാഭാവികമായും ചോദിക്കും. ഇപ്രകാരം ഒരു സംസാരം അവരെക്കുറിച്ച് ഉണ്ടാകാതിരിക്കാൻ അല്ലാഹു അവരെ സത്യസന്ധരായി വളർത്തിക്കൊണ്ടുവന്നു. പ്രവാചകത്വം ലഭിച്ചതിന് ശേഷവും അവർ അല്ലാഹുവിന്റെ പേരിൽ യാതൊന്നും വഹ്‌യ് കൂടാതെ സംസാരിച്ചിട്ടില്ല. മൂസാ(അ) ഫിർഔനിന്റെ അടുത്ത് ചെന്ന് തന്റെ സത്യസന്ധത ബോധ്യപ്പെടുത്തുന്നത് കാണുക:

"മൂസാ പറഞ്ഞു: ഫിർഔനേ, തീർച്ചയായും ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാകുന്നു. അല്ലാഹുവിന്റെ പേരിൽ സത്യമല്ലാതൊന്നും പറയാതിരിക്കാൻ കടപ്പെട്ടവനാണ് ഞാൻ. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. അതിനാൽ ഇസ്‌റാഈൽ സന്തതികളെ എന്റെ കൂടെ അയക്കൂ" (7:104,105).

ക്വുർആൻ മുഹമ്മദ്ﷺ കെട്ടിയുണ്ടാക്കിയതാണെന്നായിരുന്നല്ലോ ശത്രുക്കൾ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ നബിﷺ അല്ലാഹുവിന്റെ പേരിൽ വല്ലതും കെട്ടിച്ചമച്ച് പറയുമോ? ഒരിക്കലുമില്ല. അങ്ങനെ വല്ലതും നബിﷺ പറയുകയാണെങ്കിൽ അല്ലാഹു സ്വീകരിക്കുന്ന നടപടി എന്തായിരിക്കും എന്ന് ക്വുർആൻ തന്നെ പറയുന്നത് കാണുക:

"നമ്മുടെ പേരിൽ (പ്രവാചകൻ) വല്ല വാക്കുകളും കെട്ടിച്ചമച്ചു പറഞ്ഞി

രുന്നെങ്കിൽ അദ്ദേഹത്തെ നാം വലതു കൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചു കളയുകയും ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങളിൽ ആർക്കും അദ്ദേഹത്തിൽ നിന്ന് (ശിക്ഷയെ) തടയാനാവില്ല'' (69:44-47).

നബിﷺ സ്വന്തം ഇഷ്ടപ്രകാരം മതകാര്യത്തിൽ ഒന്നും തന്നെ പറഞ്ഞിട്ടില്ല: "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല; അത് അദ്ദേഹത്തിനു ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ദൈവികബോധനം മാത്രമാകുന്നു" (53:3,4).

നബിﷺയുടെ സത്യസന്ധത ശത്രുക്കൾ പോലും അംഗീകരിക്കുന്ന സന്ദർഭങ്ങൾ ചരിത്രത്തിൽ ധാരാളം കാണാം. അതിൽ പ്രധാനപ്പെട്ട ഒന്നാണ് അബൂസുഫ്‌യാൻؓ ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പ് റോമൻ ചക്രവർത്തിയായ ഹിർക്വലിനോട് നബിﷺയെക്കുറിച്ച് പറയുന്ന കാര്യങ്ങൾ. നബിﷺ ആ കാലത്ത് അബൂസുഫ്‌യാന്റെ ബദ്ധവൈരിയായിരുന്നു. ഹിർക്വൽ ചക്രവർത്തിയുടെ മുന്നിൽ വെച്ച് നബിﷺയെ ഒന്ന് താഴ്ത്തിക്കെട്ടാമായിരുന്നു. അവർ തമ്മിൽ നടന്ന ദീർഘമായ ആ സംഭാഷണം ഇപ്രകാരമാണ്:

അബ്ദുല്ലാഹിബ്നു അബ്ബാസ്ؓവിൽ നിന്ന് നിവേദനം: "അബൂസുഫ്‌യാനുബ്നു ഹർബ്ؓ അദ്ദേഹത്തോട് പറഞ്ഞു: 'ക്വുറൈശികളിൽപെട്ട ഒരു സംഘത്തിൽ -അന്ന് അവർ സിറിയയിൽ കച്ചവടക്കാരായി എത്തിയതായിരുന്നു- ആയിരിക്കെ ഹിർക്വൽ ചക്രവർത്തി അദ്ദേഹത്തിന്റെ യടുത്തേക്ക് ആളെ അയച്ചു. അബൂസുഫ്‌യാനുമായും ക്വുറൈശികളുമായും റസൂൽﷺ സന്ധിചെയ്ത കാലഘട്ടത്തിലായിരുന്നു അത്. അങ്ങനെ അവർ അദ്ദേഹത്തിന്റെ അടുത്തേക്ക് ചെന്നു. അവർ ഈലിയാഅ് പ്രദേശത്തായിരുന്നു. അപ്പോൾ അദ്ദേഹം അവരെ അദ്ദേഹത്തിന്റെ സദസ്സിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിന്റെ ചുറ്റും റോമിലെ പ്രമാണിമാർ ഉണ്ടായിരുന്നു. അദ്ദേഹം തന്റെ ദ്വിഭാഷിയെയും വിളിച്ചുവരുത്തി. എന്നിട്ട് ചോദിച്ചു: 'പ്രവാചകനാണെന്ന് അവകാശപ്പെടുന്ന ആ മനുഷ്യനോട് നിങ്ങളിൽ ഏറ്റവും കൂടുതൽ കുടുംബ ബന്ധമുള്ളത് ആർക്കാണ്?' അബൂസുഫ്‌യാൻ പറയുകയാണ്- അപ്പോൾ ഞാൻ പറഞ്ഞു: 'ഞാനാണ് അദ്ദേഹത്തോട് കൂടുതൽ ബന്ധമുള്ളവൻ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അവനെ എന്റെ അടുത്തേക്ക് കൊണ്ടുവരൂ. അയാളുടെ സുഹൃത്തുക്കളെയും അടുത്തേക്ക് കൊണ്ടുവന്ന് അവരെ അയാളുടെ പിറകിൽ നിർത്തുക.'

പിന്നെ ദ്വിഭാഷിയോട് പറഞ്ഞു: 'ഇവരോട് പറയുക; ആ മനുഷ്യനെക്കുറിച്ച് ഇയാളോട് ഞാൻ ചോദിക്കും. അപ്പോൾ എന്നോട് ഇയാൾ കളവ് പറഞ്ഞാൽ അത് കളവാണെന്ന് നിങ്ങൾ പറയണം.' (അബൂസുഫ്‌യാൻ പറയുകയാണ്:) 'ഞാൻ നുണപറഞ്ഞുവെന്ന് അവർ പറയുമെന്ന ലജ്ജയില്ലായിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തെക്കുറിച്ച് നുണപറയുകതന്നെ ചെയ്യുമായിരുന്നു.' എന്നിട്ട് അദ്ദേഹത്തെ (മുഹമ്മദ് നബിയെ)കുറിച്ച് അദ്ദേഹം എന്നോട് ആദ്യമായി ചോദിച്ചത് ഇപ്രകാരമാണ്: 'നിങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ കുടുംബസ്ഥിതി എങ്ങിനെയാണ്?' ഞാൻ പറഞ്ഞു: 'അദ്ദേഹം ഞങ്ങളിലെ ശ്രേഷ്ഠമായ തറവാടുള്ളവനാണ്.' അദ്ദേഹം ചോദിച്ചു: 'അദ്ദേഹത്തിനുമുമ്പ് നിങ്ങളിൽ ആരെങ്കിലും ഇങ്ങിനെ പറഞ്ഞിട്ടുണ്ടോ?' ഞാൻ പറഞ്ഞു: 'ഇല്ല.' അദ്ദേഹം ചോദിച്ചു: 'അദ്ദേഹത്തിന്റെ പൂർവിക പിതാക്കളിൽ രാജാക്കന്മാർ ഉണ്ടായിരുന്നുവോ?' ഞാൻ പറഞ്ഞു: 'ഇല്ല.' അദ്ദേഹം ചോദിച്ചു: 'ജനങ്ങളിലെ പ്രമാണിമാരാണോ അതോ ദുർബലരാണോ അദ്ദേഹത്തെ പിന്തുടരുന്നത്?' അപ്പോൾ ഞാൻ പറഞ്ഞു: 'അല്ല, അവരിലെ ദുർബലർ.' അദ്ദേഹം ചോദിച്ചു: 'അവർ വർധിക്കുകയോണോ അതോ കുറയുകയാണോ ചെയ്യുന്നത്?' ഞാൻ പറഞ്ഞു: 'വർധിക്കുകയാണ്.'

അദ്ദേഹം ചോദിച്ചു: 'അദ്ദേഹത്തിന്റെ മതത്തിൽ പ്രവേശിച്ച ശേഷം അതിനോടുള്ള വെറുപ്പ് നിമിത്തം ആരെങ്കിലും ആ മതത്തിൽ നിന്ന് പിന്മാറുന്നുണ്ടോ?' ഞാൻ പറഞ്ഞു: 'ഇല്ല.' അദ്ദേഹം ചോദിച്ചു: 'ഈ മതകാര്യം പറയുന്നതിന് മുമ്പ് അദ്ദേഹം നുണ പറയുന്നവനായിരുന്നുവോ?' ഞാൻ പറഞ്ഞു: 'അല്ല.'

അദ്ദേഹം ചോദിച്ചു: 'അദ്ദേഹം വഞ്ചിക്കാറുണ്ടോ?' ഞാൻ പറഞ്ഞു: 'ഇല്ല. ഞങ്ങൾ അദ്ദേഹവുമായി ഇപ്പോൾ ഒരു സന്ധിയിലാണ്. അതിൽ അദ്ദേഹം എന്താണ് കാണിക്കുകയെന്ന് ഞങ്ങൾക്കറിയില്ല.' (അബൂസുഫ്‌യാൻ പറയുന്നു:) 'ഈയൊരു വാക്യമല്ലാതെ അദ്ദേഹത്തെ (മോശപ്പെടുത്തിപ്പറയാൻ) എനിക്ക് കഴിഞ്ഞില്ല.'

അദ്ദേഹം ചോദിച്ചു: 'നിങ്ങൾ അദ്ദേഹവുമായി യുദ്ധം ചെയ്തിട്ടുണ്ടോ?' ഞാൻ പറഞ്ഞു: 'അതെ, ഉണ്ട്.' അദ്ദേഹം ചോദിച്ചു: 'അദ്ദേഹവുമായുണ്ടായ യുദ്ധങ്ങൾ എങ്ങനെയായിരുന്നു?' ഞാൻ പറഞ്ഞു: 'ഒന്നിടവിട്ട വിജയങ്ങൾ ഞങ്ങൾ ഇരുവർക്കും.'

അദ്ദേഹം ചോദിച്ചു: 'അദ്ദേഹം നിങ്ങളോട് കൽപിക്കുന്നതെന്തൊക്കെയാണ്?' ഞാൻ പറഞ്ഞു: 'നിങ്ങൾ ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കുക, അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. നിങ്ങളുടെ

**നേർപഥത്തിലേക്കുള്ള വാർത്തകൾ mail@nerpatham.com എന്ന ഇ.മെയിലിലോ 9656292244 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

Nerpatham Weekly, EKP Building, Kallai Road Kozhikode
PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

പൂർവപിതാക്കൾ പറഞ്ഞുണ്ടാക്കിയവ വർജിക്കുക. നമസ്കരിക്കുവാനും സത്യം പറയുവാനും സദാചാരം പുലർത്താനും കുടുംബബന്ധം ചേർക്കാനും അദ്ദേഹം ഞങ്ങളോട് കൽപിക്കുന്നു.'

അപ്പോൾ അദ്ദേഹം തന്റെ ദ്വിഭാഷിയോട് പറഞ്ഞു: 'അവനോട് പറയുക, അദ്ദേഹത്തിന്റെ (മുഹമ്മദിന്റെ) കുടുംബത്തെ കുറിച്ച് തന്നോട് ഞാൻ ചോദിച്ചപ്പോൾ നിങ്ങളിലെ ഉയർന്ന കുടുംബക്കാരനാണെന്ന് നിങ്ങൾ മറുപടി പറഞ്ഞു. അങ്ങനെത്തന്നെയാണ് ദൈവദൂതന്മാർ. അവരിലെ ഉയർന്ന കുടുംബത്തിൽ നിന്നാണവർ നിയോഗിതരാവുക. ഈ പുതിയ വാദം ഇതിനു മുമ്പ് നിങ്ങളിലാരെങ്കിലും ഉന്നയിച്ചിരുന്നുവോ എന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ ഇല്ലയെന്നാണ് ഉത്തരം തന്നത്. അങ്ങനെ ഇതിനുമുമ്പ് നിങ്ങളിലാരെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ ഇദ്ദേഹം അതിനെ പിന്തുടരുകയാണെന്ന് പറയാമായിരുന്നു. അദ്ദേഹത്തിന്റെ പൂർവപിതാക്കളിൽ രാജാക്കന്മാരാരെങ്കിലും ഉണ്ടായിരുന്നുവോ എന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ ഇല്ലയെന്ന് നിങ്ങൾ മറുപടി നൽകി. ഞാൻ പറയട്ടെ, അദ്ദേഹത്തിന്റെ പൂർവികരിൽ രാജാക്കന്മാരുണ്ടായിരുന്നുവെങ്കിൽ, തന്റെ പിതാവിന്റെ രാജാധിപത്യം തിരിച്ച് ആവശ്യപ്പെടുന്നവനാണദ്ദേഹം എന്ന് എനിക്ക് പറയാമായിരുന്നു. അദ്ദേഹം ഈ പുതിയ മതം പറയുന്നതിനു മുമ്പ് കളവ് പറഞ്ഞിരുന്നുവോയെന്ന് ഞാൻ ചോദിച്ചപ്പോൾ ഇല്ലയെന്ന് നിങ്ങൾ മറുപടി പറഞ്ഞു. ജനങ്ങളോട് കളവ് പറയാതിരിക്കുകയും അല്ലാഹുവിന്റെ പേരിൽ കളവ് പറയുകയും ചെയ്യുക ഉണ്ടാവുകയില്ലെന്ന് എനിക്കറിയാം. ജനങ്ങളിലെ പ്രമാണിമാരാണോ, ദുർബലരാണോ അദ്ദേഹത്തെ പിന്തുടരുന്നതെന്ന് നിങ്ങളോട് ഞാൻ ചോദിച്ചപ്പോൾ, നിങ്ങൾ പറഞ്ഞത് ദുർബലരാണ് അദ്ദേഹത്തെ പിന്തുടരുന്നതെന്നാണ്. (അതെ) അവർ തന്നെയാണ് ദൈവദൂതന്മാരെ പിന്തുടരുക പതിവ്.

അവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോ ചെയ്യുന്നതെന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ കൂടിക്കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ മറുപടി പറഞ്ഞു. അങ്ങനെത്തന്നെയാണ് സത്യവിശ്വാസത്തിന്റെ സ്ഥിതി; അത് പൂർണത പ്രാപിക്കും വരെ. ആ മതത്തിൽ പ്രവേശിച്ച ശേഷം അതിനെ വെറുത്ത് ആരെങ്കിലും പിന്മാറുന്നുണ്ടോയെന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ ഇല്ലയെന്നാണ്




നിങ്ങൾ മറുപടി നൽകിയത്. വിശ്വാസത്തിന്റെ തിളക്കം ഹൃദയത്തിൽ കലർന്നാൽ അതിന്റെ സ്ഥിതി അങ്ങനെത്തന്നെയാണ്. അദ്ദേഹം വഞ്ചന നടത്തിയിട്ടുണ്ടോയെന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ, ഇല്ലയെന്ന് നിങ്ങൾ പറഞ്ഞു. ദൈവദൂതന്മാർ വഞ്ചിക്കുകയില്ല. അദ്ദേഹം നിങ്ങളോട് കൽപിക്കുന്നത് എന്താണെന്ന് ഞാൻ ചോദിച്ചു, അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുവാനുമാണ് അദ്ദേഹം കൽപിക്കുന്നതെന്നും വിഗ്രഹാരാധന വിരോധിക്കുന്നുവെന്നും നമസ്കരിക്കുവാനും സത്യം പറയുവാനും സദാചാരം പാലിക്കുവാനും കൽപിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങൾ പറഞ്ഞതെല്ലാം സത്യമാണെങ്കിൽ എന്റെ ഈ രണ്ട് കാലടി ഇരിക്കുന്ന സ്ഥലം വരെ അദ്ദേഹം അധീനപ്പെടുത്തും. ഒരു പ്രവാചകന്റെ പുറപ്പാട് ഉണ്ടാകുമെന്ന് എനിക്ക് അറിയാമായിരുന്നു. എന്നാൽ അദ്ദേഹം നിങ്ങളിൽ നിന്നാകുമെന്ന് ഞാൻ കരുതിയിരുന്നില്ല. അദ്ദേഹത്തിന്റെ അടുത്തേക്ക് എത്തിച്ചേരാൻ എനിക്ക് കഴിയുമായിരുന്നെങ്കിൽ എന്തു പ്രയാസം സഹിച്ചും ഞാനവിടെ എത്തുമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ കാൽപാദം ഞാൻ കഴുകുമായിരുന്നു.'

പിന്നീട് ദിഹ്‌യത്തുൽ കൽബി(റ)വിന്റെ പക്കൽ ബുസ്‌റായിലെ ഭരണ കർത്താവ് മുഖേന ഹിർക്വൽ ചക്രവർത്തിക്ക് നബി(ﷺ) കൊടുത്തയച്ച കത്തു കൊണ്ടുവരാൻ കൽപിച്ചു. എന്നിട്ട് ആ കത്ത് വായിച്ചു. അതിൽ ഇപ്രകാരമായിരുന്നു ഉണ്ടായിരുന്നത്: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം, ദൈവദാസനും അവന്റെ ദൂതനുമായ മുഹമ്മദ്, റോമയുടെ അധിപൻ ഹിർക്വലിന് എഴുതുന്നു. താങ്കൾ ഇസ്‌ലാം സ്വീകരിക്കുക, എങ്കിൽ താങ്കൾ രക്ഷപ്പെടും. അല്ലാഹു താങ്കൾക്ക് ഇരട്ടി പ്രതിഫലം നൽകും. ഇനി താങ്കൾ പിന്മാറുന്നപക്ഷം അരീസീങ്ങളുടെ (റോമിലെ കർഷകരുടെ) പാപവും താങ്കൾക്കാണ് ലഭിക്കുക: 'ഓ, വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവീൻ, അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മിൽ ചിലർ മറ്റുചിലരെ അല്ലാഹുവിനു പുറമെ രക്ഷാധികാരികളാക്കാതിരിക്കുകയും ചെയ്യുക എന്ന തത്ത്വത്തിലേക്ക്. എന്നിട്ട് അവർ പിന്തിരിഞ്ഞു കളയുന്നപക്ഷം നിങ്ങൾ പറയു

ക; ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാണ് എന്നതിന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക.''

അബൂസുഫ്‌യാൻ പറയുന്നു. ഹിർക്വൽ പറഞ്ഞു കഴിയുകയും കത്ത് വായനയിൽ നിന്ന് വിരമിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെയടുക്കൽ ശബ്ദം ഉയരുകയും ബഹളം വർധിക്കുകയും ചെയ്തു. ഞങ്ങൾ അവിടെ നിന്ന് പുറത്താക്കപ്പെട്ടു. അപ്പോൾ ഞാൻ എന്റെ സുഹൃത്തുക്കളോട് പറഞ്ഞു: 'അബൂ കബ്ശയുടെ പുത്രന്റെ (മുഹമ്മദ് നബി) കാര്യം ഗംഭീരം തന്നെ. ബനുൽ അസ്ഫർകാരുടെ (റോമക്കാരുടെ) രാജാവ് പോലും അദ്ദേഹത്തെ ഭയപ്പെടുന്നു. അദ്ദേഹത്തിന് വിജയമുണ്ടാകുമെന്ന് അന്നു മുതലേ ഞാൻ ഉറച്ചുവിശ്വസിച്ചിരുന്നു. അങ്ങിനെ അല്ലാഹു എന്റെ മനസ്സിൽ ഇസ്ലാമിനെ സന്നിവേശിപ്പിച്ചു."

ഈലിയാഇലെ ഭരണാധികാരിയും ഹിർക്വലിന്റെ കൂട്ടുകാരനുമായിരുന്ന ഇബ്നുന്നാളൂർ സിറിയയിലെ ക്രിസ്തീയ പുരോഹിത നേതാവായിരുന്നു. അദ്ദേഹം പറയുന്നു: ഹിർക്വൽ ചക്രവർത്തി ഈലിയാഇൽ വന്നപ്പോൾ ഒരു ദിവസം വലിയ മനഃപ്രയാസത്തിലായിത്തീർന്നു. അദ്ദേഹത്തിന്റെ പാത്രിയാർക്കീസിൽപെട്ട ചിലർ ചോദിച്ചു: 'അങ്ങുന്നേ, അവിടുത്തെ സ്ഥിതി ഞങ്ങൾക്കപരിചിതമായ വിധത്തിലാണല്ലോ!' ഇബ്നുന്നാളൂർ പറയുന്നു: 'ഹിർക്വലിന് ജ്യോത്സത്തിൽ പ്രാവീണ്യമുണ്ടായിരുന്നു. രാജാവിനോടവർ അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇന്ന് രാത്രി ഞാൻ നക്ഷത്രവീക്ഷണം നടത്തിയപ്പോൾ ചേലാകർമം നടത്തുന്നവരുടെ രാജാവ് പ്രത്യക്ഷപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ കണ്ടെത്തി. ഈ സമൂഹത്തിൽ ചേലാകർമം നടത്തുന്നതാര്?' അവർ പറഞ്ഞു: 'ജൂതന്മാരാണ് ചേലാകർമം നടത്തുന്നത്.' അവരുടെ കാര്യം അങ്ങേക്ക് പ്രയാസമുണ്ടാക്കുന്നുവെങ്കിൽ അതുവേണ്ട, താങ്കൾ താങ്കളുടെ അധികാരസ്ഥലത്തിലെ എല്ലാ പ്രദേശങ്ങളിലേക്കും അവിടെയുള്ള ജൂതന്മാരെ വധിക്കാൻ എഴുതുക.'

അവർ ഇപ്രകാരം ചർച്ചയിലായിരിക്കെ, ഗസ്സാനിലെ രാജാവ് നബിﷺയെ സംബന്ധിച്ച് വിവരമറിയിക്കാൻ പറഞ്ഞയച്ച ഒരു ദൂതൻ ഹിർക്വലിന്റെയടുത്ത് കൊണ്ടുവരപ്പെട്ടു. അയാളോട് ഹിർക്വൽ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കെ അയാളെ കൊണ്ടുപോയി അയാൾ ചേലാകർമം ചെയ്യപ്പെട്ടവനാണോ അല്ലേ എന്ന് പരിശോധിക്കുവാൻ ആവശ്യപ്പെട്ടു. പരിശോധനാനന്തരം അവർ രാജാവിനെ വിവരമറിയിച്ചു; അയാൾ ചേലാകർമം ചെയ്യപ്പെട്ടവനാണെന്ന്. അപ്പോൾ അറബികളുടെ സ്ഥിതിയെ കുറിച്ച് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: 'ഇവർ ചേലാകർമം നടത്തുന്നവരാണ്.' അപ്പോൾ ഹിർക്വൽ പറഞ്ഞു: 'എന്നാൽ ഈ സമുദായത്തിന്റെ ആധിപത്യം വെളിവായിട്ടുണ്ട്.' പിന്നെ ഹിർക്വൽ ചക്രവർത്തി റൂമിയ്യയിലെ അദ്ദേഹത്തിന്റെ കൂട്ടുകാരന് കത്തെഴുതി - അദ്ദേഹവും ഹിർക്വലിനെ പോലെ പാണ്ഡിത്യത്തിൽ തുല്യനായിരുന്നു. ഹിർക്വൽ ഹിംസ് പ്രദേശത്തേക്ക് സഞ്ചരിച്ചു. അദ്ദേഹം അവിടേക്ക് എത്തുംമ്പോഴേക്കും കൂട്ടുകാരന്റെ മറുപടി ലഭിച്ചു. നബിﷺയുടെ നിയോഗത്തെ സംബന്ധിച്ച ഹിർക്വലിന്റെ അഭിപ്രായത്തോട് യോജിക്കുന്നതും അദ്ദേഹം പ്രവാചകൻ തന്നെയാണെന്നുമായിരുന്നു അതിലുണ്ടായിരുന്നത്. ഹിർക്വൽ റോമിലെ പ്രധാന ആളുകൾക്കെല്ലാം ഹിംസിലെ തന്റെ കൊട്ടാരത്തിൽ പ്രവേശനാനുമതി നൽകി. എന്നിട്ട് അതിന്റെ വാതിലുകൾ അടക്കാൻ ഉത്തരവിട്ടു. വാതിലുകൾ അടക്കപ്പെട്ടു. എന്നിട്ട് അവർക്കു മുമ്പിൽ ചെന്ന് അവരോട് ഇപ്രകാരം പറഞ്ഞു: 'റോമൻ നിവാസികളേ, നിങ്ങൾക്ക് വിജയവും നേർവഴിയും ലഭിക്കണമെന്നും നിങ്ങളുടെ അധികാരം നിലനിൽക്കണമെന്നും നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ ഈ പ്രവാചകന് നിങ്ങൾ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യുവിൻ.' അതോടെ അവർ കാട്ടുകഴുതകളെ പോലെ മുരണ്ട് വാതിലുകളുടെ ഭാഗത്തേക്ക് ഓടി. അപ്പോഴത് അടച്ചിട്ടതായവർ കണ്ടു. ഹിർക്വൽ ചക്രവർത്തി അവരുടെ വെറുപ്പു കാണുകയും അവർ വിശ്വസിക്കുകയില്ലെന്ന് നിരാശപ്പെടുകയും ചെയ്തപ്പോൾ പറഞ്ഞു: 'അവരെ എന്റെ അടുത്തേക്ക് തിരിച്ചു വിളിക്കുവിൻ.' അദ്ദേഹം പറഞ്ഞു: 'ഞാൻ ഇപ്രകാരം നിങ്ങളോട് പറഞ്ഞത് നിങ്ങളുടെ മതത്തിൽ നിങ്ങളുടെ തീവ്രത എത്രയുണ്ടെന്ന് പരിശോധിക്കാൻ വേണ്ടിയായിരുന്നു. ഞാനത് മനസ്സിലാക്കി.' (ഇതു കേട്ട) അവർ അദ്ദേഹത്തെ നമിച്ചു. അവർ അദ്ദേഹത്തിൽ തൃപ്തിപ്പെടുകയും ചെയ്തു. ഇതായിരുന്നു ഈ വിഷയത്തിൽ ഹിർക്വലിന്റെ അവസാന നിലപാട്" (ബുഖാരി).


## അധ്യാപകരെ ആവശ്യമുണ്ട്

**സ്കൂൾ ഓഫ് ഖുർആൻ**

സ്കൂൾ ഓഫ് ഖുർആനിന്റെ കാസറഗോഡ്, കാഞ്ഞങ്ങാട്, തളിപ്പറമ്പ്, കിണവക്കൽ, വടകര, കാപ്പാട്, മഞ്ചേരി, കോട്ടക്കൽ, തിരൂർ, പരപ്പനങ്ങാടി, മാറഞ്ചേരി, വെങ്കിടങ്ങ്, ആറ്റിങ്ങൽ സെന്ററുകളിലേക്ക് യോഗ്യരായ അധ്യാപകരെ ആവശ്യമുണ്ട്. വിശദ വിവരങ്ങൾക്കും ടീച്ചേഴ്സ് ആപ്ലിക്കേഷൻ ഫോമിനും താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

Director, School of Qur'an
Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty
Oorakam | Malappuram | Kerala | India
PIN 676519 | PH: +91 8606788882
www.schoolofquran.in | mail@schoolofquran.com

പി.മുഹമ്മദ് ഇസ്ഹാഖ്, മണ്ണാർക്കാട്
mail@nerpatham.com



# അറിവുണ്ടായാൽ പോരാ...!

അറിവുണ്ടായത് കൊണ്ട് മാത്രം ഒരാളും വിജയിക്കുകയില്ല. നേടിയ അറിവ് ജീവിതത്തിൽ പ്രതിഫലിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെയാണ് റസൂൽ(സ) നമുക്ക് പഠിപ്പിച്ചു തന്ന ഒരു പ്രാർഥനയിൽ "അല്ലാഹുവേ, ഉപകാരപ്രദമായ അറിവും പരിശുദ്ധമായ ഉപജീവനവും സ്വീകരിക്കപ്പെടുന്ന പ്രവർത്തനങ്ങളും ഞാൻ നിന്നോട് ചോദിക്കുന്നു" എന്ന് വന്നിട്ടുള്ളത്.

അറിവുണ്ടായിട്ടും അത് ഉപകാരപ്രദമാകാതിരുന്നതിന്റെ ഉദാഹരണങ്ങൾ നമുക്ക് വിശുദ്ധ ക്വുർആനിൽ കാണാൻ കഴിയും. ഇബ്‌ലീസിനെക്കുറിച്ച് പരാമർശിച്ച ആയത്തുകൾ പരിശോധിച്ചാൽ അല്ലാഹുവിനെക്കുറിച്ചുള്ള ഇബ്‌ലീസിന്റെ അറിവ് എത്രയാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

സൃഷ്ടികർത്താവ് അല്ലാഹുവാണെന്ന് ഇബ്‌ലീസിന് അറിയാമായിരുന്നു. "അവൻ അല്ലാഹുവിനോട് പറഞ്ഞു: എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ (മനുഷ്യനെ) സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നും" (7:12).

മാത്രമല്ല, ഇബ്‌ലീസിന് തന്റെ അവധി നീട്ടിത്തരുവാൻ കഴിവുള്ളവൻ അല്ലാഹുമാത്രമാണെന്ന് അറിയാമായിരുന്നു. തന്റെ അവധി നീട്ടിത്തരുവാൻ അവൻ അല്ലാഹുവിനോട് പ്രാർഥിച്ചത് വിശുദ്ധ ക്വുർആൻ 15:36ലും 38:79ലും കാണാം.

ഉയിർത്തെഴുന്നേൽപ്പ് ഉണ്ടെന്ന് ഇബ്‌ലീസിന് അറിയാമായിരുന്നു: "അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ എനിക്ക് നീ അവധി നീട്ടിത്തരേണമേ" (15:36).

മാത്രമല്ല ഇബ്‌ലീസ് സത്യം ചെയ്തത് അല്ലാഹുവിന്റെ പ്രതാപം മുൻനിറുത്തിയായിരുന്നു: "അവൻ പറഞ്ഞു: നിന്റെ പ്രതാപമാണെ സത്യം; അവരെ (മനുഷ്യരെ) മുഴുവൻ വഴിതെറ്റിക്കുക തന്നെ ചെയ്യും" (38:82).

ഇബ്‌ലീസിന് അല്ലാഹുവിനെ ഭയമായിരുന്നു: "തീർച്ചയായും ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ എന്ന് പറഞ്ഞ് കൊണ്ട് അവൻ (പിശാച്) പിന്മാറിക്കളഞ്ഞു" (8:48).

അതായത് സ്രഷ്ടാവ് അല്ലാഹുവാണെന്നും തന്റെ ആയുസ്സ് പോലും നീട്ടിത്തരുവാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണെന്നും മരണത്തിന് ശേഷം ഒരു ഉയിർത്തെഴുന്നേൽപ് വരാനിരിക്കുന്നുവെന്നും അല്ലാഹുവിനോടാണ് പ്രാർഥിക്കേണ്ടതെന്നും അവൻ കഠിനമായി ശിക്ഷിക്കാൻ കഴിവുള്ളവനാണെന്നും അല്ലാഹുവിന്റെ പ്രതാപത്തെ കുറിച്ചുള്ള അറിവും സത്യം ചെയ്യേണ്ടത് അല്ലാഹുവിനെ കൊണ്ടാണെന്നുമെല്ലാം അറിയുന്ന പിശാച് നരകവാസിയാകാൻ കാരണമെന്തെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

അത് അവന്റെ അഹങ്കാരമായിരുന്നു. അതു കാരണം അവൻ അനുസരണക്കേട് കാണിച്ചു. മാത്രമല്ല, അവൻ പശ്ചാത്തപിച്ചു മടങ്ങിയതുമില്ല.

"ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം: അവർ പ്രണമിച്ചു. ഇബ്‌ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധികളിൽ പെട്ടവനായിരുന്നു"(2:34).

ക്വുർആനിലെ 18:50ലും 7:11ലുമെല്ലാം ഇതിന് സമാനമായ ആശയങ്ങൾ കാണാം.

"അവൻ (അല്ലാഹു) പറഞ്ഞു: ഞാൻ നിന്നോട് കൽപിച്ചപ്പോൾ സുജൂദ് ചെയ്യാതിരിക്കാൻ നിനക്കെന്ത് തടസ്സമായിരുന്നു? അവൻ പറഞ്ഞു: ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നും" (7:12).

ഇവിടെ നാം ഓർക്കേണ്ട ചില വസ്തുതകളുണ്ട്. മുസ്‌ലിം നാമധാരികളായ ബഹുഭൂരിപക്ഷത്തിനും എന്തുമാത്രം മതപരമായ അറിവുകളുണ്ട്? അറിവ് ഉണ്ടെങ്കിൽ തന്നെ നാം അല്ലാഹുവിന്റെ കൽപനകൾക്ക് എന്ത് വിലയാണ് നൽകിയിട്ടുള്ളത്? അല്ലാഹു നിർബന്ധമാക്കിയ എത്ര സുജൂദുകൾ നാം മുടക്കിയിട്ടുണ്ട്? വിവരം ഉള്ളത് കൊണ്ട് മാത്രം നാം രക്ഷപ്പെടുമോ? ഇല്ലതന്നെ! മനുഷ്യരായ നമ്മെ വഴിതെറ്റിക്കുവാൻ പിശാച് ദൃഢനിശ്ചയം ചെയ്തിരിക്കുകയാണല്ലോ.

"അവൻ (ഇബ്‌ലീസ്) പറഞ്ഞു: നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും, അവരുടെ പിന്നിലൂടെയും, അവരുടെ വലതുഭാഗങ്ങളിലൂടെയും, ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല"(7:16,17).

ആദം നബിയെയും ഹവ്വാഇനെയും പിശാച് വഞ്ചനയിലൂടെ വഴിപിഴപ്പിച്ചു: "അങ്ങനെ അവർ ഇരുവരെയും വഞ്ചനയിലൂടെ അവൻ തരംതാഴ്ത്തിക്കളഞ്ഞു..." (7:22).

എന്നാൽ അവർ രണ്ട് പേരും തെറ്റ് മനസ്സിലാക്കി പശ്ചാത്തപിച്ച് മടങ്ങുകയും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തു:

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# നല്ല അയൽക്കാരൻ

വളരെ നല്ലവനും ധനികനുമായ ഒരാളാണ് മുനീർ. അദ്ദേഹത്തിന് അഹ്മദ് എന്നു പേരുള്ള ഒരു അയൽക്കാരനുണ്ട്. അഹ്മദ് വളരെ ദരിദ്രനാണ്. എന്താവശ്യമുണ്ടെങ്കിലും മുനീർ അഹ്മദിനെ സഹായിക്കും. ധനികനാണെന്ന നാട്യമോ അഹങ്കാരമോ അദ്ദേഹത്തിൽ ഒട്ടുമില്ല.

ഒരിക്കൽ മുനീർ കച്ചവടാവശ്യാർഥം ദൂരെയെങ്ങോ പോയി. ഇടയ്ക്കിടെ അങ്ങനെ പോകാറുണ്ട്. പിന്നീട് ആഴ്ചകളോ മാസങ്ങളോ കഴിഞ്ഞേ മടങ്ങിവരാറുള്ളൂ. ആയിടയ്ക്കാണ് അഹ്മദിന്റെ ഭാര്യ തീരെ സുഖമില്ലാതെ ആശുപത്രിയിൽ കിടപ്പിലായത്. താമസിയാതെ അവർക്ക് ഒരു ഓപ്പറേഷൻ ആവശ്യമാണെന്നും അല്ലാത്തപക്ഷം ജീവൻ രക്ഷപ്പെടില്ലെന്നും അതിന് ഭീമമായ സംഖ്യ വേണ്ടിവരുമെന്നും ഡോക്ടർ പറഞ്ഞപ്പോൾ അഹ്മദ് വളരെയധികം ദുഃഖിതനായി. കൂലിപ്പണിക്കാരനായ തനിക്ക് ഭീമമായ ഒരു സംഖ്യ ആരെങ്കിലും കടംതരുമോ? ആരോടെങ്കിലും യാചിച്ച് കാശുണ്ടാക്കാൻ മനസ്സ് സമ്മതിക്കുന്നുമില്ല. മുനീർ സ്ഥലത്തുണ്ടായിരുന്നുവെങ്കിൽ എന്തെങ്കിലും പോംവഴിയുണ്ടാകുമായിരുന്നു.

ഒടുവിൽ അഹ്മദ് കാശുണ്ടാക്കാൻ ഒരു വഴി കണ്ടെത്തി; തന്റെ കൊച്ചുവീടും സ്ഥലവും വിൽക്കുക! ഭാര്യയുടെ ജീവനാണല്ലോ പ്രധാനം. അവൾ സുഖം പ്രാപിച്ച ശേഷം വല്ല വാടകവീട്ടിലും താമസിക്കാം.

വീടും സ്ഥലവും വിൽക്കാൻ തീരുമാനിച്ച വിവരമറിഞ്ഞ് ഒരു കച്ചവടക്കാരൻ അഹ്മദിനെ സമീപിച്ചു. അയാൾ വില പറഞ്ഞു; ഒരുലക്ഷം രൂപ.

"വെറും ഒരു ലക്ഷമോ'' അഹ്മദ് ചോദിച്ചു.

"അതുതന്നെ അധികമാണ്. അതിന്റെ പകുതിപോലും കിട്ടാൻ മാത്രം ഈ വീടും സ്ഥലവുമില്ല" -കച്ചവടക്കാരൻ തറപ്പിച്ചു പറഞ്ഞു.

"സ്നേഹിതാ! ഒരു ലക്ഷത്തിന് ഈ വീടും സ്ഥലവും ഇല്ലായിരിക്കാം. പക്ഷേ, ഈ വീടിന് ഒരു അയൽക്കാരനുണ്ട്; മുനീർ. ഉദാരനും മാന്യനും ഭക്തനുമായ ഒരു മനുഷ്യൻ. ഞാൻ രോഗിയായാൽ അയാൾ എന്നെ സന്ദർശിക്കും. എന്റെ ആവശ്യങ്ങൾ ചോദിച്ചറിയും. എന്റെ സുഖത്തിൽ സന്തോഷിക്കും. എന്റെ ദുഃഖത്തിൽ അയാളും ദുഃഖിക്കും. ഇന്നേവരെ അയാളിൽനിന്ന് മോശമായ ഒരു വാക്കുപോലും കേൾക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഇപ്പോൾ അദ്ദേഹം സ്ഥലത്തില്ല. എപ്പോൾ വരുമെന്നുമറിയില്ല. അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ ആവശ്യമായ സഹായം ചെയ്തു തന്നേനെ"-നല്ലവനായ അയൽവാസിയെക്കുറിച്ച് പറഞ്ഞപ്പോൾ അഹ്മദിന്റെ കണ്ണുകൾ നിറഞ്ഞു.

ഈ വാക്കുകൾ കേട്ടപ്പോൾ കച്ചവടക്കാരൻ പറഞ്ഞു: "മുനീറിനെപ്പോലുള്ള ഒരു അയൽവാസിയുണ്ടെങ്കിൽ എത്രകിട്ടിയാലും ഈ വീട് വിൽക്കുന്നത് ശരിയല്ല. കാശിന് പടച്ചവൻ എന്തെങ്കിലും വഴി കാണിച്ചുതരും. ഞാൻ പോകുന്നു".

ഇതും പറഞ്ഞ് കച്ചവടക്കാരൻ തിരിച്ചുപോയി. അഹ്മദ് കൂടുതൽ ദുഃഖിതനായി. ആകെയുള്ള ഒരു വഴിയായിരുന്നു വീടുവിൽക്കൽ. അതും മുടങ്ങിയാൽ എന്തുചെയ്യും?

എന്നാൽ അന്നു രാത്രിതന്നെ മുനീർ മടങ്ങിയെത്തി. വിവരങ്ങളെല്ലാം അറിഞ്ഞ മുനീർ പിറ്റേദിവസം കാലത്തുതന്നെ ആശുപത്രിയിലെത്തി. അഹ്മദിന്റെ ഭാര്യയെ ആശ്വസിപ്പിച്ചു; രോഗശമനത്തിനു വേണ്ടി പ്രാർഥിച്ചു. അഹ്മദിനെ അരികിൽ വിളിച്ചുകൊണ്ട് മുനീർ പറഞ്ഞു:

"സഹോദരാ, നിനക്ക് ആകെയുള്ള കിടപ്പാടം നീ വിൽക്കരുത്. നിന്നെ അയൽക്കാരനായി എനിക്കുവേണം. നിന്റെ ഭാര്യയെ ചികിത്സിക്കാൻ കാശില്ലാതെ നീ വിഷമിക്കേണ്ട. എന്തു വന്നാലും അത് ഞാൻ വഹിക്കാം".

സന്തോഷാധിക്യത്താൽ മുനീറിനെ കെട്ടിപ്പിടിച്ച് അഹ്മദ് വിതുമ്പിക്കരഞ്ഞു.

ഈ വിവരമറിഞ്ഞ പലരും തങ്ങൾക്ക് മുനീറിനെപ്പോലുള്ള ഒരു അയൽവാസിയെ കിട്ടിയെങ്കിൽ എന്നാശിച്ചുപോയി.

---

"അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്ത് തരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (7:23).

നമുക്കും ചെയ്യാനുള്ളത് ഇതുതന്നെയാണ്. അഹംഭാവം വെടിഞ്ഞുകൊണ്ട് ചെയ്ത തെറ്റുകൾക്ക് ആത്മാർഥമായി പശ്ചാത്തപിച്ച് മടങ്ങുകയും അറിവ് നേടുകയും നേടിയ അറിവിന് അനുസരിച്ച് ശിഷ്ടജീവിതം നന്നാക്കുകയും അനുസരണയോടെയും ഭയഭക്തയോടെയും ജീവിച്ചുകൊണ്ട് റബ്ബിന്റെ തൃപ്തിയും പാപമോചനവും നേടിയെടുക്കുകയും ചെയ്യുക.

ഫത്‌വ: ലജ്നത്തുദ്ദാഇമ
വിവർത്തനം: അബ്ദുൽ ജബ്ബാർ മദീനി



# നബി ﷺ യോട് സഹായം തേടാമോ?

*‘റസൂലേ സഹായിക്കേണമേ,’ ‘നബിയേ കാക്കേണമേ’ എന്നിങ്ങനെ ഒരു വിഭാഗം (മുസ്‌ലിംകൾ) വിളിച്ചുതേടുന്നതായി ഞങ്ങൾ കേൾക്കുന്നു. അതിന്റെ ഇസ്‌ലാമികവിധി എന്താണ്?*

ഇത്തരം വിളികൾ വലിയ ശിർക്കാകുന്നു. ഈ വിളിയുടെ അർഥം നബി(സ്വ)യോട് സഹായം തേടുക എന്നതാണ്. നബി(സ്വ)യുടെ സ്വഹാബികളും അഹ്‌ലുസ്സുന്നഃയുടെ പണ്ഡിതരായ സ്വഹാബികളുടെ പിൻതുടർച്ചക്കാരും അമ്പിയാക്കളിൽനിന്നും മറ്റും മരണപ്പെട്ടവരോടും മലക്കുകളിൽനിന്നും അല്ലെങ്കിൽ ജിന്നുകളിൽനിന്നും മറ്റും മറഞ്ഞവരോടും വിഗ്രഹങ്ങളോടും കല്ലുകളോടും മരങ്ങളോടും നക്ഷത്രങ്ങളോടും അതുപോലുള്ളവയോടും സഹായാർഥന നടത്തുന്നത് വലിയശിർക്കാണെന്നതിൽ ഏകോപിച്ചിരിക്കുന്നു. കാരണം, അല്ലാഹു പറഞ്ഞു:

“പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്” (സൂറഃ അൽജിന്ന്: 18).

“അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരുവാൻ ആരുമില്ല” (അൽഫാത്വിർ: 13,14).

“വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ചുപ്രാർഥിക്കുന്ന പക്ഷം – അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ– അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാ

പിക്കുകയില്ല; തീർച്ച" (അൽ മുഅ്മിനൂൻ: 117).

ഈ അർഥത്തിൽ സൂക്തങ്ങൾ ധാരാളമാണ്. ക്വുറൈശികളിലും മറ്റും ഉൾപ്പെട്ട ആദികാല ബഹുദൈവവിശ്വാസികളുടെ ആദർശമായിരുന്നു ഈ പ്രവൃത്തി. നിശ്ചയം അല്ലാഹു, ശിർക്കിനെ എതിർത്തുകൊണ്ടും അതിനെതിരിൽ മുന്നറിയിപ്പ് നൽകിക്കൊണ്ടുമാണ് മുഴുവൻ ദൂതന്മാരെയും നിയോഗിച്ചയച്ചത്; സർവവേദ ഗ്രന്ഥങ്ങളും അവതരിപ്പിച്ചതും. അല്ലാഹു പറഞ്ഞു:

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (അന്നഹ്ൽ: 36).

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (അൽഅമ്പിയാഅ്: 25).

"അലിഫ്-ലാം-റാ. ഒരു പ്രമാണഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയ ഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനി യുമായ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ളതത്രെ അത്. എന്തെന്നാൽ അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. തീർച്ചയായും അവങ്കൽ നിന്ന് നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട താക്കീതുകാരനും സന്തോഷവാർത്തക്കാരനുമത്രെ ഞാൻ" (ഹൂദ്: 1,2).

ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു. തീർച്ചയായും നിനക്ക് നാം ഈ ഗ്രന്ഥം അവതരിപ്പിച്ചു തന്നത് സത്യപ്രകാരമാകുന്നു. അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ നീ ആരാധിക്കുക. അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും അവിശ്വാസിയുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച" (അസ്സുമർ: 1,2,3).

അല്ലാഹു ദൂതന്മാരെ നിയോഗിച്ചയച്ചതും വേദഗ്രന്ഥങ്ങൾ സർവതും അവതരിപ്പിച്ചതും ഏകനും യാതൊരു പങ്കുകാരുമില്ലാത്ത അവൻ ആരാധിക്കപ്പെടുന്നതിനുവേണ്ടിയാണ്. അഥവാ ദുആഅ് (പ്രാർഥന), ഇസ്തിഗാഥഃ (സഹായതേട്ടം), ഖൗഫ് (ഭയം), റജാഅ് (പ്രതീക്ഷ), നമസ്കാരം, നോമ്പ്, ബലി, തുടങ്ങിയ ആരാധനയുടെ ഇനങ്ങൾകൊണ്ട് അവൻ മാത്രം ആരാധിക്കപ്പെടുന്നതിനുവേണ്ടി. അല്ലാഹു ഉപരിസൂചിത ആയത്തുകളിൽ അത് വ്യക്തമാക്കി. ക്വുറൈശികളിലും മറ്റുമുള്ള ബഹുദൈവ വിശ്വാസികൾ പ്രവാചകനോടും മറ്റു സത്യപ്രബോധകന്മാരോടും പറഞ്ഞിരുന്നത് ഔലിയാക്കളെ ഞങ്ങൾ ആരാധിക്കുന്നത് അവർ മധ്യവർത്തികളായി ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതിനുവേണ്ടിയാണ് എന്നും അല്ലാഹു ഉണർത്തുന്നു. അഥവാ, മുശ്‌രിക്കുകൾ അവരെ ആരാധിച്ചിരുന്നത് അവർ അല്ലാഹുവിലേക്ക് തങ്ങളെ അടുപ്പിക്കുന്നതിനുവേണ്ടിയും തങ്ങൾക്കുവേണ്ടി അവർ ശുപാർശ പറയുന്നതിനുവേണ്ടിയുമാണ്; അല്ലാതെ, അവരാണ് സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും പ്രപഞ്ചത്തിൽ കൈകാര്യകർതൃത്വം നിർവഹിക്കുകയും ചെയ്യുന്നത് എന്ന വിശ്വാസം അവർക്ക് ഉള്ളതിനാലല്ല. എന്നിട്ടും അല്ലാഹു അവരെ വ്യാജവാദികളെന്ന് പറയുകയും ആ വിശ്വാസം കാരണത്താൽ അവർ അവിശ്വാസികളാണെന്ന് അറിയിക്കുകയുമാണ് ചെയ്തത്.

അല്ലാഹു പറഞ്ഞു:"അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും അവിശ്വാസിയുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച" (അസ്സുമർ: 3).

അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുന്ന ഔലിയാക്കൾ മധ്യവർത്തികളായി തങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുമെന്ന അവരുടെ ജൽപനത്താൽ അവർ വ്യാജന്മാരാണെന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കി. അതിനാൽ അവർ കാഫിറുകളാണെന്ന് അവരുടെമേൽ അല്ലാഹു വിധിക്കുകയും ചെയ്തു. അതുകൊണ്ടാണ് 'നുണയനും അവിശ്വാസിയുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച' എന്ന് അല്ലാഹു പറഞ്ഞത്.

അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുന്ന ബഹുദൈവ വിശ്വാസികളുടെ ആരാധ്യന്മാരെ കുറിച്ച് അവർ ജൽപിക്കുന്നത്, അല്ലാഹുവിങ്കൽ ഈ ആരാധ്യന്മാർ തങ്ങളുടെ ശുപാർശകരാണ് എന്നാണ്. ഇക്കാര്യംസൂറഃ യൂനുസിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറഞ്ഞു:

"അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശ ക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു..." (യൂനുസ്: 18). എന്നാൽ അവരുടേത് കള്ളവാദമാണ് എന്ന് അല്ലാഹു തുടർന്ന് വ്യക്തമാക്കി:

"...(നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറിയിച്ചു കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായി രിക്കുന്നു" (യൂനുസ്: 18).

അപ്പോൾ, ജിന്നുകൾക്കും ഇൻസുകൾക്കും നിർബന്ധമായത്, അവർ ആരാധനകൾ അല്ലാഹുവിനുമാത്രം നിഷ്ക്കളങ്കമാക്കുക എന്നതും അല്ലാഹുവെ കൂ

ടാതെയുള്ള അമ്പിയാക്കളാകട്ടെ മറ്റുള്ളവരാകട്ടെ അവരെ, സഹായതേട്ടം കൊണ്ടോ ഇബാദത്തിന്റെ ഇനങ്ങളിൽ മറ്റു വല്ലതുംകൊണ്ടോ ആരാധിക്കുന്നത് സൂക്ഷിക്കുക എന്നതുമാണ്. ഉപരിസൂചിത ആയത്തുകൾകൊണ്ടും അവയുടെ ആശയങ്ങളുള്ള ഇതര ആയത്തുകൾകൊണ്ടും അല്ലാഹുവിന്റെ തിരുദൂതരിൽനിന്നും ഇതര പ്രവാചകരിൽനിന്നും സ്ഥിരപ്പെട്ട ആദർശംകൊണ്ടും കർമങ്ങളനുഷ്ഠിക്കുകയാണ് വേണ്ടത്. അമ്പിയാക്കളഖിലവും അല്ലാഹുവെ ഏകപ്പെടുത്തുന്നതിലേക്കും ആരാധനകൾ അവന് മാത്രമാക്കുന്നതിലേക്കും ആളുകളെ ക്ഷണിച്ചു. ആളുകൾ അല്ലാഹുവിൽ പങ്കുചേർക്കുന്നതും അവനല്ലാത്ത വരെ ആരാധിക്കുന്നതും അവർ വിരോധിച്ചു. ഏതൊരു അടിസ്ഥാനവുമായിട്ടാണോ അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തത്, ഏതൊരു അടിസ്ഥാനം കാരണത്താലാണോ അല്ലാഹു ജിന്നുകളെയും ഇൻസുകളെയും സൃഷ്ടിച്ചത്, ആ ഇസ്‌ലാമി ക അടിസ്ഥാന ആദർശമത്രെ ഇത്. അതിനാൽ, വല്ലവനും അമ്പിയാക്കളെക്കൊണ്ടും മറ്റും സഹായാർഥന നടത്തുകയോ, അവരിൽ നിന്ന് രക്ഷതേടുകയോ, ഇബാദാത്തുകളിൽ വല്ലതും അവരിലേക്ക് സമർപിക്കുകയോ ചെയ്താൽ നിശ്ചയം, അവൻ അല്ലാഹുവിൽ ശിർക്ക് ചെയ്തിരിക്കുന്നു. അല്ലാഹുവോടൊപ്പം മറ്റുള്ളവരെ അവൻ ആരാധിച്ചിരിക്കുന്നു. ശിർക്കു ചെയ്താൽ ഉണ്ടാകുന്നതും വിശുദ്ധ ക്വുർആൻ ഉണർത്തിയതുമായ അപകടങ്ങളിൽ അവൻ അകപ്പെടുകയും ചെയ്തിരിക്കുന്നു. ശിർക്കു ചെയ്താൽ ഉണ്ടാകുന്ന അപകടത്തെകുറിച്ച് അല്ലാഹു പറഞ്ഞു:

"അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു" (അൽ അൻആം: 88).

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (അസ്സുമർ: 65).

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (അന്നിസാഅ്: 48).

"അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (അൽമാഇദഃ: 72).

മുസ്‌ലിം നാടുകളിൽനിന്ന് വിദൂരമായതിനാൽ പ്രബോധനവും വിശുദ്ധ ക്വുർആനും തിരുസുന്നത്തും എത്തിയിട്ടില്ലാത്ത വ്യക്തി മാത്രമാണ് ഈ തെളിവുകളിൽനിന്ന് ഒഴിവാക്കപ്പെടുക. അയാളുടെ കാര്യം അല്ലാഹുവിലേക്കാകുന്നു. അങ്ങനെയുള്ള വ്യക്തിയുടെ വിഷയങ്ങളിൽ പണ്ഡിതന്മാരുടെ വാക്കുകളിൽ സ്വഹീഹായത് അവൻ അന്ത്യനാളിൽ പരീക്ഷിക്കപ്പെടുമെന്നും കൽപന അനുസരിച്ചാൽ സ്വർഗത്തിൽ പ്രവേശിക്കുമെന്നും ധിക്കരിച്ചാൽ നരകത്തിൽ പ്രവേശിക്കുമെന്നുമാണ്. ഇപ്രകാരം പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന കുട്ടികളും ഈ തെളിവുകളിൽനിന്ന് ഒഴിവാക്കപ്പെടും. അവരുടെ വിഷയത്തിൽ രണ്ട് അഭിപ്രായങ്ങൾ ശരിയായി വന്നിട്ടുണ്ട്.

ഒന്ന്: അവർ അന്ത്യനാളിൽ പരീക്ഷിക്കപ്പെടും. ഉത്തരമേകിയാൽ അവർ സ്വർഗത്തിൽ പ്രവേശിക്കും. ധിക്കരിച്ചാൽ അവർ നരകത്തിൽ പ്രവേശിക്കും. കാരണം പ്രായപൂർത്തിയാകുന്ന തിന് മുമ്പ് മരണപ്പെടുന്ന കുട്ടികളെകുറിച്ച് നബിﷺ ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു:

"അവർ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു ആകുന്നു കൂടുതൽ അറിയുന്നവൻ" (ബുഖാരി, മുസ്‌ലിം). അന്ത്യനാളിൽ അവർ പരീക്ഷിക്കപ്പെട്ടാൽ അവരെ കുറിച്ചുള്ള അല്ലാഹുവിന്റെ അറിവ് വെളിപ്പെട്ടു.

രണ്ട്: പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന കുട്ടികൾ സ്വർഗാവകാശികളാണ്. കാരണം, അവർ വിധിവിലക്കുകൾ ബാധകമാകുന്നതിനുമുമ്പ് ഫിത്‌റത്തിൽ മരണപ്പെട്ടവരാണ്. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

"എല്ലാ കുട്ടികളും ഫിത്‌റത്തി(ഇസ്‌ലാമിൽ)ലാണ് ജനിക്കുന്നത്. അതിൽപിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനാക്കുന്നു, അല്ലെങ്കിൽ അവർ അവനെ ക്രിസ്ത്യാനിയാക്കുന്നു, അല്ലെങ്കിൽ അവർ അവനെ അഗ്നിയാരാധകനാക്കുന്നു" (ബുഖാരി, മുസ്‌ലിം).

മുസ്‌ലിമിന്റെ റിപ്പോർട്ടിൽ ഇപ്രകാരം കൂടിയുണ്ട്:

"അതിൽപിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനോ ക്രിസ്ത്യാനിയോ അല്ലാഹുവിൽ പങ്ക്ചേർക്കുന്നവനോ ആക്കുന്നു". അദ്ദേഹത്തിന്റെ തന്നെ മറ്റൊരു റിപ്പോർട്ടിൽ "ഈ (ഇസ്‌ലാമിക) മില്ലത്തിലല്ലാതെ (ഒരു കുഞ്ഞും ജനിക്കുന്നില്ല)" എന്നാണുള്ളത്.

സ്വപ്നത്തിൽ നബിﷺ ദർശിച്ച കാര്യങ്ങൾ പറഞ്ഞത് സമുറഃ ഇബ്നു ജുൻദുബ്ؓ റിപ്പോർട്ട് ചെയ്തതിൽ ഇപ്രകാരം കാണാം:

"എന്നാൽ, (സ്വർഗ)ത്തോപ്പിൽ ഉള്ളതായ ഉയരമുള്ള വ്യക്തി, അത് ഇബ്‌റാഹീംؑ ആകുന്നു. അദ്ദേഹത്തിന് ചുറ്റുമുള്ള കുട്ടികൾ ഫിത്‌റത്തിൽ മരണപ്പെട്ട എല്ലാ കുട്ടികളുമാണ്. അപ്പോൾ മുസ്‌ലിംകളിൽ ചിലർ ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരേ, ബഹുദൈവവിശ്വാസികളുടെ കുട്ടികളുമുണ്ടോ? അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ബഹുദൈവ വിശ്വാസികളുടെ കുട്ടികളും ഉണ്ട്" (ബുഖാരി).

ഉപരിസൂചിത തെളിവുകളുടെ വെളിച്ചത്തിൽ, പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന ബഹുദൈവവിശ്വാസികളുടെ കുട്ടികളുടെ വിഷയത്തിൽ പറയപ്പെട്ട അഭിപ്രായങ്ങളിൽ കൂടുതൽ സ്വഹീഹായ

ത് ഈ രണ്ടാമത്തെ അഭിപ്രായമാകുന്നു. അല്ലാഹു പറഞ്ഞു:

“ഒരു ദൂതനെ അയക്കുന്നത് വരെ നാം (ആരെയും) ശിക്ഷിക്കുന്നതുമല്ല” (അൽ ഇസ്റാഅ്: 15).

സ്വഹീഹുൽ ബുഖാരിയിൽ കിതാബുൽ ജനാഇസിൽ ‘പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്ന കുട്ടികളുടെ വിഷയത്തിൽ പറയപ്പെട്ടത്’ എന്ന അധ്യായത്തിന്റെ വിശദീകരണത്തിൽ ഇതാണ് പ്രാമാണികർ എത്തിപ്പെട്ടതായ, തെരഞ്ഞെടുക്കപ്പെട്ടതും സ്വഹീഹായതുമായ അഭിപ്രായമെന്ന് ഇമാം ഇബ്നുഹജർജ രേഖപ്പെടുത്തിയിട്ടുണ്ട്.

ജീവിച്ചിരിപ്പുള്ള, ഹാജറുള്ള, വ്യക്തിയോട് അയാളുടെ കഴിവിൽപെട്ടത് തേടുന്നത് ഇതിൽനിന്ന് ഒഴിവാക്കപ്പെടും. അത് ശിർക്കല്ല. മൂസാനബി(عليه السلام)യുടെ കോപ്റ്റിക് വംശജനോടൊത്തുള്ള സംഭവത്തിൽ അല്ലാഹു പറയുന്നു:

“അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി” (അൽക്വസ്വസ്: 15).

ഓരോ മനുഷ്യനും തന്റെ സഹോദരങ്ങൾക്ക് ആവശ്യമായ വിഷയങ്ങളിൽ തന്റെ കഴിവിൽപെട്ടതുകൊണ്ട് അവരെ സഹായിക്കൽ ആവശ്യമായിവരും. അത് ശിർക്കിൽപെട്ടതല്ല. പ്രത്യുത, അനുവദനീയമായ കാര്യങ്ങളിൽപെട്ടതാണ്. തെളിവുകളുടെ തേട്ടമനുസരിച്ച് ചിലപ്പോൾ അത്തരം സഹകരണം സുന്നത്തായിരിക്കും; മറ്റുചിലപ്പോൾ നിർബന്ധവുമായിരിക്കും.

അല്ലാഹുവാകുന്നു തൗഫീക് ഉടമപ്പെടുത്തിയവൻ. അവൻ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ചുവരെഴുത്ത്**
**ജമൽ യുദ്ധം അധികാരത്തിന് വേണ്ടിയായിരുന്നോ?**
**ഭാഗം: 1**
**അബ്ദുൽ ജബ്ബാർ മദീനി**
17.04.17 തിങ്കൾ, 8:20 PM
18.04.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**വേനൽകാല രോഗങ്ങൾ, ഭാഗം: 2**
**ഡോ.അബ്ദുൽ ജലീൽ**
**(പ്രൊഫ. ഡിപാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ M.E.S Medical College)**
**സിബിൻ ഉസ്മാൻ (സീനിയർ റെസിഡന്റ് ഡിപാർട്ട്മെന്റ് ഓഫ് മെഡിസിൻ M.E.S Medical College)**
17.04.17 തിങ്കൾ, 09:00 PM, 11:15 PM
18.04.17 ചൊവ്വ, 10:30 AM

**ഇ.മദ്രസ**
**രോഗികളെ സന്ദർശിക്കുമ്പോഴുള്ള പ്രാർത്ഥന**
**ജംഷീർ സ്വലാഹി**
19.04.17 ബുധൻ 07:20 AM, 06:05 PM

**സലഫി ദുറൂസ്**
**നുബുവ്വതിന്റെ തെളിവുകൾ ഭാഗം: 51**
**അബൂബക്കർ സലഫി**
20.04.17 വ്യാഴം 04:30 PM, 09:30 PM
21.04.17 വെള്ളി 09:30 AM

**ജനക്ഷേമം**
**ട്രഷറി വകുപ്പും ആധുനികവൽകരണവും**
**ഡോ.അബ്ദുൽ ജലീൽ**
**ജാഫർ കെ കക്കൂത്ത്**
**(സബ്ട്രഷറി ഓഫീസർ, പെരിന്തൽമണ്ണ)**
**ഇബ്നു അലി എടത്തനാട്ടുകര**
20.04.17 വ്യാഴം, 09:00 PM, 11:15 PM
21.04.17 വെള്ളി, 10:30 AM

**തജ്വീദ് പഠനം**
**സൂറത് ബലദ് പാരായണ പഠനം**
**ഹാഫിള് അസ്ലം കുവൈത്ത്**
21.04.17 വെള്ളി 7:45 PM
22.04.17 ശനി 05:00 AM

**നിയമപാഠം**
**ബൈജു ആർ.എൽ**
**(സബ് ജഡ്ജ്)**
21.04.17 വെള്ളി, 9:00 PM, 11:15 PM
22.04.17 ശനി, 10:30 AM

**ടീൻസ് ടൈം**
**വ്യതിയാനത്തിന്റെ കാരണങ്ങൾ**
**ഇൻഷാദ് സ്വലാഹി**
22.04.17 ശനി 9:00 PM, 11:15 PM
23.04.17 ഞായർ 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ശമീർ മുണ്ടേരി
mundery@gmail.com

ലേഖനം



# സ്രഷ്ടാവിന്റെ അനിഷ്ടം സമ്പാദിക്കുന്നവർ

നമ്മെ ആരും വെറുക്കുന്നത് നാം ഇഷ്ടപ്പെടുന്നില്ല. എല്ലാവരും സ്‌നേഹിക്കണം എന്നാണ് നമ്മുടെയൊക്കെ ആഗ്രഹം. മറ്റുള്ളവരുടെ വെറുപ്പ് സമ്പാദിക്കാതിരിക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നവരാണ് നാം. മറ്റുള്ളർവർക്ക് വെറുപ്പുണ്ടാക്കുന്ന കാര്യങ്ങൾ ഏതൊക്കെയെന്ന് മനസ്സിലാക്കി തിരുത്താൻ നമ്മൾ തയ്യാറുമാണ്.

എന്നാൽ വിശ്വാസികളായ നാം നമ്മുടെ രക്ഷിതാവ് നമ്മെ വെറുക്കരുത് എന്നാഗ്രഹിക്കുകയും അവൻ വെറുക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി അവ ജീവിതത്തിൽ നിന്ന് ഒഴിവാക്കാൻ പരിശ്രമിക്കാറുണ്ടോ?

പ്രവാചകൻﷺ അല്ലാഹുവിനോട് പ്രാർഥിക്കുന്ന ഒരു പ്രാർഥന കാണുക:

സിയാദ്ബ്‌നു ഇലാഖ തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം ചെയ്യുന്നു: നബിﷺ ഇപ്പ്രകാരം പറയാറുണ്ടായിരുന്നു: "അല്ലാഹുവേ, മോശമായ പ്രവൃത്തികളിൽ നിന്നും സ്വഭാവത്തിൽ നിന്നും ഇച്ഛകളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു" (തിർമിദി).

മോശമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. ആ പ്രവൃത്തികൾ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല. അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന ചില കാര്യങ്ങളാണ് താഴെ വിവരിക്കുന്നത്:

### അവിശ്വാസം

സ്രഷ്ടാവിനോട് കാണിക്കുന്ന നന്ദികേടാണ് അവിശ്വാസം. അതിനാൽ അവിശ്വാസികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല:

"പറയുക, നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അവിശ്വാസികളെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (ആലുഇംറാൻ 32).

കുഫ്ർ (അവിശ്വാസം) എന്നത് ഈമാനിന്റെ (വിശ്വാസം) വിപരീത പദമാണ്. അതാണ് മുകളിൽ പറഞ്ഞ വചനത്തിൽ ഉദ്ദേശിക്കപ്പെട്ടത്. നന്മയും അനുഗ്രഹവും നിഷേധിക്കുക എന്ന അർഥത്തിൽ ഇത് ഉപയോഗിക്കും. 'കുഫ്ർ' എന്ന പദത്തിന്റെ അർഥം 'മറച്ചുവെക്കുക,' 'മൂടിവെക്കുക' എന്നൊക്കെയാണ്. എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകിയ അല്ലാഹുവിനെ അംഗീകരിക്കാതെ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർഥിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുന്നത് ഏറ്റവും വലിയ കുഫ്‌റാണ്. അങ്ങനെയുള്ളവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല: എന്നാണ് റബ്ബ് വിശദീകരിക്കുന്നത് .

### അക്രമം

"...അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല" (ആലുഇംറാൻ: 140).

ഏറ്റവും വലിയ അക്രമം ബഹുദൈവാരാധനയാണ്. സൂറത്തു ലുക്മാനിൽ നമുക്കിങ്ങനെ കാണാം :

"ലുക്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (ലുക്മാൻ: 13).

അല്ലാഹുവിൽ പങ്കുചേർക്കുന്നത് സ്വർഗം നിഷിദ്ധമാക്കുകയും നരകം ഉറപ്പാക്കുകയും ചെയ്യുന്ന പ്രവർത്തനമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ലോകത്ത് വന്ന മുഴുവൻ പ്രവാചകന്മാരും ഇക്കാര്യമാണ് പ്രഥമമായി ജനങ്ങളെ ഉപദേശിച്ചത്.

**അതിരുകവിയൽ**

"സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ച് തന്ന വിശിഷ്ടവസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്. നിങ്ങൾ പരിധി ലംഘിക്കുകയും ചെയ്യരുത്. പരിധി ലംഘിക്കുന്നവരെ അല്ലാഹു ഒട്ടും ഇഷ്ടപ്പെടുകയില്ല" (അൽമാഇദ: 67).

ആരാധനയിലും ഭക്ഷിക്കുന്നതിലും ചെലവഴിക്കുന്നതിലുമൊന്നും അതിരുകവിയാൻ പാടില്ല. എല്ലാറ്റിലും മിതത്വം പാലിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

"...നിങ്ങൾ തിന്നുകയും കുടി ക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്ന വരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (അൽ അഅ്റാഫ്: 31)

**കുഴപ്പം**

"അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വിള നശിപ്പിക്കാനും ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. കുഴപ്പം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല" (അൽബക്വറ: 205).

"...അവർ നാട്ടിൽ കുഴപ്പമുണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുകയാണ്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (അൽമാഇദ: 64).

കുടുംബത്തിൽ, സമൂഹത്തിൽ, പ്രസ്ഥാനങ്ങളിൽ, കലാലയങ്ങളിൽ, രാജ്യങ്ങളിൽ... എവിടെയും കുഴപ്പമുണ്ടാക്കുന്നവരെ നാം കാണുന്നു. അരാജകത്വം സൃഷ്ടിക്കുക എന്നത് ചിലർക്ക് ഹരമാണ്. "...കുഴപ്പം കൊലയേക്കാൾ ഗുരുതരമാകുന്നു..." (2:217) എന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നത് ചിന്താർഹമാണ്.

**വഞ്ചന**

"തീർച്ചയായും സത്യവിശ്വാസികൾക്ക് വേണ്ടി അല്ലാഹു പ്രതിരോധം ഏർപെടുത്തുന്നതാണ്. നന്ദികെട്ട വഞ്ചകരെയൊന്നും അല്ലാഹു ഇഷ്ടപ്പെടുകയില്ല; തീർച്ച" (അൽഹജ്ജ്: 38).

മുഹമ്മദ് നബി ﷺ പറഞ്ഞു: "വഞ്ചന കാണിക്കുന്നവൻ നമ്മിൽ പെട്ടവനല്ല" (മുസ്‌ലിം).

വഞ്ചന വാക്കിലും പ്രവൃത്തിയിലും പെരുമാറ്റത്തിലുമെല്ലാമുണ്ട്. വിശ്വസ്തതയുടെ വിപരീതമാണത്. നനഞ്ഞ ഗോതമ്പ് അടിയിൽ വെച്ച് ഉണങ്ങിയത് മുകളിലിട്ട് കച്ചവടം നടത്തിയവനോട് ഇത് വഞ്ചനയാണെനന്നും വഞ്ചന കാണിക്കുന്നവൻ നമ്മിൽ പെട്ടവനല്ലായെന്നും നബിﷺ പറഞ്ഞ സംഭവം പ്രസിദ്ധമാണ്.

**അഹങ്കാരം**

"അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അവൻ അഹങ്കാരികളെ ഇഷ്ടപ്പെടുകയില്ല; തീർച്ച" (അന്നഹ്ൽ: 23).

"നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല" (ലുക്മാൻ: 18).

നബിﷺ പറഞ്ഞു: "ആരുടെ മനസ്സിലാണോ അണുമണിത്തൂക്കം അഹങ്കാരമുള്ളത് അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (മുസ്‌ലിം).

നല്ല വസ്ത്രവും നല്ല ചെരിപ്പും ധരിക്കുന്നത് അഹങ്കാരമാണോ എന്ന് ചോദിച്ച അനുചരനോട് നബി ﷺ പറഞ്ഞത് അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗിയെ ഇഷ്ടപ്പെടുന്നു. അഹങ്കാരം എന്നത് സത്യത്തെ നിഷേധിക്കലും ജനങ്ങളെ നിന്ദ്യരായി കാണലുമാണ്' (മുസ്‌ലിം) എന്നാണ്.

പിശാച് അഹങ്കാരിയായതിനാലാണ് ആദമിന് സാഷ്ടാംഗം ചെയ്യാൻ വിസമ്മതിച്ചത്. അല്ലാഹുവിനോട് മാത്രം പ്രാർഥിക്കണം എന്ന് പറഞ്ഞാൽ അവിശ്വാസികൾ (കാഫിറുകൾ) നൽകുന്ന മറുപടി ക്വുർആൻ പഠിപ്പിക്കുന്നു:

"അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു" (സ്വാഫ്ഫാത്ത്: 35).

**പ്രവർത്തിക്കാത്തതു പറയൽ**

അല്ലാഹു പറയുന്നു:

"ഹേ വിശ്വസിച്ചവരേ, നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുന്നത് എന്തിനു വേണ്ടിയാണ്? നിങ്ങൾ ചെയ്യാത്തത്പറയുക എന്നത് അല്ലാഹുവിങ്കൽ വളരെ വലിയ ക്രോധകരമായിട്ടുള്ളതാണ്" (അസ്സ്വഫ്ഫ്: 2,3).

ആളുകളോട് നല്ല കാര്യങ്ങൾ ഉപദേശിക്കുകയും അവ സ്വജീവിതത്തിൽ പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന് കോപമുണ്ടാക്കുന്ന വിഷയമാണ്. ഏകദൈവാരാധനയെ കുറിച്ച് പറയുകയും സമാധാനത്തിനുള്ള മാർഗം ഏക ദൈവത്തിലേക്കടുക്കലാണെന്ന് പ്രബോധനം ചയ്യുകയും സ്വന്തം ജീവിതത്തിൽ സമാധാനം ലഭിക്കാൻ വേണ്ടി ജാറങ്ങളും ദർഗകളും സന്ദർശിച്ച് അവിടെ ആവലാതികൾ ബോധിപ്പിക്കുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്.

മെഹബൂബ് മദനി
mail@nerpatham.com

ലേഖനം

# നന്ദി കാണിക്കാതിരുന്നാൽ

എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് മനുഷ്യരെല്ലാം ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം കനിഞ്ഞേകിയ സ്രഷ്ടാവിനെ ഓർക്കലും അവന് നന്ദികാണിക്കലും ഓരോരുത്തരുടെയും ബാധ്യതയാണ്. അല്ലാഹു ആവശ്യപ്പെടുന്നതും അതു തന്നെയാണ്: "ആകയാൽ എന്നെ നിങ്ങൾ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട്നിങ്ങൾ നന്ദികാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്" (2:152).

അനുഗ്രഹങ്ങളെ അല്ലാഹു നിർദ്ദേശിച്ച രൂപത്തിൽ വിനിയോഗിച്ചു കൊണ്ടായിരിക്കണം നാം നന്ദി പ്രകാശിപ്പിക്കേണ്ടത്. നബിﷺ ഇക്കാര്യം കൃത്യമായി ശ്രദ്ധിച്ചിരുന്നതായി ഹദീഥുകളിൽ കാണാം. ആഇശ്ۖയിൽ നിന്ന് നിവേദനം: നബിﷺ തന്റെ ഇരുപാദങ്ങളിലും നീരുകെട്ടുമാറ് രാത്രി നിന്ന് നമസ്കരിച്ചിരുന്നു. ഞാൻ ചോദിച്ചു: 'പ്രവാചകരേ, അങ്ങയുടെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങളെല്ലാം മാപ്പ് ചെയ്തിരിക്കെ അങ്ങെന്തിന് ഇപ്രകാരം പ്രവർത്തിക്കണം?' നബിﷺ പറഞ്ഞു: ഞാനൊരു നന്ദിയുള്ള അടിമയാവേണ്ടേ?" (ബുഖാരി, മുസ്‌ലിം).

അനുഗ്രഹങ്ങൾക്ക് നന്ദികാണിച്ചാലുള്ള ഗുണവും നന്ദികേട് കാണിച്ചാലുള്ള ദോഷവും മനുഷ്യൻ തന്നെ അനുഭവിക്കേണ്ടിവരും. അല്ലാഹു അക്കാര്യം ഉണർത്തുന്നുണ്ട്. വല്ലവനും നന്ദികാണിക്കുന്ന പക്ഷം തന്റെ ഗുണത്തിനായിട്ടു തന്നെയാകുന്നു അവൻ നന്ദികാണിക്കുന്നത്: "വല്ലവനും നന്ദികേട് കാണിക്കുന്ന പക്ഷം തീർച്ചയായും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും ഉൽകൃഷ്ടനുമാകുന്നു" (27:40).

നന്ദികേടിന്റെ തിക്തഫലം പരലോകത്ത് മാത്രമല്ല ഒരു പക്ഷേ, ഇഹലോകത്തുവെച്ചു തന്നെ അല്ലാഹു അനുഭവിപ്പിച്ചേക്കാം. നബിﷺ പഠിപ്പിച്ച ബനൂ ഇസ്‌റാഈല്യരിൽപെട്ട മൂന്നാളുകളുടെ ചരിത്രത്തിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. അബൂഹുറയ്‌റۖവിൽ നിന്ന് നിവേദനം. നബിﷺപറയുന്നതായി ഞാൻ കേട്ടു. ഇസ്‌റാഈല്യരിൽപ്പെട്ട അന്ധനും കഷണ്ടിക്കാരനും വെള്ളപ്പാണ്ടുകാരനുമായ മൂന്നു പേരെ അല്ലാഹു പരീക്ഷിക്കാൻ തീരുമാനിച്ചു. അതിനായി ഒരു മലക്കിനെ അല്ലാഹു നിയോഗിച്ചു. വെള്ളപ്പാണ്ടുകാരനെ സമീപിച്ച് മലക്ക് ഇങ്ങനെ ചോദിച്ചു: 'താങ്കൾക്ക് ഏറ്റവും ഇഷ്ടമുള്ളത് എന്താണ്?' 'ജനങ്ങളെന്നെ വെറുക്കുന്ന പാണ്ടു രോഗം മാറുകയും തൽസ്ഥാനത്ത് ഭംഗിയുള്ള വർണത്തോടുകൂടിയ തൊലി ലഭ്യമാവുകയുമാണ് എനിക്കേറ്റവും ഇഷ്ടപ്പെട്ടതെ'ന്ന് അദ്ദേഹം മറുപടി പറഞ്ഞു. മലക്ക് അദ്ദേഹത്തെ തടവിയപ്പോൾ രോഗം മാറി. ഭംഗിയും വർണവുമുള്ള തൊലി ലഭ്യമാവുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തോട് ഇഷ്ടമുള്ള ധനമേതാണെന്ന് മലക്ക് ചോദിച്ചു. ഒട്ടകം അല്ലെങ്കിൽ പശു എന്ന് അദ്ദേഹം മറുപടി നൽകി. പത്ത് മാസം തികഞ്ഞ ഒരൊട്ടകത്തെ സമ്മാനിച്ചു കൊണ്ട് അഭിവൃദ്ധിക്കായി മലക്ക് പ്രാർഥിച്ചു.

പിന്നീട് കഷണ്ടിക്കാരന്റെ അടുക്കൽ ചെന്ന് കൂടുതൽ ഇഷ്ടമുള്ളതെന്തെന്ന് അന്വേഷിച്ചു. 'ജനങ്ങൾ വെറുക്കുന്ന ഈ രോഗം മാറി പകരം കൗതുകമുള്ള മുടിയാണ് ഞാനിഷ്ടപ്പെടുന്നതെ'ന്ന് അയാൾ മറുപടി പറഞ്ഞു. മലക്ക് അയാളെ തലോടി. രോഗം മാറി. ഭംഗിയുള്ള മുടി വന്നു. കൂടുതൽ ഇഷ്ടമുള്ള ധനത്തെപറ്റി മലക്ക് അന്വേഷിച്ചു. 'പശു' എന്ന് അദ്ദേഹം മറുപടി നൽകി. ഒരു ഗർഭിണിയായ പശുവിനെ നൽകിക്കൊണ്ട് മലക്ക് അഭിവൃദ്ധിക്കായി പ്രാർഥിച്ചു.

പിന്നീട് അന്ധന്റെ അടുത്ത് ചെന്ന് ചോദിച്ചു: 'നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ളതെന്താണ്?' 'അല്ലാഹു എനിക്ക് കാഴ്ച മാറ്റിത്തരികയും അതുവഴി ജനങ്ങളെ കാണാൻ കഴിയുകയുമാണ് എനിക്കേറ്റവും ഇഷ്ടപ്പെട്ടത്' അയാൾ പറഞ്ഞു. മലക്ക് അയാളെ തലോടി. അയാളുടെ കാഴ്ച അല്ലാഹു മടക്കിക്കൊടുത്തു.

മലക്ക് പിന്നീട് കൂടുതൽ ഇഷ്ടമുള്ള സമ്പത്തിനെ പറ്റി അന്വേഷിച്ചു. 'ആട്' എന്ന് അയാൾ മറുപടി പറഞ്ഞു. പ്രസവിച്ച ഒരാടിനെ അയാൾക്ക് സമ്മാനിച്ചു.

അങ്ങനെ ഈ മൂന്ന് പേരുടെയും സമ്പത്ത് പെറ്റു പെരുകാൻ തുടങ്ങി. ഓരോരുത്തർക്കും താഴ്‌വര നിറയെ ഒട്ടകവും പശുവും ആടും ഉണ്ടായി.

പിന്നീടൊരിക്കൽ മലക്ക് വെള്ളപ്പാണ്ടുകാരന്റെ അടുക്കൽ ചെന്നിട്ട് പറഞ്ഞു: 'ഞാനൊരു ദരിദ്രനാണ്. യാത്ര തുടരാൻ വഴിയില്ല. അല്ലാഹുവിനെ കഴിച്ചാൽ നീയല്ലാതെ എനിക്കാരുമില്ല. അതുകൊണ്ട് നിങ്ങൾക്ക് സമ്പത്തും സൗന്ദര്യവും പ്രദാനം ചെയ്ത അല്ലാഹുവിന്റെ പേരിൽ ഈ യാത്രയിൽ എനിക്ക് മതിയായ ഒരൊട്ടകത്തെ നിങ്ങളോട് ഞാൻ യാചിക്കുന്നു.'

അവൻ പറഞ്ഞു: 'എനിക്ക് ധാരാളം ബാധ്യതകളുണ്ട്.' മലക്ക് പറഞ്ഞു: 'താങ്കളെ എനിക്ക് പരിചയമുള്ള പോലെയുണ്ടല്ലോ! ഒരു ദരിദ്രനും ജനങ്ങൾ വെറുക്കുന്ന വെള്ളപ്പാണ്ടുകാരനുമായിരുന്നില്ലേ താങ്കൾ? എന്നിട്ട് അല്ലാഹുവല്ലേ താങ്കളെ സമ്പന്നനാക്കിയത്?' അയാൾ പറഞ്ഞു: 'ഇക്കാണുന്നതെല്ലാം പരമ്പരാഗതമായി എനിക്ക് ലഭിച്ചിട്ടുള്ളതാണ്.' അപ്പോൾ മലക്ക് പ്രാർഥിച്ചു: 'നീ കളവാണ് പറയുന്നതെങ്കിൽ അല്ലാഹു നിന്നെ മുമ്പത്തെ അവസ്ഥയിലേക്ക് മടക്കട്ടെ.'

അതിന് ശേഷം കഷണ്ടിക്കാരന്റെയടുക്കലും തന്റെ പഴയ അവസ്ഥയിൽ ചെന്നിട്ട് മുമ്പത്തെപ്പോലെ പറഞ്ഞു. വെള്ളപ്പാണ്ടുകാരൻ പറഞ്ഞ രൂപത്തിലുള്ള മറുപടിയാണ് അദ്ദേഹത്തിൽ നിന്നും ഉണ്ടായത്. ഉടനെ മലക്ക് പ്രാർഥിച്ചു: 'താങ്കൾ കളവാണെന്ന് പറയുന്നതെങ്കിൽ അല്ലാഹു താങ്കളെ മുമ്പത്തെ അവസ്ഥയിലേക്ക് മടക്കട്ടെ.'

പിന്നീട് അന്ധന്റെയടുക്കൽ പഴയരൂപത്തിൽ ചെന്ന് മലക്ക് പറഞ്ഞു: 'ഞാനൊരു ദരിദ്രനും യാത്രക്കാരനുമാണ്. യാത്ര തുടരാനുള്ള മാർഗമില്ല. അല്ലാഹുവിന്ന് പുറമെ നിങ്ങളെക്കൊണ്ടല്ലാതെ എനിക്ക് ഇന്നൊരു രക്ഷയുമില്ല. നിനക്ക് കാഴ്ച മടക്കിത്തന്ന അല്ലാഹുവിന്റെ പേരിൽ യാത്രാവശ്യങ്ങൾക്കായി ഒരാടിനെ ഞാൻ ആവശ്യപ്പെടുന്നു. അദ്ദേഹം പറഞ്ഞു ഞാനൊരു അന്ധനായിരുന്നു. അല്ലഹുവാണ് എനിക്ക് കാഴ്ച ശക്തി മടക്കിതന്നത്. നിനക്കിഷ്ടമുള്ളത് എടുക്കാം. അല്ലാഹുവാണേ, നീ ഇതൊന്നെടുത്ത് കൊണ്ടു പോകുന്ന യാതൊന്നിലും എനിക്ക് വെറുപ്പില്ല മലക്ക് പറഞ്ഞു. നീ തന്നെ കൈവശം വെച്ചുകൊള്ളുക. നിങ്ങൾ പരീക്ഷിക്കപ്പെട്ടത് മാത്രമാണ്. നിന്നെ അല്ലാഹു തൃപ്തിപ്പെടുകയും കൂട്ടുകാരോട് അല്ലാഹു കേൾക്കുകയും ചെയ്തിരിക്കുന്നു.(ബുഖാരി, മുസ്‌ലിം)

ജീവിതത്തിൽ എല്ലാം നൽകി അനുഗ്രഹിച്ച റബ്ബിനോട് നന്ദികേട് കാണിച്ചാലുണ്ടാകുന്ന ദുരന്തമെന്നാണെന്ന് ഈ ചരിത്രസംഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്.

മനുഷ്യർ ചോദിക്കുക പോലും ചെയ്യാതെയാണ് അനവധി അനുഗ്രഹങ്ങൾ അല്ലാഹു നൽകിക്കൊണ്ടിരിക്കുന്നത്. എന്നിട്ട് മനുഷ്യരിലധികവും റബ്ബിനോട് നന്ദികേട് കാണിക്കുന്നു. മനുഷ്യരുടെ നന്ദികേടിന്റെ ആഴമെത്രയെന്ന് സുന്ദരമായ ഒരു ഉപമയിലൂടെ അല്ലാഹു വിശദീകരിക്കുന്നത്. ഖുർആനിൽ നമുക്ക് കാണാം. തനിക്ക് പുല്ലും വെള്ളവും നൽകുന്ന യജമാനനോടുള്ള നന്ദിസൂചകമായി കുതിര യുദ്ധക്കളത്തിലേക്കിറങ്ങി മെയ് മറന്നു പോരാടുന്നു. എന്നാൽ മനുഷ്യർ അനേകം അനുഗ്രഹങ്ങൾ നൽകിയ അല്ലാഹുവിനോട് ശുക്റ് ചെയ്യാൻ തയ്യാറാവുന്നില്ല. അല്ലാഹു പറയുന്നത് കാണാം.

"കിതച്ചുക്കൊണ്ട് ഓടുന്നവയും അങ്ങനെ (കുളമ്പ് കല്ലിൽ)ഉരസി തീപ്പൊരി പറപ്പിക്കുന്നവയും, എന്നിട്ട് പ്രഭാതത്തിൽ ആക്രമണം നടത്തുന്നവയും അന്നേരത്ത് പൊടിപടലം ഇളക്കിവിട്ട് അതിലൂടെ (ശത്രു)സംഘത്തിന്റെ ക്യൂവിൽ പ്രവേശിച്ചപ്പോഴും (കുതിരയും)തന്നെ സത്യം. തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദികെട്ടവൻ തന്നെ. തീർച്ചയായും അവൻ അതിന് സാക്ഷ്യം വഹിക്കുന്നവനുമാകുന്നു."(100:1-7)

റബ്ബിനോട് നന്ദികേട് കാണിക്കുന്നതിൽ നിന്നും പൂർണമായി അകന്നു നിൽക്കാൻ നമുക്കാവേണ്ടതുണ്ട്. അല്ലാഹു പറയുന്നു. നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് അനുഗ്രഹം വർധിപ്പിച്ച് തരുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും.(14:7)

നന്ദിയുള്ള ദാസൻമാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താനുള്ള പ്രാർഥന എങ്ങനെയാവണമെന്ന് സുലൈമാൻ നബിﷺയുടെ ചരിത്രത്തിലൂടെ അല്ലാഹു പഠിപ്പിക്കുന്നു. അദ്ദേഹം അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിച്ചിരുന്നു. രക്ഷിതാവേ എനിക്കും എന്റെ മാതാപിതാക്കാൾക്കും നി ചെയ്തു തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും, നീ തൃപ്തിപ്പെടുന്ന സത്കർമം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. (27:19) റബ്ബ് തൃപ്തിപ്പെടുന്ന കർമങ്ങൾ അനുഷ്ഠിച്ചു കൊണ്ട് നന്ദിയുള്ള ദാസൻമാരുടെ കൂട്ടത്തിൽ ഉൾപ്പെടാൻ നാം ശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ... ●

**രജിസ്ട്രേഷൻ ആരംഭിച്ചു**

**ജാമിഅഃ അൽഹിന്ദ്, മിനി ഊട്ടി**

ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യഃ ശരീഅഃ കോളേജിന്റെ 2017 - 18 അധ്യയന വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

**യോഗ്യത; SSLC, +2 (Passed only)**
**ആൺകുട്ടികൾക്ക് മാത്രം ❂ പൂർണമായും സൗജന്യം**

രജിസ്ട്രേഷൻ ഓൺലൈൻ വഴി മാത്രം
(www.jamiaalhind.com)

Jamia Al Hind Al Islamiya, Miny Ooty, Oorakam
Melmuri-PO, malappuram-Dt, Kerala, Pin: 676 519
Ph: 9961725725

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com



# വൈവിധ്യം: വളർച്ചയിലും പങ്കാളിത്തത്തിലും

നല്ല വ്യക്തിയിൽ നിന്നാണ് ഭദ്രമായ കുടുംബവും സുരക്ഷിതസമൂഹവും നിർമിക്കപ്പെടുന്നത്. കുഞ്ഞിന്റെ വൈവിധ്യങ്ങളാർന്ന വളർച്ചകളെ തിരിച്ചറിയുകയും അവയിലോരോന്നിനെയും പോഷിപ്പിക്കുന്ന അനിവാര്യമായ വിഭവങ്ങളെ ആവശ്യമായ അളവുകളിൽ സമയനിർണിതമായി ലഭ്യമാക്കുകയാണ് നല്ല വ്യക്തിയുടെ വളർച്ചക്ക് പ്രധാനമായും രക്ഷിതാക്കൾ ചെയ്യേണ്ടത്. ഇവിടെ നമുക്ക് ചോദിക്കാവുന്ന മൂന്നു ചോദ്യങ്ങളുണ്ട്. ഒന്ന്: എന്താണ് വളർച്ച? രണ്ട്: എന്തിനെയാണ്/എന്തൊക്കെയാണ് നാം വളർത്തേണ്ടത്? മൂന്ന്: ആരൊക്കെയാണ് ഈ ദൗത്യത്തിൽ പങ്കാളികളാവേണ്ടത്? പ്രമാണങ്ങളുടെയും മാനവിക അറിവുകളുടെയും പിൻബലത്തിൽ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ക്കണ്ടത്തലിലൂടെയാണ് ഇസ്‌ലാമിക പാരന്റിംഗിന്റെ പ്രവിശാല ലോകത്തേക്ക് നമുക്ക് പ്രവേശനം സാധ്യമാകുന്നത്.

കുട്ടികളിൽ വളർച്ചയെന്ന പ്രതിഭാസം രണ്ടർഥത്തിൽ നാം നോക്കിക്കാണേണ്ടതാണ്. ഒന്ന്: ജൈവികപ്രക്രിയയിലൂടെ സ്വാഭാവികമായി ഉണ്ടാകുന്ന വളർച്ച. ഉദാഹരണത്തിന് ലൈംഗിക വളർച്ച പോലെ. പ്രത്യേകിച്ച് നാം ഒന്നും ശ്രദ്ധിച്ചില്ലെങ്കിലും സ്വാഭാവികമായ ചുറ്റുപാടിൽ കേവല ഭക്ഷണവും ആരോഗ്യ പരിസരവും ഉള്ളിടത്ത് ആ കുട്ടിയിൽ ലൈംഗിക വളർച്ച സമയമാകുമ്പോൾ സംഭവിച്ചിരിക്കും. ഇവിടെ നമുക്ക് ചെയ്യാനുള്ളത് ഈ ജൈവികവളർച്ചയെ ആവശ്യമായ കുത്തും പലകയും കൊടുത്ത് വളർച്ചക്കൊപ്പം ശരിയായ ദിശയിലേക്ക് തിരിച്ചുവിടുകയെന്നതാണ്. എന്നാൽ മറ്റൊരു വളർച്ച, പുറത്തു നിന്ന് നട്ടുപിടിപ്പിച്ച് ഉണ്ടാക്കേണ്ട വളർച്ചയാണ്. ഉദാഹരണം ആരാധനാശീലങ്ങളെ വളർത്തൽ. ഈ ഇനം വളർച്ചയിൽ പാരന്റിംഗിൽ ചെയ്യാനുള്ളത് അനുയോജ്യവും അനിവാര്യവുമായ വിത്ത് കണ്ടത്തി മണ്ണും കാലാവസ്ഥയും പരിഗണിച്ച് വളർത്തി പരിപാലിച്ചു കൊണ്ടുവരിക്കയന്നതാണ്. ഈ രണ്ടുതരം വളർച്ചയെ കുറിച്ചും നമുക്ക് തിരിച്ചറിവുണ്ടാവേണ്ടതുണ്ട്.

അപ്രകാരം തന്നെ രക്ഷിതാക്കളുടെ പ്രധാന ജോലിയായി നാം സാധാരണ പറയാറുള്ളത് മക്കളെ വളർത്തുന്നുവെന്നാണ്. എന്താണ് അല്ലെങ്കിൽ എന്തിനെയാണ് നമുക്ക് മക്കളിൽ വളർത്താനുള്ളത്?

വ്യക്തിത്വവളർച്ച സന്തുലിതവും സുരക്ഷിതവുമാവാൻ പരിപാലകർ ആദ്യം അറിഞ്ഞിരിക്കേണ്ടത്, മനുഷ്യന് വൈവിധ്യങ്ങളാർന്ന വളർച്ചകൾ ഉണ്ടന്നും അവ ഒരേസമയം ഒരു നിശ്ചിത അളവിൽ വളർത്തേണ്ടതുണ്ടെന്നുമാണ്. ഏതെങ്കിലും ചിലതിനെ അവഗണിച്ചോ മറ്റ് ചിലതിനെ അമിതമായി പരിഗണിച്ചോ

വളർത്തുന്നതിന്റെ ഫലമാണ് വ്യക്തികളും കുടുംബങ്ങളും സമൂഹവും ഇന്നനുഭവിക്കുന്ന പല ദുരന്തങ്ങളുടെയും കാരണം. കിഡ്നി കക്കുന്ന ഡോക്ടറും മുതിർന്നവരെ ബഹുമാനിക്കാത്ത സമർഥനായ വിദ്യാർഥിയും തീവ്രവാദം തലക്ക് പിടിച്ച മതാനുയായും വൈവിധ്യങ്ങളാർന്ന വളർച്ചയിലെ സന്തുലനാവസ്ഥ ലഭിക്കാതെ പോയ ചിലർ മാത്രമാണ്

ഈ വൈവിധ്യങ്ങളുടെ വളർച്ച സന്തുലിതമാവാതെ പോകുന്നതിലെ അപാകത മനസ്സിലാക്കാൻ നമ്മുടെ ശരീരത്തിലെ വ്യത്യസ്ത അവയവങ്ങളുടെ വളർച്ചയെ കുറിച്ചോർത്താൽ മതി. തലയും കൈകാലുകളുമെല്ലാം വളരെ പ്രധാനപ്പെട്ടത് തന്നെയാണ്. വളർച്ചയുടെ സന്തുലിതത്വം നഷ്ടപ്പെട്ട് തല മാത്രം അല്ലെങ്കിൽ ഒരു കാലിന്റെ കണങ്കാൽ മാത്രം അൽപം അധികം വളർന്നാൽ അതിൽ നാം സന്തോഷിക്കുകയല്ല മറിച്ച് ആശങ്ക പെടുകയാണ് ചെയ്യുക. അതിനാൽ നാം വളർച്ചകളെ തിരിച്ചറിയുകയും അവയ്ക്കാവശ്യമായ പോഷണങ്ങളുടെ തോതും സമയവും ക്രമീകരിക്കുകയും വേണം. കുഞ്ഞുങ്ങളുടെ വൈവിധ്യമാർന്ന വ്യക്തിത്വ വളർച്ചകളെ പഠനാവശ്യാർഥം താഴെ കാണും വിധം വിഭജിക്കാം.

ഒന്ന്: വിശ്വാസപരമായ വളർച്ച
രണ്ട്: ആരാധനാശീലങ്ങളുടെ വളർച്ച
മൂന്ന്: സാമൂഹിക വളർച്ച
നാല്: സ്വഭാവ വളർച്ച
അഞ്ച്: മാനസിക വൈകാരിക വളർച്ച
ആറ്: ശാരീരിക വളർച്ച
ഏഴ്: ബൗദ്ധിക വൈജ്ഞാനിക വളർച്ച
എട്ട്: ലൈംഗിക വളർച്ച
ഒമ്പത്: ആരോഗ്യ പരിപാലന ശീലങ്ങളുടെ വളർച്ച

രക്ഷിതാക്കൾക്കും ഈ മേഖലയിൽ ഇടപെടുന്നവർക്കും ചെയ്ത തീർക്കാനുള്ള പ്രധാന ദൗത്യം ഈ വളർച്ചയിൽ ഇസ്‌ലാം കാണിച്ച വഴികളെ പിന്തുടരുകയും അവ സാധ്യമാവും വിധം നടപ്പിലാക്കുകയുമാണ്. ഇസ്‌ലാം ഈ മേഖലകളെയെല്ലാം പരിഗണിക്കുകയും, ഓരോന്നിനും ആവശ്യമായ മാർഗനിർദേശകങ്ങൾ താത്ത്വികമായും പ്രായോഗികമായും വിശുദ്ധ ഖുർആനും നബിചര്യയും സഹാബികളുടെ ജീവിതവും ഉപയോഗിച്ച് വരച്ച് കാണിച്ചു തന്നിട്ടുണ്ട്. ഇവ ഓരോന്നോരോന്നായി ഇവിടെ വിശദീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മനുഷ്യപ്രകൃതിയെ കുറിച്ചുള്ള അല്ലാഹുവിന്റെ മൂന്നു വ്യത്യസ്ത പരാമർശങ്ങൾ ശ്രദ്ധേയമാണ്. അല്ലാഹു പറഞ്ഞു: "നിങ്ങൾക്ക് ഭാരം കുറച്ച് തരണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു; ദുർബലനായി കൊണ്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്."(4:28)

"തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു."(90:4)

"മനുഷ്യനെ ബലഹീനാവസ്ഥയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതക്ക് ശേഷം ശക്തിയുണ്ടാക്കി. പിന്നെ ശക്തിക്ക് ശേഷം ബലഹീനതയും നരയും ഉണ്ടാക്കി... (30:54)

ഇസ്‌ലാമിക ശിക്ഷണ രീതി അവലംബിച്ച് കുട്ടികളെ വളർത്തുമ്പോൾ ദൗർബല്യങ്ങൾക്ക് മുമ്പിൽ പിടിച്ചു നിൽക്കാൻ ആവശ്യമായ ശക്തി ലഭിക്കുകയും ജൈവികമായി തന്നിലുണ്ടാകുന്ന പല ശക്തി സ്രോതസുകളും തനിക്കും സഹജീവികൾക്കും ഗുണകരമാവും വിധം ക്രിയാത്മകമാക്കാൻ വേണ്ട മാർഗനിർദേശങ്ങൾ ലഭിക്കുകയും ചെയ്യും. അവ അവഗണിച്ചാൽ സാഹചര്യങ്ങളുടെ സമ്മർദങ്ങളിൽ പെട്ട് ഒഴുക്കിൽ ഒഴുകുന്ന ചണ്ടികളെ പോലെ പിടിച്ചു നിൽക്കാൻ കഴിയാത്തവരായി അവർ മാറും. ഈ തിരിച്ചറിവ് നമുക്കുണ്ടാകുമ്പോഴാണ് പ്രതികൂല കാലാവസ്ഥയിലും ഇസ്‌ലാമിക സംസ്കാരത്തിൽ പിടിച്ച് നിൽക്കാൻ കഴിയുന്ന മുസ്‌ലിം തലമുറകൾ ഉണ്ടാവുകയുള്ളൂ. അങ്ങനെയുള്ളവർ ചരിത്രത്തിന്റെ ഭാഗമാവുകയല്ല, ചരിത്രം സൃഷ്ടിക്കുന്നവർ ആയി മാറും

പക്ഷേ, ഇത്തരം തലമുറകളുടെ നിർമിതി സാധ്യമാവാൻ പാരന്റിംഗിൽ കേവലം മാതാപിതാക്കളുടെ മാത്രം പങ്കാളിത്തം മതിയാവില്ല. മറിച്ച് അവർക്കൊപ്പം അധ്യാപകരും വിദ്യാഭ്യാസ മേഖലയിലുള്ളവരും മതപ്രബോധകരും തുടങ്ങി മനുഷ്യന്റെ വ്യക്തിത്വ വളർച്ചയിൽ സ്വാധീനമുണ്ടാക്കുന്ന എല്ലാവർക്കും പങ്കാളിത്തവും കൂട്ടുത്തരവാദിത്തവും ഉണ്ടാകണം. 'നിങ്ങളെല്ലാവരും ഭരണകർത്താക്കളാണ്, നിങ്ങൾ നിങ്ങളുടെ ഭരണീയരെ കുറിച്ച് ചോദ്യം ചെയ്യപ്പെടുമെന്ന്' നബി വചനത്തിന്റെ പരിധിയിൽ കുട്ടികളുടെ പരിപാലനവുമായി ബന്ധപെട്ട എല്ലാവരും ഉൾപ്പെടുമെന്ന് നാം അറിയണം. അതിനാൽ തന്നെ മാതാപിതാക്കളെ പോലെ കുട്ടികളുമായി ഇടപെടുന്ന എല്ലാവർക്കും ഇസ്‌ലാമിക പാരന്റിംഗിനെ കുറിച്ചുള്ള അറിവും ബോധവും അനിവാര്യമാണ്. കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ തയ്യാർ ചെയ്യുന്നവർക്കും അവ തെരഞ്ഞടുക്കുന്നവർക്കും അല്ലാഹുവിന്റെ മുമ്പിൽ ഉത്തരവാദിത്വമുണ്ടെന്നർഥം. സ്ഥാപനങ്ങളുടെയും ചുറ്റുപാടുകളുടെയും ഭൗതിക സൗകര്യങ്ങളെ പ്ലാൻ ചെയ്യുന്നവരും അവർക്കാവശ്യമായ സാധന സാമഗ്രികൾ വിൽപന നടത്തുന്ന കച്ചവടക്കാർ പോലും പാരന്റിംഗിൽ പരോക്ഷമായി പങ്കാളിയാവുന്നുണ്ടെന്നർഥം.

ചുരുക്കത്തിൽ മുകളിൽ സൂചിപ്പിച്ച പ്രകാരം വളർച്ചകളെ തിരിച്ചറിയുകയും സമൂഹം ഉത്തരവാദിത്വ ബോധത്തോടെ പങ്ക് വഹിക്കുകയും ചെയ്തുകൊണ്ടുള്ള മഹാ ദൗത്യം തന്നെയാണ് പാരന്റിംഗ്. കാരണം, ആകാശങ്ങളും പർവതങ്ങളും ഏറ്റെടുക്കാൻ ഭയപ്പെട്ട 'അനാമത്ത്' ഏറ്റെടുത്ത് നിർവഹിക്കാനുള്ള മനുഷ്യനെ രൂപപ്പെടുത്തുന്ന മഹാ യജ്ഞമാണല്ലോ അത്.

അല്ലാഹു പറഞ്ഞു: "തീർച്ചയായും നാം ആ വിശ്വസ്ത ദൗത്യം (ഉത്തരവാദിത്വം) ആകാശങ്ങളുടെയും ഭൂമിയുടെയും പർവതങ്ങളുടെയും മുമ്പാകെ എടുത്തുകാട്ടുകയുണ്ടായി. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതിനെപ്പറ്റി അവയ്ക്ക് പേടി തോന്നുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമായിരിക്കുന്നു."(33:72)

ത്വൽഹത്ത് സ്വലാഹി
tkthalha@gmail.com

ലേഖനം



# ഉദ്ബോധനങ്ങളോടുള്ള സമീപനം

മനുഷ്യർ വ്യത്യസ്ത തരക്കാരാണ്. വിശ്വാസങ്ങളിലും കർമങ്ങളിലും സംസാരങ്ങളിലും സംസ്കാരങ്ങളിലും സ്വഭാവങ്ങളിലും സമീപനങ്ങളിലും ഇടപാടുകളിലും ഇടപഴകലുകളിലുമെല്ലാം ഈ ഭിന്നത നമുക്ക് കാണാൻ സാധിക്കും. നമ്മുടെ പ്രവർത്തനങ്ങൾ വിഭിന്നമാണന്നാണല്ലോ ക്വുർആൻ പഠിപ്പിക്കുന്നത്:

"തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാകുന്നു" (92:4).

ഇസ്‌ലാമിക നിയമങ്ങൾ സ്വീകരിക്കുന്നതിലും പ്രവാചക ഉപദേശങ്ങൾ ഉൾക്കൊള്ളുന്നതിലും മനുഷ്യർ വിവിധ രൂപത്തിലുള്ളവരാണ്. ഇസ്‌ലാമികാധ്യാപനങ്ങളെ ചിലർ ആദർശവും ആവശ്യവുമായി കാണുമ്പോൾ മറ്റു ചിലർ ഒരു ആവേശവും  ഹരവുമായി മാത്രമാണ് കാണുന്നത്. മറ്റു ചിലരാകട്ടെ കേൾക്കാൻ തന്നെ മനസ്സ് കാണിക്കാത്തവരും വേറെ ചിലർ കേട്ടാൽ തന്നെ പരിഹസിച്ച് തള്ളുന്നവരുമാണ്.

**ചില സമീപനങ്ങൾ**

1. കേൾക്കാൻ തന്നെ മനസ്സ് കാണിക്കാത്തവർ:

അല്ലാഹുവിന്റെ ആയത്തുകൾ ഓതിക്കേൾപിക്കുമ്പോൾ അതിനു ചെവി കൊടുക്കാതെ മാറിപ്പോകുന്ന, എനിക്കൊന്നും കേൾക്കേണ്ട, എന്നൊടൊന്നും ഉപദേശിക്കേണ്ട എന്ന നിലപാട് സ്വീകരിക്കുന്നവർ. ഇത് അവിശ്വാസികളുടെ സ്വഭാവമായിട്ടാണ് ക്വുർആൻ പരിചയപ്പെടുത്തുന്നത്.

അല്ലാഹു പറയുന്നു: "അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളൂ . തീർച്ചയായും, നീ അവർക്ക് പൊറുത്തുകൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽ വെക്കുകയും അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും അവർ ശഠിച്ചു നിൽക്കുകയും കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്" (71:5-7).

കേൾക്കാൻ തന്നെ തയ്യാറാകാത്ത, കേട്ടാൽ തന്നെ കേൾക്കാത്ത പോലെ മാറിപ്പോകുന്ന ഇത്തരക്കാർക്ക് അപമാനകരമായ ശിക്ഷയാണ് അല്ലാഹു ഒരുക്കി വെച്ചിരിക്കുന്നത്.

ക്വുർആൻ പറുന്നു: "അത്തരം ഒരാൾക്ക് നമ്മുടെ വചനങ്ങൾ ഓതി കേൾപിക്കപ്പെടുകയാണെങ്കിൽ അവൻ അഹങ്കരിച്ച് കൊണ്ട് തിരിഞ്ഞുകളയുന്നതാണ്; അവനത് കേട്ടിട്ടില്ലാത്തപോലെ. അവന്റെ ഇരുകാതുകളിലും അടപ്പുള്ളതുപോലെ. ആകയാൽ നീ അവന്ന് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്തയറിയിക്കുക"(31:7).

2. കേട്ടു മനസ്സിലാക്കിയാൽ തന്നെ പരിഹസിച്ച് തള്ളുന്നവർ:

ഇസ്‌ലാമിക നിയമങ്ങളെയും മത ചിഹ്നങ്ങളെയും മത പണ്ഡിതന്മാരെയും പരിഹസിക്കുന്നത് വലിയ പാപമായിട്ടാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മത ചിഹ്നങ്ങളെ പരിഹസിക്കൽ മതത്തിൽ നിന്ന് തന്നെ പുറത്ത് പോകാൻ കാരണമാകുന്ന തിന്മയാണ്. ഇത്തരക്കാർക്ക് അപമാനകരമായ ശിക്ഷയുണ്ടെന്നാണ് ക്വുർആനിക പാഠം:

"വ്യാജവാദിയും അധർമകാരിയുമായ ഏതൊരാൾക്കും നാശം. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ തനിക്ക് ഓതിക്കേൾപിക്കപ്പെടുന്നത് അവൻ കേൾക്കുകയും എന്നിട്ട് അത് കേട്ടിട്ടില്ലാത്തത് പോലെ അഹങ്കാരിയായിക്കൊണ്ട് ശഠിച്ചു നിൽക്കുകയും ചെയ്യുന്നു. ആകയാൽ അവന്ന് വേദനയേറിയ ശിക്ഷയെ പറ്റി സന്തോഷവാർത്ത അറിയിച്ചുകൊള്ളുക. നമ്മുടെ തെളിവുകളിൽ നിന്ന് വല്ലതും അവൻ അറിഞ്ഞാലോ അവനത് ഒരു പരിഹാസവിഷയമാക്കിക്കളയുകയും ചെയ്യും. അത്തരക്കാർക്കാകുന്നു അപമാനകരമായ ശിക്ഷ" (45:79).

"നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പു നൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്. കപടവിശ്വാസികളും കപടവിശ്വാസിനികളും എല്ലാം ഒരേ തരക്കാരാകുന്നു. അവർ ദുരാചാരം കൽപിക്കുകയും സദാചാരത്തിൽ നിന്ന് വിലക്കു

കയും, തങ്ങളുടെ കൈകൾ അവർ പിൻവലിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവെ മറന്നു. അപ്പോൾ അവൻ അവരെയും മറന്നു. തീർച്ചയായും കപടവിശ്വാസികൾ തന്നെയാണ് ധിക്കാരികൾ" (9:66,67).

3. കേട്ടിട്ട് ചിലത് മാത്രം സ്വീകരിക്കുന്നവർ:

ഉൽബോധനങ്ങളും ഉപദേശങ്ങളുമെല്ലാം ധാരാളമായി കേൾക്കുകയും പഠിക്കുകയും ചെയ്യുമെങ്കിലും ചിലത് മാത്രം സ്വീകരിച്ച് ബാക്കി തള്ളിക്കളയുന്ന സ്വഭാവം ഇസ്‌ലാം അനുവദിക്കുന്നില്ല. തനിക്ക് തോന്നിയതും എളുപ്പമുള്ളതും ഗുണം കിട്ടുന്നതും മാത്രം സ്വീകരിച്ച് പ്രയാസമായി തോന്നുന്നതും അൽപം ബുദ്ധിമുട്ടേണ്ടി വരുന്നതുമെല്ലാം മാറ്റിവെക്കുന്ന അവസ്ഥ തീർത്തും തെറ്റാണ്. അല്ലാഹു പറയുന്നു:

"വിഭജനം നടത്തിക്കളഞ്ഞവരുടെ മേൽ നാം ഇറക്കിയത് പോലെത്തന്നെ. അതായത് ക്വുർആനിനെ വ്യത്യസ്ത ഖണ്ഡങ്ങളാക്കി മാറ്റിയവരുടെ മേൽ" (15:90,91).

'ചിലത് വിശ്വസിക്കുകയും ചിലത് നിഷേധിക്കുകയും ചെയ്യുന്നവരാണിവർ' എന്നാണ് ഇമാം ഇബ്നു കഥീർ (റഹി) ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ പറയുന്നത്.

ഇത്തരക്കാർക്ക് കനത്ത താക്കീതുണ്ട്:

"നിങ്ങൾ വേദഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ചിലത് തള്ളിക്കളയുകയുമാണോ ? എന്നാൽ നിങ്ങളിൽ നിന്ന് അപ്രകാരം പ്രവർത്തിക്കുന്നവർക്ക് ഇഹലോകജീവിതത്തിൽ അപമാനമല്ലാതെ മറ്റൊരു ഫലവും കിട്ടാനില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാവട്ടെ അതികഠിനമായ ശിക്ഷയിലേക്ക് അവർ തള്ളപ്പെടുകയും ചെയ്യും. നിങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റിയൊന്നും അല്ലാഹു അശ്രദ്ധനല്ല" (2:85).

4. കേൾക്കുകയും പൂർണമായി അംഗീകരിക്കുകയും ജീവിതത്തിൽ അംഗീകരിക്കുകയും പ്രാവർത്തികമാക്കുകയും ചയ്യുന്നവർ:

ഇസ്‌ലാമിക നിയമങ്ങളിലേക്ക് പൂർണമായും പ്രവേശിക്കാനാണ് അല്ലാഹു ആവിശ്യപ്പെടുന്നത്:

"സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണമായി കീഴ്‌വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു" (2:208).

കാര്യങ്ങൾ ശ്രദ്ധിച്ച് കേൾക്കുകയും നന്മ പിൻപറ്റുകയും ചെയ്യുന്നവർക്കാണ് സന്തോഷ വാർത്ത:

"ദുർമൂർത്തിയെ -അതിനെ ആരാധിക്കുന്നത്- വർജിക്കുകയും അല്ലാഹുവിലേക്ക് വിനയത്തോടെ മടങ്ങുകയും ചെയ്തവരാരോ അവർക്കാണ് സന്തോഷവാർത്ത. അതിനാൽ എന്റെ ദാസൻമാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക. അതായത് വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്. അവർ തന്നെയാകുന്നു ബുദ്ധിമാൻമാർ" (39:17,18).

കേൾക്കുന്നതിനനുസരിച്ച് വിശ്വാസം വർധിക്കേണ്ടതുണ്ട്:

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ" (8:2).

ഉൽബോധനങ്ങൾ കേൾക്കുമ്പോൾ കരഞ്ഞു പോകുന്നവരും രോമാഞ്ചം കൊള്ളുന്നവരുമാണ് ഈമാൻ വർധിച്ചവർ:

"റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ. ഞങ്ങളുടെ രക്ഷിതാവ് സജ്ജനങ്ങളോടൊപ്പം ഞങ്ങളെ പ്രവേശിപ്പിക്കുവാൻ ഞങ്ങൾ മോഹിച്ച് കൊണ്ടിരിക്കെ, ഞങ്ങൾക്കെങ്ങനെ അല്ലാഹുവിലും ഞങ്ങൾക്ക് വന്നുകിട്ടിയ സത്യത്തിലും വിശ്വസിക്കാതിരിക്കാൻ കഴിയും? അങ്ങനെ അവരീ പറഞ്ഞത് നിമിത്തം അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ പ്രതിഫലമായി നൽകി. അവരതിൽ നിത്യവാസികളായിരിക്കും. സദ്‌വൃത്തർക്കുള്ള പ്രതിഫലമത്രെ അത്" (5:83-85).

"അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം..." (39:23).

അല്ലാഹുവും റസൂലും ഒരു കാര്യം പഠിപ്പിച്ചാൽ അത് പൂർണമായും സ്വീകരിക്കാൻ വിശ്വാസികൾക്ക് കഴിയണം:

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (33:36).

ഉൽബോധനങ്ങൾ ശ്രദ്ധിച്ച് കേൾക്കാനും ഉൾക്കൊള്ളാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാവട്ടെ.

സി.പി. സ്വലാഹുദ്ദീൻ സ്വലാഹി
sswalahi@gmail.com

ലേഖനം

# കാപട്യത്തെ സൂക്ഷിക്കുക

ഞാൻ സത്യവാനാണ്, ഞാൻ സന്മാർഗിയാണ്, ഞാൻ നിഷ്കളങ്കനും പരിശുദ്ധനുമാണ് എന്നെല്ലാം വരുത്തിത്തീർക്കാൻ വ്യഗ്രത കാട്ടുന്നവനാണ് മനുഷ്യൻ. എന്നാൽ അങ്ങനെ ആയിത്തീരുവാനുള്ള താൽപര്യം അവനില്ല. അതിനാൽ അതിനുവേണ്ടി പരിശ്രമിക്കുന്നുമില്ല. അങ്ങനെയാണെന്നു വരുത്തിത്തീർക്കാനുള്ള താൽപര്യമാണ് മുന്നിട്ടുനിൽക്കുന്നത്. പുറത്തുപറയുന്നതല്ല ഉള്ളിൽ കരുതുന്നത്. ചിരിക്കുന്നവൻ ചതിക്കുന്നു. സ്നേഹം ഭാവിക്കുന്നവൻ ഉള്ളിൽ പകവെച്ചു പുലർത്തുന്നു. ശോഭനമായ ഭാവിയിലേക്ക് വിരൽ ചൂണ്ടുന്നവൻ ഇരുളടഞ്ഞ ഭാവിയിലേക്ക് നയിക്കുന്നു. അതെ, കാപട്യം നിറഞ്ഞ മനസ്സുമായാണ് പലരും ജീവിക്കുന്നത്.

'മനുഷ്യരിൽ ഏറ്റവും കൊള്ളരുതാത്തവനായി നിങ്ങൾക്ക് കാണാൻ കഴിയുക ഇരുമുഖസ്വഭാവക്കാരനെയാണ്. അവൻ ഒരു വിഭാഗത്തെ ഒരു മുഖത്തോടും വേറൊരു വിഭാഗത്തെ മറ്റൊരു മുഖത്തോടും കൂടി സമീപിക്കുന്നു' എന്ന പ്രവാചകവചനം ശ്രദ്ധേയമാണ്.

സത്യവിശ്വാസി പരോപകാരിയാണെങ്കിൽ കപടവിശ്വാസി ഇതിനു വിപരീതമാണ്. ഞാൻ, എന്റെ വീട്, എന്റെ സ്വത്ത്, എന്റെ കുടുംബം എന്ന ചിന്തയിൽ നിന്ന് പിടിവിടാൻ അയാൾ തയ്യാറാവുകയില്ല. ഇവിടെ അതിരുകവിഞ്ഞ സ്വാർഥതയുടെ നിറപ്പകിട്ടുമാത്രമേയുള്ളു. സ്വാർഥത വർധിക്കുമ്പോൾ അത് പക്ഷപാതത്തിലേക്ക് വഴിമാറുന്നു. എന്റെ മാത്രം ശ്രേയസ്സ് എന്ന ചിന്ത വളരുമ്പോൾ കപടവിശ്വാസിക്ക് പക്ഷപാതിയാവാതെ തരമില്ല. ആരെയും ആവശ്യത്തിന് സ്തുതിക്കാനും അപകീർത്തിപ്പെടുത്താനും അയാൾ തയ്യാറാവുന്നു. സ്തുതിച്ചവരെ പിന്നീട് പുറം തള്ളാനും പരിഹരിസിച്ചവരെ പുകഴ്ത്താനും അയാൾ പഠിച്ചിരിക്കും. നനഞ്ഞ ഇടം നോക്കി നടക്കുന്നവനായിരിക്കും അയാൾ. കുഴിച്ച ഇടങ്ങളിലെ നനവ് വറ്റുമ്പോൾ നനഞ്ഞ മറ്റൊരിടം തേടും.

**തന്നത്തന്നെ വിശ്വാസമില്ലാത്തവർ**

മറ്റുള്ളവരോട് നുണ പറയുകയും വിശ്വാസവഞ്ചന കാട്ടുകയും മേനിനടിക്കുകയും ചെയ്യുന്നവർ സ്വന്തം മനസ്സിന്റെ വാതിലുകളും ജാലകങ്ങളും സ്വയം അടച്ചിടുകയാണ് ചെയ്യുന്നത്. മനസ്സിൽ അന്ധകാരമാണ് അവർ നിറക്കുന്നത്. മാറാലമൂടിയ ഹൃദയത്തിന് വെളിച്ചം കാണാനുള്ള ശേഷി കുറയുന്നു. അങ്ങനെ അയാളുടെ മനസ്സിന് സത്യത്തെ തിരിച്ചറിയാനാവാതെ വരുന്നു. മറ്റുള്ളവരിൽ സത്യമുണ്ടെന്ന് അയാൾ കരുതുന്നില്ല. ലോകം കപടമാണെന്നുതന്നെ അയാൾ കരുതുന്നു. എല്ലാറ്റിനെയും അയാൾക്ക്സംശയമായിരിക്കും. തന്നോടുതന്നെ അയാൾ സംശയാലുവാണ്!

ഇങ്ങനെ ഇരുളടഞ്ഞുപോകുന്ന മനസ്സിന് വല്ലപ്പോഴും കണ്ണിൽപെടുന്ന വെളിച്ചത്തെ സഹിക്കാൻ കഴിയുകയില്ല. മറ്റുള്ളവരുടെ നല്ല സംരംഭങ്ങൾ, സഹായങ്ങൾ തുടങ്ങിയവ മുടക്കാൻ കപടവിശ്വാസി മുൻനിരയിലുണ്ടായിരിക്കും. വലിയവരും പ്രതാപികളും തങ്ങളാണെന്ന് അവർ വിശ്വസിക്കുന്നു.

വിശ്വസിച്ചാൽ ചതിക്കുക. സംസാരിച്ചാൽ കളവ് പറയുക. കരാർ ചെയ്താൽ വഞ്ചിക്കുക. പിണങ്ങിയാൽ അസഭ്യം പറയുക. ഈ നാലു ലക്ഷണങ്ങൾ ഒരാളിൽ സമ്മേളിച്ചാൽ അയാൾ കറകളഞ്ഞ കപടവിശ്വാസിയാണ് എന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

"തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല" (4:145).

ഒരിക്കൽ യുദ്ധകാലത്ത് പ്രവാചകൻ(സ്വ) ബനൂസലമിലെ ജദ്ദ്ബ്നുഖൈസിനെ അരികിൽ വിളിച്ചു. പോരാട്ടത്തിൽ അയാളെകൂടി പങ്കെടുപ്പിക്കാൻ പ്രവാചകൻ ആഗ്രഹം പ്രകടിപ്പിച്ചു. കപടവിശ്വാസിയായിരുന്ന ജദ്ദ്ബ്നു ഖൈസ് യുദ്ധത്തിൽ നിന്ന് എങ്ങനെയെങ്കിലും മാറിനിൽക്കാൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു. ജദ്ദ്ബ്നുഖൈസ് പ്രവാചകരോട് ഇപ്രകാരം പറഞ്ഞു:

"തിരദൂതരേ! അങ്ങ് എന്നെ ഒഴിവാക്കിത്തന്നാലും എന്നെ കുഴപ്പത്തിലാക്കരുതേ. എന്റെ ഗോത്രക്കാർക്കെല്ലാം അറിയാവുന്നതുപോലെ ഞാനൊരു സ്ത്രീതൽപരനാണ്. ബൈസന്റയിൻ സ്ത്രീകളെ കണ്ടാൽ എനിക്ക് ക്ഷമവരില്ലെന്ന് ഞാൻ ഭയപ്പെടുന്നു."

യുദ്ധത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരു അടവ് പ്രയോഗിക്കുകയായിരുന്നു ജദ്ദ്ബ്നുഖൈസ്. സ്വന്തം കടമയിൽ നിന്ന് സത്യവിശ്വാസി ഒളിച്ചോടുകയില്ലെന്ന് ഓർക്കുക. പക്ഷേ, കപടവിശ്വാസി സത്യത്തോടും ധർമത്തോടും അടുക്കാൻ ഭയപ്പെടുന്നു. അതിൽ നിന്ന് രക്ഷപ്പെടാൻ കൂടുതൽ കളവുകൾ കെട്ടിച്ചമക്കാൻ അയാൾ നിർബന്ധിതനാവുന്നു.

സത്യവിശ്വാസത്തെ ആത്മാർഥമായി അംഗീകരിക്കാൻ തയ്യാറാവുകയാണ് കപടവിശ്വാസത്തിൽ നിന്ന് രക്ഷപ്പെടുവാനുള്ള വഴി. പൊയ്മുഖങ്ങളിൽ ജീവിക്കാതിരിക്കുക. ●

അബൂഫായിദ
mail@nerpatham.com



# വാർധക്യം ശാപമല്ല

**അബൂഹുറയ്റ ﵁ യിൽനിന്ന് നിവേദനം. നബി ﷺ പറഞ്ഞു: "വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗം നേടാൻ സാധിക്കാത്തവന് നാശം! അവന് നാശം! അവന് നാശം!" (മുസ്‌ലിം)**

വൃദ്ധൻ, വൃദ്ധ എന്നീ പദങ്ങൾ കേൾക്കുമ്പോൾ തന്നെ പല യുവതി- യുവാക്കളുടെയും നെറ്റി ചുളിയുന്ന കാലമാണിതെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. വൃദ്ധരായ മാതാപിതാക്കൾ പല മക്കൾക്കുമിന്ന് ശാപമാണ്, ഭാരമാണ്, വിഴുപ്പുഭാണ്ഡമാണ്. ചുക്കിച്ചുളിഞ്ഞ തൊലിയും കാഴ്ച മങ്ങിയ കണ്ണുകളും ഒട്ടും കേൾക്കാത്ത കാതുകളും അൾഷിമേഴ്സ് എന്ന ഓർമക്കുറവുമൊക്കെയായി ചുമച്ചുതുപ്പി വീട്ടിൻെറയൊരു മൂലയിൽ കൂനിക്കൂടിയിരിക്കുന്ന മനുഷ്യൻ തൻെറ മാതാവോ പിതാവോ ആയാലെന്ത്...അവലക്ഷണമല്ലേ! ആ നാശംപിടിച്ച ജന്തുവിനെ വീട്ടിൽനിന്നിറക്കി വീടു 'ക്ലീനാ'ക്കുവാൻ എന്തുണ്ട് മാർഗം? അതു ചിന്തിച്ച് തല പുണ്ണാക്കേണ്ട! അതിനാണ് വൃദ്ധസദനങ്ങൾ. അവിടെ അവരെ കൊണ്ടുപോയി തള്ളാം. മാസാമാസം നടത്തിപ്പുകാർക്ക്, നിശ്ചയിക്കപ്പെട്ട തുക അയച്ചുകൊടുത്താൽ മതി. മരിച്ചാൽ അവർ വിവരമറിയിക്കും. വേണമെങ്കിൽ പോയി കാണാം. എന്തൊരു സൗകര്യം, അല്ലേ?!

സ്നേഹമസൃണമായ പെരുമാറ്റവും വാത്സല്യത്തിൻെറ ഊഷ്മള സ്പർശവും അനിവാര്യമായ ഘട്ടത്തിൽ മക്കളിൽ നിന്ന് അവഗണനയും പരിഹാസവും മാത്രം ലഭിക്കുന്ന മാതാപിതാക്കളുടെ നെഞ്ചിൻെറയുള്ളിലെ വേദന വിവരണാതീതമാണ്. തന്നെ പെറ്റു വളർത്തിയ മാതാവ്; തനിക്കു വേണ്ടി ആരോഗ്യവും ആയുസ്സും വിനിയോഗിച്ച് തന്നെ ഉന്നതനിലയിലെത്തിച്ച പിതാവ്; അവരെ ചവിട്ടിപ്പുറത്താക്കുന്ന സന്താനം ചെയ്യുന്നത് എന്തുമാത്രം വലിയ പാതകമല്ല!

മാതാപിതാക്കളോടുള്ള കടമകളെ ഇസ്‌ലാം വളരെ ഗൗരവകരമായാണു കാണുന്നത്. അതിൽ വീഴ്ച വരുത്തുന്നവർക്കു നാശമാണെന്നു പറഞ്ഞ പ്രവാചകൻ, അവരോടുള്ള കടമകൾ നിറവേറ്റുന്നത് സ്വർഗപ്രവേശം സുസാധ്യമാക്കുമെന്നുകൂടി നമ്മെ പഠിപ്പിക്കുന്നു.

മാതാപിതാക്കൾക്കു നന്മ ചെയ്യണമെന്നു മാത്രമല്ല, അവരോടുള്ള സംസാരവും പെരുമാറ്റവുമെല്ലാം മാന്യമായ നിലയ്ക്കായിരിക്കണമെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു:

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ അവരിൽ രണ്ടുപേരും തന്നെയോ നിൻെറയടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോടു നീ 'ഛെ' എന്നു പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോടു നീ മാന്യമായ വാക്കു പറയുകയും ചെയ്യുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവരിരുവർക്കും താഴ്ത്തിക്കൊടുക്കുക. എൻെറ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോടു നീ കരുണ കാണിക്കേണമേ എന്നു നീ പ്രാർഥിക്കുകയും ചെയ്യുക" (17: 23,24).

മാതാപിതാക്കൾ അന്യമതക്കാരാണെങ്കിലും ആദർശവിശുദ്ധി കാത്തുസൂക്ഷിച്ചുകൊണ്ട് അവരോടുള്ള കടമകൾ നിറവേറ്റണമെന്നും വൃദ്ധരായ മാതാപിതാക്കൾക്കു ചെയ്യുന്ന സേവനം ദൈവമാർഗത്തിലുള്ള പലായനത്തെക്കാളും ധർമസമരത്തെക്കാളും ഉത്തമമാണെന്നും അവരുടെ തൃപ്തിയിലാണ് അല്ലാഹുവിൻെറ തൃപ്തിയെന്നും അവരുടെ കോപത്തിലാണ് അല്ലാഹുവിൻെറ കോപമെന്നും കാരുണ്യത്തിൻെറ മതമായ ഇസ്‌ലാം വ്യക്തമാക്കുന്നു.

ഒരു മനുഷ്യൻ പ്രവാചകസന്നിധിയിൽ വന്നുകൊണ്ട് 'എന്റെ മെച്ചപ്പെട്ട സഹവാസത്തിന് ഏറ്റവും അർഹൻ ആരാണെ'ന്ന് ചോദിച്ചപ്പോൾ പ്രവാചകന്റെമറുപടി 'നിന്റെ മാതാവ്' എന്നായിരുന്നു. മൂന്നുതവണ ആവർത്തിച്ചു ചോദിച്ചപ്പോഴും ഇതായിരുന്നു മറുപടി. നാലാം തവണ ചോദിച്ചപ്പോഴാണ് 'നിന്റെ പിതാവ്' എന്നു മറുപടി പറഞ്ഞത്. നൊന്തുപ്രസവിച്ചു വളർത്തിയ മാതാവിനോട് കൂടുതൽ കടപ്പാടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. പിതാക്കളോട് വെറുപ്പുകാണിക്കുന്നത് നന്ദികേടാണെന്നും നബി ﷺ മുന്നറിപ്പു നൽകിയിട്ടുണ്ട്. വാർധക്യം തന്നെയും പിടികൂടുമെന്ന ചിന്തയെങ്കിലുമുള്ളവർ വൃദ്ധരായ മാതാപിതാക്കളെ വെറുക്കില്ല, തീർച്ച.

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# നജീബിന്റെ ഉമ്മയും ജിഷ്ണുവിന്റെ അമ്മയും

മക്കൾ നഷ്ടപ്പെട്ട അമ്മമാരുടെ കണ്ണീരിൽ കുതിർന്ന് കിടക്കുകയാണ് നമ്മുടെ കലാലയങ്ങൾ. നെഹ്‌റു കോളജ് വിദ്യാർഥി ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയാണ് ഇപ്പോൾ വാർത്തകളിൽ നിറഞ്ഞ് നിൽക്കുന്നത്. മകന്റെ വേർപാടിൽ വിതുമ്പുന്ന സ്ത്രീയെ നടുറോഡിലിട്ട് വലിച്ചിഴച്ചത് ഏറെ വിവാദങ്ങൾക്ക് വഴി തുറന്നിരിക്കുകയാണ്. എല്ലാം നഷ്ടപ്പെട്ടവർക്ക് ഒന്ന് പ്രതിഷേധിക്കാൻ പോലുമുള്ള അവകാശം നിഷേധിക്കുന്ന തരത്തിലേക്ക് തലൈവൻമാർ അഹന്തയുള്ളതായി മാറുന്നത് അത്ര പന്തിയല്ല. പരാതിയുമായി വന്നവരെ പരിഗണിക്കുക പോലും ചെയ്യാതെ പടിക്കു പുറത്ത് നിർത്തി എന്ന് മാത്രമല്ല, പൊലീസുകാരിട്ട് പെരുമാറുക കൂടി ചെയ്ത സംഭവം മലയാളികൾ ഏറെ ഗൗരവത്തോടെയാണ് കാണുന്നത്.

സംഭവം അറിഞ്ഞ ഉടൻ പ്രതികരിക്കാൻ തയ്യാറായ വി.എസ് അച്യുതാനന്ദനും, എം.എ ബേബിയും ഭരണപക്ഷത്തിന്റെ ജനകീയമുഖം സംരക്ഷിക്കാൻ പാടുപെടുന്നു എന്നുള്ളതിൽ നേരിയ പ്രതീക്ഷയുണ്ട്.

ഉദ്യോഗസ്ഥന്മാർ ഭരണകൂടത്തേക്കാൾ ഒരുപടി മുന്നിൽ നിൽക്കുന്ന അവസ്ഥ ഒരിക്കലും ജനാധിപത്യ സംവിധാനത്തിൽ ഗുണകരമാവുകയില്ല.

ദില്ലി ജവഹർലാൽ നെഹ്‌റു സർവകലാശാലയിൽ ദുരൂഹസാഹചര്യത്തിൽ അപ്രത്യക്ഷനായ നജീബിന്റെ ഉമ്മയെ കുറിച്ച് വിലപിച്ചവരും കുടുംബാംഗങ്ങളുടെ കൂടെ നിന്ന് കരയാനും കൊടിപിടിക്കാനും മുന്നിൽ നിന്നവരൊക്കെ ഇവിടെ കേരളത്തിലെത്തി പാമ്പാടി നെഹ്‌റു കോളജ് സംഭവത്തിൽ നിശബ്ദത പാലിക്കുന്നത് കാണുമ്പോൾ വാളയാർ അതിർത്തി കടന്നാൽ പുറത്തെടുക്കാൻ മാത്രമുള്ളതാണോ പ്രതികരണബോധമെന്ന് തോന്നിപ്പോവുകയാണ്.

മുമ്പൊരിക്കൽ ഡി.ജി.പി ഓഫീസിന്റെ മുന്നിൽ സമരം ചെയ്യാൻ വന്നവർക്ക് ഷെഡ് കെട്ടി കൊടുത്ത് തണലൊരുക്കിയും കസേര ഓർഡർ ചെയ്ത് ഇരിപ്പിടം തയ്യാർ ചെയ്തും സമയാസമയം ദാഹജലം വിതരണം ചെയ്തും മാതൃക കാണിച്ച വെങ്കിടാചലമടക്കമുള്ള ഉദ്യോഗസ്ഥൻമാർ ഇരുന്നിടത്താണ് നിലവിലുള്ള ഡി.ജി.പി ലോക്‌നാഥ് ബെഹ്‌റ സ്വേഛാധിപത്യ രീതി സ്വീകരിക്കുന്നത് എന്നാണ് സി.പി.ഐ നേതാവ് കാനം രാജേന്ദ്രൻ ചൂണ്ടിക്കാട്ടിയത്. പൊലീസ് സ്റ്റേഷന് മുമ്പിൽ ആവാമെങ്കിൽ എന്തുകൊണ്ട് പൊലീസ് ആസ്ഥാനത്ത് സമരം നടത്തിക്കൂടാ എന്ന് ചോദിച്ചു കൊണ്ടാണ് സി.പി.ഐ(എം) പോളിറ്റ് ബ്യൂറോ അംഗം എം.എ ബേബി രംഗത്ത് വന്നത്. ജിഷ്ണുവിന്റെ മരണത്തിന് ഉത്തരവാദികളെന്ന് പറയപ്പെടുന്നവർ നിയമപരിലാനയോടെ സുഖമായി വിലസുമ്പോൾ മൂന്നു മാസം പിന്നിട്ടിട്ടും പ്രതികളെ പിടികൂടാത്തതിലുള്ള വേദനയും വേവലാതിയും പങ്കുവെക്കാൻ വന്ന അമ്മയോട് ചെയ്ത നടപടി ഇടതു സർക്കാറിന് ചേരാത്ത പണിയായിപ്പോയി എന്ന് പ്രതികരിച്ച് കൊണ്ടാണ് വളരെ നേരത്തെ മുഹമ്മദ് മുഹ്‌സിൻ എം.എൽ.എ പ്രതികരിച്ചത്.

കേരളീയസമൂഹം ഏറെ പ്രതീക്ഷയോടെ വൻ ഭൂരിപക്ഷം നൽകി അധികാരമേറ്റിയ ഒരു ഭരണകൂടം, പ്രവർത്തിച്ചു തുടങ്ങുമ്പോൾ എല്ലാം ശരിയാകും എന്നാണ് എല്ലാവരും പ്രതീക്ഷിച്ചത്. അത്തരം കാര്യങ്ങളിൽ ആരംഭ ഘട്ടങ്ങളിൽ ശക്തമായ നിലപാട് പ്രകടിപ്പിച്ച് മുഖ്യമന്ത്രി പ്രതീക്ഷക്കൊത്ത് ഉയരുകയും ചെയ്തിരുന്നതാണ്. അതിനിടയിലാണ് ചില ഭരണപരമായ പാളിച്ചകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. വിശിഷ്യാ, ആഭ്യന്തര വകുപ്പും പോലീസുദ്യോഗസ്ഥരും സ്വീകരിച്ച പല വിഷയങ്ങളും വിവാദമായിരിക്കുകയാണ്. ഭീകരതയുടെ മറവിലുള്ള മുസ്‌ലിംവേട്ടയും ന്യൂനപക്ഷങ്ങളോട് കാണിക്കുന്ന ഇരട്ടത്താപ്പും കൊടിഞ്ഞി വധക്കേസിൽ കാണിച്ച നിലപാടിലെ സത്യസന്ധതയില്ലായ്മയും പൊലീസ് ഉദ്യോഗസ്ഥരെ സംശയത്തിന്റെ നിഴലിലാക്കിയിരിക്കുകയാണ്.

ജിഷ്ണുവിന്റെ അമ്മയുടെ കണ്ണിൽ നിന്ന് ഉറവ പൊട്ടിയ ഉപ്പുജലം പ്രതിഷേധത്തിന്റെ പുഴയായി, വലിയ സാഗരമായി കേരളത്തിൽ അലയടിച്ചു കൊണ്ടിരിക്കുകയാണ്.

വൃദ്ധ സചിവന്റെ തേൻകെണി കേസിൽ ബന്ധപ്പെട്ട മുഴുവൻ മാധ്യമ പ്രവർത്തകരെയും അകത്തിടാൻ കാണിച്ച വീര്യത്തിന്റെ ഒരു ശതമാനം ശുഷ്കാന്തി ജിഷ്ണുക്കേസിൽ ഉണ്ടായിരുന്നെങ്കിൽ, കേവലമൊരമ്മയുടെ കണ്ണുനീരിനു മാത്രമല്ല കേരളത്തെ ഗ്രസിച്ചു കൊണ്ടിരിക്കുന്ന സ്വാശ്രയ ഗുണ്ടാ താൽപര്യങ്ങളെ അറുതി വരുത്താൻ വരെ സാധിക്കുമായിരുന്നു എന്നാണ് പറയാനുള്ളത്.

അങ്ങ് ദൂരെ ദില്ലിയിലെ നെഹ്‌റു സർവകലാശാലയിലെ നജീബിന്റെ ഉമ്മയുടെ കണ്ണുനീരിലും ഇങ്ങ് സ്വന്തം മൂക്കിന് താഴെ നെഹ്‌റു കോളജിലെ ജിഷ്ണുവിന്റെ അമ്മയുടെ അശ്രുകണത്തിലും കലങ്ങിയിട്ടുള്ള ഉപ്പിന്റെയും അനുബന്ധ പദാർഥങ്ങളുടെയും അളവിലുള്ള വ്യത്യാസം ഏത് ലാബിൽ വെച്ചാണ് പരിശോധിച്ച് രണ്ടും രണ്ടായി തോന്നിത്തുടങ്ങിയത്. ആ പരീക്ഷണശാല അടിയന്തര സ്വഭാവത്തിൽ ഒരു മുന്നറിയിപ്പും കൂടാതെ അടച്ചുപൂട്ടിയിട്ടില്ലെങ്കിൽ നാം ജീവിക്കുന്ന നാടും നൻമയുടെ നിലാവും അധികം വൈകാതെ നഷ്ടപ്പെട്ടു പോകുമെന്നുള്ളതിൽ ഒരു സംശയവും വേണ്ട.

# പീസ് റേഡിയോ ഒന്നാം വർഷത്തിലേക്ക്...




24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 15 April 2017

Reg NO: KL/CT/225/2016-18
Price: ₹10/-

ഖുർആൻ പഠനത്തോടൊപ്പം പുതുതലമുറയുടെ ധാർമികസംസ്കരണം ലക്ഷ്യമിട്ട്, തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച മതപഠന സംരംഭമാണ് സ്കൂൾ ഓഫ് ഖുർആൻ. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ ജാമിഅ അൽ ഹിന്ദിന്റെ മേൽനോട്ടത്തിൽ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും, അഞ്ചാം ക്ലാസ്സിന് ശേഷം പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെയിൻ ക്യാമ്പസിലുള്ള റസിഡൻഷ്യൽ സ്കൂളിലൂടെയും പൂർത്തീകരിക്കുന്ന ലോംഗ് ടേം കോഴ്സാണിത്. ക്രിയാത്മകമായ പരിശീലനം സിദ്ധിച്ച വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പുതിയ ബാച്ചിന് തുടക്കം കുറിച്ചിരിക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു...

جامعة الهند الإسلامية

School Of Qur'an

## സ്കൂൾ ഓഫ് ഖുർആൻ

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

**അപേക്ഷ സ്വീകരിക്കുന്ന
അവസാന തീയതി
2017 മെയ് 14**

ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
പ്രവേശനം നാലര മുതൽ അഞ്ചര വയസ്സ് വരെയുള്ളവർക്ക്...

### സെന്ററുകൾ

കാസറഗോഡ്: 9995492188 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9447624148 | തിരൂർ: 9633099992
പരപ്പനങ്ങാടി: 9947299449 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9645788599 | ആറ്റിങ്ങൽ: 9497714521

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus
Mini Ootty | Oorakam | Malappuram | Kerala | India | PIN 676519
PIN 676519 | PH: +91 8606788882 | www.schoolofquran.in | mail@schoolofquran.com | Follow us: